
തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്



പൗരാവകാശ രേഖ
2026

തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്
ഇടുക്കി ജില്ല

കേരള പഞ്ചായത്ത് രാജ് നിയമം
വകുപ്പ് 272 പ്രകാരം പ്രസിദ്ധീകരിക്കുന്നത്

12.03.2026 തീയതിയിലെ സാധാരണ യോഗം
തീരുമാനം നം.6(2) പ്രകാരം ബ്ലോക്ക് പഞ്ചായത്ത്
പൗരാവകാശ രേഖ 2026 അംഗീകരിച്ച് തീരുമാനിച്ചു



രാഷ്ട്രത്തിന്റെ പിതാവും – വഴികാട്ടിയും

"ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണ്"

– മഹാത്മാഗാന്ധി

ഉള്ളടക്കം

1. സമർപ്പണം
2. പ്രസ്താവന
3. പൊതുവിവരങ്ങൾ
4. ഭരണസമിതി, ജനപ്രതിനിധികൾ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്
5. ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാർ
6. ബ്ലോക്ക് പഞ്ചായത്തിന്റെ സ്ഥാപനങ്ങൾ
7. ബ്ലോക്ക് പഞ്ചായത്ത് ഭൂപടം
8. ബ്ലോക്ക് പഞ്ചായത്ത് ഉത്തരവാദിത്വവും, ചുമതലകളും
9. പഞ്ചായത്തംഗങ്ങളുടെ അവകാശവും ഉത്തരവാദിത്വവും
10. സ്ഥാപനമാനേജ്മെന്റ് കമ്മിറ്റികൾ/സെക്രട്ടറിയുടെ ഉത്തരവാദിത്വങ്ങൾ
11. ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് സംവിധാനം
12. പൗരധർമ്മവും ഉത്തരവാദിത്വങ്ങളും
13. അറിയുവാനുള്ള അവകാശം, വിവരാവകാശനിയമം
14. തദ്ദേശസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ
15. തദ്ദേശസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ
16. പരാതിപരിഹാര സംവിധാനങ്ങളും തുടർപ്രവർത്തനങ്ങളും

സമർപ്പണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുഭരണം സുതാര്യമാക്കുവാനും പൗരൻമാർക്ക് ലഭിക്കേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാകുമെന്ന് ഉറപ്പുവരുത്തുന്നതിനുംവേണ്ടിയാണ് പൗരാവകാശരേഖ പ്രസിദ്ധീകരിക്കുന്നത്.

ഗ്രാമവികസനം, കൃഷി, ക്ഷീരവികസനം, പട്ടികജാതി വികസനം, ശിശുവികസനം, ആരോഗ്യം, പൊതുമരാമത്ത് തുടങ്ങി ബ്ലോക്ക്പഞ്ചായത്തുമായി ബന്ധപ്പെട്ട വകുപ്പുകൾവഴി ലഭ്യമായസേവനങ്ങൾ ജനങ്ങളെ പരിചയപ്പെടുത്തുവാനുള്ള ശ്രമങ്ങൾ ഇതിലൂടെ നടത്തിയിരിക്കുന്നു. രേഖയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ പ്രവർത്തിപഥത്തിൽ എത്തിക്കുന്നതിന് ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും സർവ്വോപരി പൊതുജനങ്ങളുടേയും കൂട്ടായ്മ അനിവാര്യമാണ്. എല്ലാവരുടേയും ക്രിയാത്മക സഹകരണം പ്രതീക്ഷിച്ചുകൊണ്ട് ഈ പൗരാവകാശരേഖ പൊതുജനസമക്ഷം വിനയപൂർവ്വം സമർപ്പിക്കുന്നു.

വിശ്വാസപൂർവ്വം

മുഹമ്മദ് അൻഷാദ്
പ്രസിഡന്റ്
തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്

പ്രസ്താവന

കേരള പഞ്ചായത്ത് രാജ് ആക്ട് 272 എ വകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ചിരിക്കുന്ന പൗരാവകാശരേഖയിൽ കാണിച്ചിരിക്കുന്ന സേവനങ്ങൾ അതാതിനുനേരേ കാണിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ പൗരന്മാർക്ക് നൽകുവാൻ പഞ്ചായത്ത് ബാധ്യസ്ഥമാണ്.

ഏതെങ്കിലും പൗരന് ഈ രേഖയിൽകാണിച്ച പ്രകാരം നിശ്ചിതസമയപരിധിക്കകം സേവനം ലഭിക്കാത്തപക്ഷം പ്രസിഡന്റിനോ, സെക്രട്ടറിക്കോ നേരിട്ടോ ഫോൺവഴിയോ, കത്തുവഴിയോ പരാതിബോധിപ്പിക്കാവുന്നതാണ്. പരാതികളിന്മേൽ ഉടൻനടപടി സ്വീകരിക്കുന്നതും, പരിഹാരം കാണുന്നതും ആ വിവരം ബന്ധപ്പെട്ട വ്യക്തിയെ അറിയിക്കുന്നതുമാണ്. കൂടാതെ, ജനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ, അറിയാനുള്ള അവകാശനിയമപ്രകാരം നിയോഗിക്കപ്പെട്ടിട്ടുള്ള അധികാരികൾ എന്നിവർക്ക് പരാതിനൽകാവുന്നതാണ്. പരാതികൾ പൂർണ്ണമായും ഒഴിവാക്കി ജനങ്ങൾക്ക് എല്ലാവർക്കുമെച്ചപ്പെട്ട പൗരസേവനം ഏറ്റവും എളുപ്പത്തിൽ ഏറ്റവും കുറഞ്ഞസമയത്തിൽ എത്തിക്കുക എന്ന ലക്ഷ്യമാണ് ഈ രേഖപ്രസിദ്ധീകരിക്കുന്നതിൽ ഉള്ളത്. ഏവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

എന്ന്,

ബിന്ദു സി. എൻ
സെക്രട്ടറി
തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്

പൊതുവിവരങ്ങൾ

സംസ്ഥാനം	–	കേരളം
ജില്ല	–	ഇടുക്കി
താലൂക്ക്	–	തൊടുപുഴ
ആസ്ഥാനം	–	കോലാനി
അസംബ്ലി മണ്ഡലം	–	തൊടുപുഴ
ലോകസഭാമണ്ഡലം	–	ഇടുക്കി
ജില്ലാ പഞ്ചായത്ത് ഡിവിഷൻ	–	കരിങ്കുന്നം, കരിമണ്ണൂർ, വണ്ണപ്പുറം
വിസ്തൃതി	–	129.35 ചതുരശ്ര കിലോമീറ്റർ
കിഴക്ക്	–	ഇളംദേശം ബ്ലോക്ക് പഞ്ചായത്ത്
തെക്ക്	–	കോട്ടയം ജില്ല
പടിഞ്ഞാറ്	–	എറണാകുളം ജില്ല
വടക്ക്	–	എറണാകുളം ജില്ല
ആകെ ജനസംഖ്യ	–	79430
സ്ത്രീകൾ	–	39747
പുരുഷൻമാർ	–	39683

തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്

ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ

ഗ്രാമ പഞ്ചായത്ത്	ഡിവിഷൻ നം.	ഡിവിഷന്റെ പേര്	അംഗങ്ങളുടെ പേര്	മൊബൈൽ നം
കുമാരമംഗലം	1	ഏഴല്ലൂർ	ജോസ് കുട്ടി ജോസഫ്	9961945330
	2	കുമാരമംഗലം	ബീമ അനസ്	9446608552
	3	മൈലക്കൊമ്പ്	അമിന സണ്ണി	7025073442
ഇടവെട്ടി	4	ഇടവെട്ടി	മേരി ജോൺ പുതുശ്ശേരിൽ	9495078861
	5	**തെക്കുംഭാഗം**	**മുഹമ്മദ് അൻഷാദ് (പ്രസിഡന്റ്)**	**7025885968**
മുട്ടം	6	മാത്തപ്പാറ	ചിഞ്ചു റോജിൻ ചൊറിയമ്മാക്കൽ	7025371524
	7	മുട്ടം	ജോസിൽ സെബാസ്റ്റ്യൻ തേക്കുംകാട്ടിൽ	8075121241 9947949412
കരിങ്കുന്നം	8	ശ്രാല	തോമസ് കെ കെ	9447149505
	9	കരിങ്കുന്നം	ബേബിച്ചൻ കെ അബ്രഹാം	9446932463 9961451765
പുറപ്പുഴ	10	പുറപ്പുഴ	ഹരിദാസ്	9656446275
	11	ശാന്തിഗിരി	റോസ്‌ലി ബിനോയ്	9946474897
	12	**വഴിത്തല**	**റ്റിസി ജോബ് (വൈസ് പ്രസിഡന്റ്)**	**9495601743**
മണക്കാട്	13	മണക്കാട്	പ്രമോദ് ബാബു	9961874959
	14	അരിക്കുഴ	ഷൈനി ഷാജി ആർപ്പത്താനത്ത്	9497310650

നിർവ്വഹണ ഉദ്യോഗസ്ഥർ

ക്രമ നമ്പർ	ഓഫീസിന്റെ പേര്	തസ്തിക	നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര്	ഫോൺ നമ്പർ
1	ബ്ലോക്ക് പഞ്ചായത്ത്	സെക്രട്ടറി	ബിന്ദു സി.എൻ	9446871112
2	സാമൂഹ്യ ആരോഗ്യ കേന്ദ്രം പുറപ്പുഴ	മെഡിക്കൽ ഓഫീസർ	ഡോ.രേഖ ശ്രീധർ	8592976824
3	സാമൂഹ്യ ആരോഗ്യ കേന്ദ്രം പുറപ്പുഴ	മെഡിക്കൽ ഓഫീസർ	ഡോ.പ്രിൻസ് കെ. മറ്റം,	8848015022
4	എൽ.ഐ.ഡി & ഇ. ഡബ്ല്യു തൊടുപുഴ ബ്ലോക്ക്	അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ	ശ്രീകല എം ചന്ദ്രൻ	9447917867
5	എൽ.ഐ.ഡി & ഇ. ഡബ്ല്യു തൊടുപുഴ ബ്ലോക്ക്	അസിസ്റ്റന്റ് എഞ്ചിനീയർ	സൂരജ് വി.എസ്.	9495789184
6	ശിശുവികസന പദ്ധതി ഓഫീസ്	ശിശുവികസന പദ്ധതി ഓഫീസർ	ബിന്ദു ബി.എ	8547357395
7	ഓഫീസ് ഓഫ് അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ	അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ	ആര്യാംബ റ്റി.ജി,	9605297550
8	വ്യവസായ വികസന ഓഫീസ്	വ്യവസായ വികസന ഓഫീസർ	നുസൈബ പി.എം.	9446883191
9	ഡയറി എക്സ്റ്റെൻഷൻ ഓഫീസ്	ഡയറി എക്സ്റ്റെൻഷൻ ഓഫീസർ	ജാസ്മിൻ സി.എ	9495601876
10	പട്ടികജാതി വികസന ഓഫീസ്	പട്ടികജാതി വികസന ഓഫീസർ	സജിത ഡി	9496755304
11	പട്ടികവർഗ്ഗ വികസന ഓഫീസ്	പട്ടികവർഗ്ഗ വികസന ഓഫീസർ	ലിജി.കെ.ഡി	9497794727

ഗ്രാമപഞ്ചായത്തുകൾ

ക്രമ നമ്പർ	ഗ്രാമപഞ്ചായത്തിന്റെ പേര്	പ്രസിഡന്റിന്റെ പേര്	ഫോൺ നമ്പർ
1	ഇടവെട്ടി	മുഹമ്മദ് അമീർ	9447794843
2	കരിങ്കുന്നം	ഷൈനി ജോമോൻ	9846090311
3	കുമാരമംഗലം	ജോബി മാത്യു	8281361459
4	മണക്കാട്	വൽസ ജോൺ	9495254125 9496045102 (Off)
5	മുട്ടം	ടെസ്സി സതീഷ്	9544390921
6	പുറപ്പുഴ	ബബിത രവി	8547812274

സ്റ്റാന്റിംഗ് കമ്മറ്റികൾ

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗങ്ങൾ		
1	റ്റിസി ജോബ് (വൈസ് പ്രസിഡന്റ്) - ചെയർപേഴ്സൺ	9495601743
2	മേരി ജോൺ പുതുശ്ശേരിൽ	9495078861
3	പ്രമോദ് ബാബു	9961874959
4	ജോസിൽ സെബാസ്റ്റ്യൻ തേക്കുംകാട്ടിൽ	8075121241 9947949412
വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗങ്ങൾ		
1	ജോസ് കുട്ടി ജോസഫ് ചെയർമാൻ	9961945330
2	ചിഞ്ചു റോജിൻ ചൊറിയമ്മാക്കൽ	7025371524
3	ഹരിദാസ്	9656446275
ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗങ്ങൾ		
1	ഷൈനി ഷാജി ആർപ്പത്താനത്ത് ചെയർപേഴ്സൺ	9497310650
2	ബേബിച്ചൻ കെ അബ്രഹാം	9446932463 9961451765
3	അമിന സണ്ണി	7025073442
ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി അംഗങ്ങൾ		
1	തോമസ് കെ കെ ചെയർമാൻ	9447149505
2	റോസ്‌ലി ബിനോയ്	9946474897
3	ബീമ അനസ്	9446608552

ഓഫീസ് ജീവനക്കാർ

നമ്പർ	പേര്	തസ്തിക	ഫോൺ
1	ബിന്ദു സി.എൻ.	സെക്രട്ടറി/ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ	9495874075
2	സിയാദ് റ്റി.ഇ.	അസി.സെക്രട്ടറി/ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ	9446400538
3	ജോമി മാത്യു	സീനിയർ എക്സ്റ്റൻഷൻ ഓഫീസർ	7012687105
4	ഹരികൃഷ്ണൻ സി.ബി.	സീനിയർ എക്സ്റ്റൻഷൻ ഓഫീസർ	9446608977
5	സജീവ് എ. എൻ	സീനിയർ എക്സ്റ്റൻഷൻ ഓഫീസർ	9496448125
6	മഞ്ജു റ്റി.ജി.	സീനിയർ എക്സ്റ്റൻഷൻ ഓഫീസർ	9526759446
8	എൽദോ ജോസഫ്	സീനിയർ എക്സ്റ്റൻഷൻ ഓഫീസർ/ഹെഡ് അക്കൗന്റ്	9497823862
9	കണ്ണൻ റ്റി.കെ.	സീനിയർ ക്ലാർക്ക്	9809817908
10	ബിനു കൃഷ്ണൻകുട്ടി	സീനിയർ ക്ലാർക്ക്	9605004482
11	സൗമ്യശ്രീ കെ.എൻ	സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്	9544581671
12	ജാഫർഖാൻ കെ.എസ്.	ക്ലർക്ക്	9447877161
13	ബോബി റ്റി ജോർജ്ജ്	ക്ലർക്ക്	9447715939
14	മഞ്ജുഷ പി.കെ.	എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I	9895989628
15	ബബു കെ.വി.	എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I	9496276385
17	ഫൈസൽ	എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I	9496016806
18	ദീപ്തി.പി.വി	എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I	8075955195
19	ഉനൈസ് റ്റി.എസ്	എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I	9037640858
20	ശരത്.സി.എം	എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I	9496339680
21	നീന ബി	എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I	9747923045
22	ജിൻസി തോമസ്	എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I	9497356075
23	ലസീല റ്റി.എസ്.	എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I	9446871308
24	അനിശ്രീ പി. നായർ	എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II	8078078748
25	ജയലക്ഷ്മി ബി. നായർ	എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II	8281446810
26	ജോബിൻ എൻ.	എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II	9847588819
27	നവാസ് കെ.എസ്	ഡ്രൈവർ ഗ്രേഡ് 1	9656765987
28	ബിജി പി.ജി.	ഓഫീസ് അറ്റൻഡന്റ്	9400733659
29	സൂര്യ ഉണ്ണികൃഷ്ണൻ	ഓഫീസ് അറ്റൻഡന്റ്	8281086426
30	സിനി.കെ.ആർ	പി.റ്റി.എസ്	9495056824
31	അമ്മിണി പരമേശ്വരൻ	കാഷ്വൽ സ്വീപ്പർ	9947793436
32	സുജ കെ.എൻ	MGNREGA അ ക്ക ൗ ന്റ്	9446881497
33	തോമസ് വി പോൾ	MGNREGA അസി.എഞ്ചിനീയർ	991741892
34	ജോൺവിൻ സണ്ണി	പ്രോജക്ട് അസിസ്റ്റന്റ്	9746051890
35	ചിത്ര അജിത്ത്	ആർ.ജി.എസ്.എ കോ-ഓർഡിനേറ്റർ	8129494472
36	ജിഷ ജോസഫ്	IKM ടെക്നിക്കൽ അസിസ്റ്റന്റ്	9446077604
37	ജിൻസി ടോമി	വിജ്ഞാനകേരളം ഇന്റേൺ	7034367879
38	ആഷിഫ എ	Thematic Expert (KILA)	81398562988
39	അലീന	ഹരിതകേരളം ബ്ലോക്ക് കോ-ഓർഡിനേറ്റർ	9496514648
40	ഷൈനീസ് സ്കറിയ	ശുചിത്വമിഷൻ ബ്ലോക്ക് റിസോഴ്സ് പേഴ്സൺ	

ബ്ലോക്ക് പഞ്ചായത്ത് സ്ഥാപനങ്ങൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	മേൽവിലാസം	ഫോൺ നമ്പർ	പ്രവർത്തി സമയം
1.	തൊടുപുഴ ബ്ലോക്ക് പഞ്ചായത്താഫീസ്	കോലാനി	0486222264	10 am to 5 pm
2.	കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്	സിവിൽ സ്റ്റേഷൻ തൊടുപുഴ		10 am to 5 pm
3.	ക്ഷീര വികസന ഓഫീസ്	തൊടുപുഴ ബ്ലോക്ക് ഓഫീസ് കോമ്പൗണ്ട്, കോലാനി	0486226309	10 am to 5 pm
4.	വ്യവസായ വികസന ഓഫീസ്	സിവിൽ സ്റ്റേഷൻ തൊടുപുഴ		10 am to 5 pm
5.	പട്ടികജാതി വികസന ഓഫീസ്	തൊടുപുഴ ബ്ലോക്ക് ഓഫീസ് കോമ്പൗണ്ട്, കോലാനി		10 am to 5 pm
6.	സംയോജിത ശിശു വികസന പദ്ധതി ഓഫീസ്	തൊടുപുഴ ബ്ലോക്ക് ഓഫീസ് കോമ്പൗണ്ട്, കോലാനി		10 am to 5 pm
7.	സാമൂഹ്യ ആരോഗ്യ കേന്ദ്രം മുട്ടം	മുട്ടം		10 am to 5 pm
8.	സാമൂഹ്യ ആരോഗ്യ കേന്ദ്രം പുറപ്പുഴ	പുറപ്പുഴ		10 am to 5 pm
9.	എൽ.ഐ.ഡി & എഞ്ചിനീയറിംഗ് വിഭാഗം	തൊടുപുഴ ബ്ലോക്ക് കൊമ്പൗണ്ട് കോലാനി	04822224142	10 am to 5 pm
10.	ബ്ലോക്ക്തല നോഡൽ സാക്ഷരതാ കേന്ദ്രം	പുറപ്പുഴ ഗ്രാമ പഞ്ചായത്ത്		10 am to 5 pm
11.	പട്ടികവർഗ്ഗ വികസന ഓഫീസ്	പൂമാല		10 am to 5 pm

തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് - ഭൂപടം



തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്

പൗരാവകാശ രേഖ 2026

ഉത്തരവാദിത്വവും ചുമതലകളും

കേരളപഞ്ചായത്ത് രാജ് ആക്ടിലെ 172-ാം വകുപ്പനുസരിച്ച് ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള സ്ഥാപനങ്ങളുടെ പരിപാലനത്തിനും, ബ്ലോക്ക് പ്രദേശത്തുള്ള ജനങ്ങളുടെ സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും, ആക്ടിലെ IV-ാം (എ) പൊതുവായ ചുമതലകൾ (ബി) മേഖലാ അടിസ്ഥാനത്തിലുള്ളവ എന്നിങ്ങനെ വിഭജിച്ചു കൊണ്ട് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ചുമതലകൾ നൽകിയിരിക്കുന്നു.

എ. പൊതുവായ ചുമതലകൾ

1. ബ്ലോക്ക് തലത്തിൽ സർക്കാർ-സർക്കാരിതര സാങ്കേതിക വൈദഗ്ദ്ധ്യം ഉപയോഗപ്പെടുത്തുക.
2. ഗ്രാമപഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നൽകുക.
3. ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുത്ത ശേഷം പദ്ധതികൾ തയ്യാറാക്കുകയും ബാക്ക് വേഡ്, ഫോർവേഡ് ലിങ്കേജ് നൽകുകയും ചെയ്യുക.

ബി. മേഖലാ അടിസ്ഥാനത്തിലുള്ള ചുമതലകൾ

കൃഷി

1. ഗ്രാമീണ തലത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്കായി കൃഷിക്കാരെ പരിശീലിപ്പിക്കുക.
2. ഗ്രാമീണ തലത്തിലുള്ള പദ്ധതികൾക്കാവശ്യമായ കാർഷിക നിവേദനങ്ങൾ ഏർപ്പെടുത്തുക.
3. കാർഷിക പ്രദർശനങ്ങൾ നടത്തുക.
4. ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ വരുന്ന നീർത്തടങ്ങൾ പരിപാലിക്കുക.
5. കാർഷിക വായ്പ സ്വരൂപിക്കുക.

മൃഗസംരക്ഷണവും ക്ഷീരോല്പാദനവും

1. വെറ്റിനറി പോളി ക്ലിനിക്കുകളും മേഖലാ കൃത്രിമ ബീജ സങ്കലന കേന്ദ്രങ്ങളും നടത്തുക.
2. മൃഗസംരക്ഷണത്തിൽ വിദഗ്ദ്ധ സേവനം നൽകുക.
3. കന്നുകാലി-കോഴി പ്രദർശനങ്ങൾ നടത്തുക.

ചെറുകിട ജലസേചനം

ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾക്കായുള്ള എല്ലാ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ചെറുകിട ജല സേചന പദ്ധതികളും പരിപാലിക്കുക.

ചെറുകിട വ്യവസായങ്ങൾ

1. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.
2. എസ്.എസ്.ഐ. യുടെ മൂന്നിലൊന്ന് നിക്ഷേപ പരിധിയോടുകൂടിയുള്ള വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
3. വ്യവസായ മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്ക്കരിക്കുക.

ഭവന നിർമ്മാണം

1. പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതി.
2. ചിലവ് കുറഞ്ഞ ഭവന നിർമ്മാണം പ്രചരിപ്പിക്കുക.
3. ഭവന നിർമ്മാണ സഹകരണസംഘങ്ങൾ പ്രോത്സാഹിപ്പിക്കുക.

വിദ്യുച്ഛക്തിയും ഊർജ്ജവും

1. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ വികസിപ്പിക്കുക.

വിദ്യാഭ്യാസം

സർക്കാർ വിദ്യാഭ്യാസ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പ്

പൊതുമരാമത്ത്

1. ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുക.
2. സർക്കാരിൽ നിന്നും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുക.

പൊതുജന ആരോഗ്യവും ശുചീകരണവും

ബ്ലോക്ക് പഞ്ചായത്തിനുള്ളിൽ എല്ലാത്തരം ചികിത്സാ സമ്പ്രദായങ്ങളിലുമുള്ള സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തുക.

സാമൂഹ്യക്ഷേമം

ഐ.സി.ഡി.എസ്. കേന്ദ്രങ്ങൾ നടത്തുക.

ദാരിദ്ര്യ നിർമ്മാർജ്ജനം

1. ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ച് തൊഴിൽ സുരക്ഷ പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുക.
2. പാവപ്പെട്ടവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള അഭിരുചി വർദ്ധിപ്പിക്കുകയും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് വേതനത്തോടുകൂടിയ തൊഴിൽ നൽകുകയും ചെയ്യുക.

പട്ടികജാതി പട്ടികവർഗ്ഗ വികസനം

1. പ്രീ-മെട്രിക് ഹോസ്റ്റലുകൾ നടത്തുക.
2. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള സഹകരണസംഘങ്ങൾ വളർത്തുക.

സഹകരണം

1. ബ്ലോക്ക് പഞ്ചായത്ത് അതിർത്തിക്കുള്ളിൽ സഹകരണസംഘങ്ങൾ സംഘടിപ്പിക്കുക.
2. സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.

ജനപ്രതിനിധികളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും

പ്രസിഡന്റ് അധികാരങ്ങൾ, ചുമതലകൾ

- പഞ്ചായത്തിന്റെ മുഖ്യ കാര്യനിർവ്വഹണ അധികാരം പ്രസിഡന്റിൽ നിക്ഷിപ്തമാണ്.
- പഞ്ചായത്ത് യോഗങ്ങൾ വിളിച്ചുകൂട്ടുക.
- പഞ്ചായത്ത് പാസാക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുക.
- പഞ്ചായത്തിന്റെ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുക, നിയന്ത്രിക്കുക.
- കൈമാറിയ ഉദ്യോഗസ്ഥരടക്കം എല്ലാ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും പ്രവൃത്തികൾക്ക് പൊതുമേൽനോട്ടം വഹിക്കുക.
- അവരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ തയ്യാറാക്കുക.
- പഞ്ചായത്തിനെ സംബന്ധിക്കുന്ന പണം കൊടുക്കലും തിരികെ കൊടുക്കലും അധികൃതമാക്കുക.
- പഞ്ചായത്ത് ഭരണവുമായി ബന്ധപ്പെട്ട റിപ്പോർട്ടുകളും സ്റ്റേറ്റ്മെന്റുകളും തയ്യാറാക്കി നൽകുക.

എന്നിവ പ്രസിഡന്റിന്റെ ചുമതലകളാണ്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജില്ലാ പഞ്ചായത്തിലെ വോട്ടവകാശമുള്ള മെമ്പറാണ്.

സെക്രട്ടറിയിൽ നിന്നോ മറ്റ് ഉദ്യോഗസ്ഥരിൽ നിന്നോ പഞ്ചായത്തിന്റെ ഭരണവുമായി ബന്ധപ്പെട്ട് ഏത് ഫയലും, റിക്കാർഡും ആവശ്യപ്പെടുന്നതിനും ഉത്തരവ് നൽകുന്നതിനും പ്രസിഡന്റിന്

അധികാരമുണ്ട്. എന്നാൽ സെക്രട്ടറിയുടെ സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളിൽ പ്രസിഡന്റിന് ഇടപെടാവുന്നതല്ല.

ആക്ട് പ്രകാരം സെക്രട്ടറിക്കോ മറ്റുദ്യോഗസ്ഥർക്കോ തീരുമാനം എടുക്കുന്നതിന് നിയമം പ്രത്യേകം അനുവദിക്കാത്ത എല്ലാ ഫയലുകളിലും കാര്യ നിർവ്വഹണ അധികാരം പ്രസിഡന്റിന് ആയതിനാൽ പ്രസിഡന്റിന്റെ ഉത്തരവ് ആവശ്യമാണ്. പ്രസിഡന്റ് ഒരു മുഴുവൻസമയ കാര്യ നിർവ്വഹണാധികാരി കൂടിയാണ്. മേൽപ്പറഞ്ഞ കാര്യങ്ങൾ കൂടാതെ താഴെ പറയുന്ന ദൈനംദിന പ്രവൃത്തികളുടെ ചുമതലകളും പ്രസിഡന്റിൽ നിക്ഷിപ്തമാകുന്നു.

- ❖ നിശ്ചിതപരിധിയിൽ കവിയാതെയുള്ള കണ്ടിജൻസി ചെലവുകൾ ചെയ്യുന്നതിന് സെക്രട്ടറിക്ക് ഉത്തരവ് നിർദ്ദേശം നൽകുക.
- ❖ പഞ്ചായത്ത് കമ്മിറ്റി പരിശോധിച്ചിട്ടില്ലാത്ത ഏതു കാര്യത്തിലും അടിയന്തിര സാഹചര്യത്തിൽ നിയമാനുസൃതമായി പഞ്ചായത്ത് ഫണ്ട് ഉപയോഗിക്കാൻ രേഖാമൂലമായ നിർദ്ദേശം നൽകുക. (ഇത് അടുത്ത കമ്മിറ്റിയിൽ അംഗീകരിക്കാതിരിക്കുന്ന പക്ഷം ചെലവഴിച്ച സംഖ്യയ്ക്ക് പ്രസിഡന്റ് മാത്രം ഉത്തരവാദിയാകുന്നതാണ്.)
- ❖ പഞ്ചായത്ത് പാസ്സാക്കിയ തീരുമാനങ്ങൾ/പ്രമേയങ്ങൾ നിയമാനുസൃതമല്ലെന്നോ നിയമപരിധി കവിഞ്ഞതാണെന്നോ നടപ്പിലാക്കിയാൽ പൊതുജന രക്ഷയ്ക്ക് അപകടകരമായേക്കാവുന്നതാണെന്നോ കരുതുന്നുവെങ്കിൽ അത് സർക്കാരിലേയ്ക്ക് പ്രസിഡന്റിന് റഫർ ചെയ്യാവുന്നതാണ്.
- ❖ പഞ്ചായത്ത് യോഗത്തിലെ ചോദ്യങ്ങൾക്ക് അനുമതിയും പ്രമേയങ്ങൾക്ക് അവതരണാനുമതിയും നൽകുക. യോഗത്തിൽ ക്രമപ്രശ്നങ്ങൾക്ക് തീരുമാനമെടുക്കുക.
- ❖ സെക്രട്ടറി സമർപ്പിക്കുന്ന കരട് യോഗനടപടി കുറിപ്പ് 24 മണിക്കൂറിനകം പരിശോധിച്ച് തീരുമാനങ്ങൾ ഉറപ്പുവരുത്തി അംഗീകരിച്ച് നൽകുക.
- ❖ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ പങ്കെടുക്കുക. (എന്നാൽ വോട്ടവകാശമില്ല)
- ❖ ബഡ്ജറ്റ് അവതരിപ്പിക്കുന്ന യോഗത്തിൽ ആമുഖ പ്രസംഗം നടത്തുക.
- ❖ സ്റ്റിയറിംഗ് കമ്മിറ്റി, പ്രവർത്ത കമ്മിറ്റികൾ, ജോയിന്റ് കമ്മിറ്റികൾ എന്നിവ വിളിച്ചുകൂട്ടുകയും അദ്ധ്യക്ഷം വഹിക്കുകയും ചെയ്യുക.
- ❖ ഉപതെരഞ്ഞെടുപ്പിൽ തെരഞ്ഞെടുക്കപ്പെടുന്ന അംഗത്തിനും, പൊതു തെരഞ്ഞെടുപ്പിൽ യഥാസമയം പ്രതിജ്ഞ എടുക്കാൻ കഴിയാതെ വരുന്ന അംഗത്തിനും പ്രസിഡന്റ് മുമ്പാകെ സത്യപ്രതിജ്ഞ എടുക്കുന്നതിന് അവസരം നൽകുക.
- ❖ പഞ്ചായത്തുകളുടെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് ജൂലായ് 31 -നകം ലോക്കൽ ഫണ്ട് ഓഡിറ്റ് ഉദ്യോഗസ്ഥർക്ക് അയച്ച് നൽകുക, ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞാൽ പഞ്ചായത്തിന്റെ അടുത്ത യോഗത്തിൽ നടപടികൾക്കായി സമർപ്പിക്കുക.
- ❖ വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ യാത്രാപ്പടി ബില്ലുകൾ സൂക്ഷമ പരിശോധന നടത്തി പാസ്സാക്കുക.

- ❖ യോഗങ്ങളിൽ വോട്ടെടുപ്പ് വേണ്ടിവരുന്ന സന്ദർഭങ്ങളിൽ തുല്യ വോട്ട് വരുന്ന പക്ഷം കാസ്റ്റിംഗ് വോട്ട് കൂടി രേഖപ്പെടുത്തുക.
- ❖ മരാമത്തു പണികൾ ടെണ്ടർ ചെയ്യുന്നതിനും എല്ലാ വിധ കരാറുകളിൽ പ്രവേശിക്കുന്നതിനും സെക്രട്ടറിക്കു നിർദ്ദേശം നൽകുക.

വൈസ് പ്രസിഡന്റിന്റെ ചുമതലകളും, അധികാരങ്ങളും

വൈസ് പ്രസിഡന്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ എക്സ് ഓഫിഷ്യോ ചെയർമാൻ കൂടിയാണ്. അതിനാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്ന നിലയ്ക്കുള്ള അധികാരങ്ങളും ഉണ്ടായിരിക്കും. കൂടാതെ പ്രസിഡന്റിന്റെ അഭാവത്തിലോ, 15 ദിവസത്തിൽ കൂടുതൽ പ്രസിഡന്റിന് അദ്ദേഹത്തിന്റെ ചുമതലകൾ നിറവേറ്റിക്കൊണ്ടുപോകുവാൻ കഴിയാതെ വരുന്ന സാഹചര്യത്തിലോ പ്രസിഡന്റിന്റെ എല്ലാ അധികാരങ്ങളും ചുമതലകളും വൈസ് പ്രസിഡന്റിൽ നിക്ഷിപ്തമായിരിക്കും.

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ ചുമതലകൾ, ഉത്തരവാദിത്വങ്ങൾ

- ❖ ബ്ലോക്ക് പഞ്ചായത്തിൽ 4 സ്റ്റാന്റിംഗ് കമ്മിറ്റികളാണുള്ളത്.

1. **ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി** :- ധനകാര്യം, അക്കൗണ്ടുകൾ, ഓഡിറ്റ്, ബഡ്ജറ്റ്, പൊതുഭരണം, മറ്റു സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകിയിട്ടില്ലാത്ത കാര്യങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നു.
2. **വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി** :- വികസനാസൂത്രണം, സാമൂഹ്യവും സാമ്പത്തികവും, പ്ലാനിംഗ്, കൃഷി മൃഗസംരക്ഷണം, ചെറുകിട ജലസേചനം, മത്സ്യബന്ധനം, ചെറുകിട വ്യവസായം, പൊതുമരാമത്ത് പാർപ്പിട സൗകര്യം, നീർമറി പരിപാലനം എന്നിവ ഈ കമ്മിറ്റിയുടെ പരിധിയിൽ വരുന്നു.
3. **ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി** :- പട്ടികജാതി-പട്ടികവർഗ്ഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹ്യക്ഷേമം, ദാരിദ്ര്യ നിർമ്മാർജ്ജനം, കലയും സംസ്ക്കാരവും വിനോദവും, പരിസ്ഥിതി എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു.
4. **ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി** :- പൊതുജനാരോഗ്യം, വിദ്യാഭ്യാസം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു.

- ❖ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങൾ വിളിച്ചുകൂട്ടുക, യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുക. പഞ്ചായത്ത് യോഗത്തിൽ പറയുന്ന ചുമതലകൾ കൂടി ചെയർമാന്മാർ വഹിക്കേണ്ടതുണ്ട്.
- ❖ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ മൂന്നിലൊന്നിൽ കുറയാത്ത അംഗങ്ങൾ ഒരു വിഷയം ചർച്ച ചെയ്യുന്നതിന് ആവശ്യപ്പെട്ടാൽ 48 മണിക്കൂറിനകം ചെയർമാൻ യോഗം വിളിച്ചുകൂട്ടേണ്ടതാണ്.
- ❖ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം കൂടുന്ന സമയം, ചർച്ച ചെയ്യുന്ന വിഷയങ്ങൾ എന്നിവ പ്രസിഡന്റിനെ അറിയിച്ചിരിക്കണം.

- ❖ സെക്രട്ടറിയാണ് അജണ്ട തയ്യാറാക്കേണ്ടത്. എന്നാൽ സെക്രട്ടറി ചെയർമാനുമായി ആലോചിച്ചായിരിക്കണം അത് തയ്യാറാക്കേണ്ടത്. സെക്രട്ടറി തയ്യാറാക്കുന്ന വിഷയങ്ങൾ കൂടാതെ ചെയർമാൻ നിർദ്ദേശിക്കുന്ന വിഷയങ്ങളും അജണ്ടയിൽ ഉൾപ്പെടുത്തണം.
- ❖ അജണ്ടയിൽ അജണ്ട കുറിപ്പ് രേഖപ്പെടുത്തുവാൻ സെക്രട്ടറിക്ക് എന്ന പോലെ ചെയർമാനും അവകാശമുണ്ട്.
- ❖ അജണ്ടയിലെ ഓരോ വിഷയത്തെ സംബന്ധിച്ചും സ്റ്റാന്റിംഗ് കമ്മിറ്റിക്കുവേണ്ടി അഭിപ്രായം രേഖപ്പെടുത്താവുന്നതാണ്.
- ❖ പ്രസിഡന്റിന്റെയും വൈസ് പ്രസിഡന്റിന്റെയും സ്ഥാനങ്ങൾ ഒഴിവായി കിടന്നാൽ പ്രസിഡന്റിന്റെ ചുമതല സ്റ്റാന്റിംഗ് കമ്മിറ്റി ക്രമത്തിൽ ചെയർമാന്മാർ വഹിക്കുക.

സ്റ്റിയറിംഗ് കമ്മിറ്റി

ഓരോ പഞ്ചായത്തിലും അതിന്റെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർമാൻ എന്നിവർ അടങ്ങിയ ഒരു സ്റ്റിയറിംഗ് കമ്മിറ്റി ഉണ്ടായിരിക്കുന്നതും പ്രസിഡന്റ് പ്രസ്തുത കമ്മിറ്റിയുടെ ചെയർമാൻ ആയിരിക്കേണ്ടതുമാണ്. സ്റ്റിയറിംഗ് കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും, മോണിറ്റർ ചെയ്യുകയും പഞ്ചായത്ത് അതിന് ഭാരമേൽപ്പിക്കുന്ന മറ്റ് അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

പഞ്ചായത്ത് അംഗങ്ങളുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും

അംഗങ്ങളുടെ അവകാശങ്ങളെയും ചുമതലകളെയും ഉത്തരവാദിത്വത്തങ്ങളെയും സംബന്ധിച്ച് ആക്ടിലെ 158-ാം വകുപ്പിലും 1995-ലെ യോഗനടപടി ക്രമച്ചട്ടങ്ങളിലും പ്രതിപാദിക്കുന്നു.

- ❖ പഞ്ചായത്ത് യോഗത്തിൽ പങ്കെടുക്കുകയും ചർച്ചകളിൽ അഭിപ്രായം പ്രകടിപ്പിക്കുകയും ചെയ്യുക.
- ❖ പഞ്ചായത്ത് യോഗത്തിൽ പ്രസിഡന്റിനോടോ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനോടോ പരമാവധി രണ്ട് ചോദ്യങ്ങൾ ചോദിക്കാം. ചോദ്യങ്ങൾ 7 ദിവസം മുമ്പ് നൽകിയിരിക്കണം. ചോദ്യങ്ങൾക്ക് യോഗത്തിൽ ഒരു അനുബന്ധ ചോദ്യം കൂടി ചോദിക്കാം.
- ❖ പഞ്ചായത്ത് നടത്തുന്ന ജോലികളോ പദ്ധതികളോ പരിശോധന നടത്തുക, ക്രമക്കേടുകൾ കണ്ടാൽ പഞ്ചായത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരിക.
- ❖ പഞ്ചായത്ത് പ്രദേശത്തുള്ള ജനങ്ങളുടെ ആവശ്യങ്ങളും പൊതുകാര്യങ്ങളും പഞ്ചായത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരിക,
- ❖ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള രഹസ്യ രേഖകൾ ഒഴികെ മറ്റെല്ലാരേഖകളും പ്രസിഡന്റിന് നോട്ടീസ് നൽകി ഓഫീസ് സമയത്ത് നോക്കാവുന്നതാണ്.
- ❖ പഞ്ചായത്തിന്റെ വരുമാന വർദ്ധനവിന് വേണ്ട പ്രവർത്തനങ്ങളിൽ സഹായം നൽകുക.
- ❖ പഞ്ചായത്ത് യോഗത്തിൽ പാസ്സാക്കിയ തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ്, യോഗം കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകണം.

- ❖ സെക്രട്ടറിയുടെ മാത്രം സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളിൽ ജനപ്രതിനിധികൾ ഇടപെടാൻ പാടില്ല.
- ❖ വികേന്ദ്രീകൃത ആസൂത്രണ/നിർവ്വഹണ പ്രവർത്തനങ്ങളിൽ പങ്കാളികളാവുകയും സഹായിക്കുകയും ചെയ്യുക.
- ❖ പഞ്ചായത്ത് യോഗതീരുമാനങ്ങൾക്ക് വോട്ടെടുപ്പ് ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ വോട്ട് രേഖപ്പെടുത്തുക.
- ❖ പഞ്ചായത്തിന്റെ അനുവാദമില്ലാതെ 3 യോഗത്തിലും 3 മാസത്തിലും തുടർച്ചയായി യോഗത്തിൽ ഹാജരാകാതിരുന്നാൽ അയോഗ്യത സംഭവിക്കും. എന്നാൽ 6 മാസം വരെ യോഗത്തിൽ ഹാജരാകാതിരിക്കുന്നതിന് പഞ്ചായത്തിന് അനുമതി നൽകാം.
- ❖ അംഗത്തിന്റെ പ്രവർത്തനം പഞ്ചായത്തിന്റെ ധനനഷ്ടത്തിനോ, പാഴാക്കലിനോ, ദുർവിനിയോഗത്തിനോ ഇടയാക്കിയാലും, തന്റെ ആസ്തി സ്റ്റേറ്റ്മെന്റ് യഥാസമയം നൽകാതിരുന്നാലും നികുതി കുടിശിഖകൾ വരുത്തിയാലും അയോഗ്യത സംഭവിക്കും.
- ❖ പഞ്ചായത്തിന്റെ അംഗസംഖ്യയുടെ മൂന്നിനൊന്നിൽ കുറയാതെയുള്ള മെമ്പർമാർ കൂട്ടായി ഏതെങ്കിലും ആവശ്യത്തിന് യോഗം വിളിച്ചുകൂട്ടണമെന്ന് പ്രസിഡന്റിനോട് ആവശ്യപ്പെടാവുന്നതാണ്. 10 ദിവസത്തിനകം യോഗം വിളിച്ചുകൂട്ടാത്ത പക്ഷം ഈ മെമ്പർമാർക്ക് യോഗം വിളിച്ചു കൂട്ടാം.
- ❖ പ്രസിഡന്റിനോടോ വൈസ് പ്രസിഡന്റിനോടോ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനോടോ അംഗങ്ങൾക്ക് അവിശ്വാസം തോന്നുന്നുണ്ടെങ്കിൽ മൂന്നിലോന്നിൽ കുറയാതെയുള്ള അംഗങ്ങൾക്ക് ഒപ്പിട്ട് ഗ്രാമപഞ്ചായത്തിന്റെ കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക്, ബ്ലോക്ക് പഞ്ചായത്തിന്റെ കാര്യത്തിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക്, ജില്ലാ പഞ്ചായത്തിന്റെ കാര്യത്തിൽ ജില്ലാ കളക്ടർക്കും പ്രമേയത്തിന്റെ പകർപ്പടക്കം നോട്ടീസ് നൽകാം.
- ❖ എല്ലാ മെമ്പർമാർക്കും 1999-ലെ കൂറുമാറ്റ നിരോധന നിയമവും 2000-ലെ അതിന്റെ ചട്ടങ്ങളും ബാധകമാണ്.

ഉത്തമ വിശ്വാസത്തോടുകൂടി പഞ്ചായത്തിന്റെ ഭരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും നിയമത്തിലെ 248, 249, 250, 251 വകുപ്പുകൾ സംരക്ഷണം നൽകുന്നു.

സ്ഥാപന മാനേജ്മെന്റ് കമ്മിറ്റികൾ

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും സ്ഥാപനതല മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതാണ്. പൊതുജനാരോഗ്യ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള നിലവിലുള്ള കമ്മിറ്റികൾ ഇതനുസരിച്ച് പുനഃസംഘടിപ്പിക്കുന്നതാണ്. പൊതുജനാരോഗ്യ സ്ഥാപനങ്ങളുടെ കമ്മിറ്റിയിൽ സ്ഥാപനത്തിന്റെ ചുമതലയുള്ള പൊതുമരാമത്ത്, കെ.എസ്.ഇ.ബി., കെ.ഡബ്ലു.എ. എൻജിനീയർമാരും അംഗങ്ങളായിരിക്കുന്നതാണ്. സ്ഥാപനതല കമ്മിറ്റിയിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, സ്ഥാപന മേധാവി, ജീവനക്കാരുടെ പ്രതിനിധികൾ, സ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ ഗ്രാമ, ബ്ലോക്ക്, പഞ്ചായത്തംഗങ്ങൾ, കുടുംബശ്രീ, സന്നദ്ധ സംഘടന പ്രതിനിധികൾ, സേവന സ്വീകർത്താക്കളുടെ പ്രതിനിധികൾ, സ്ഥാപനം സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്തിലെ പ്രസിഡന്റ്

എന്നിവർ അംഗങ്ങളായിരിക്കും. കമ്മിറ്റി പ്രവർത്തനം സംബന്ധിച്ച പ്രത്യേക മാർഗ്ഗ രേഖ തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം സ്ഥാപനതല കമ്മിറ്റികൾ പ്രവർത്തിക്കുന്നതാണ്. സ്ഥാപനത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പഞ്ചായത്തിനും ഉദ്യോഗസ്ഥർക്കും നൽകേണ്ടത് കമ്മിറ്റിയുടെ ചുമതലയാണ്. സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ കാര്യങ്ങളുടെ മേൽനോട്ടം വഹിക്കുന്നത് ഈ കമ്മിറ്റിയായിരിക്കും.

സംസ്ഥാന പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, ജനറൽ പർപ്പസ്, മെയിന്റനൻസ് ഗ്രാന്റുകൾ, ടെണ്ടർ ഫോറം വിറ്റുവരവ് (തനതു ഫണ്ട്) എന്നിവയാണ് ബ്ലോക്ക് പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകൾ.

കേരള പഞ്ചായത്തുരാജ് നിയമപ്രകാരം, ഗ്രാമസഭ തലത്തിലും, ജനപ്രതിനിധി തലങ്ങളിലും, രൂപപ്പെടുന്ന പദ്ധതികൾ ബ്ലോക്ക് പഞ്ചായത്ത് സംവിധാനം വഴി സമയബന്ധിതമായും, കാര്യക്ഷമമായും നടപ്പാക്കിവരുന്നു. ഗ്രാമപഞ്ചായത്ത് ഗ്രാമസഭകൾ തിരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്കാണ് ആനുകൂല്യങ്ങൾ നൽകുന്നത്. ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ഗ്രാമപഞ്ചായത്ത് അംഗങ്ങൾ ഉൾക്കൊള്ളുന്നതാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ഗ്രാമസഭ.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവാദിത്വങ്ങൾ

സർക്കാർ കാലാകാലങ്ങളിൽ നടത്തിവുരന്ന വിവിധ പദ്ധതികളിലും, പരിപാടികളിലും ജനങ്ങളും സർക്കാരും തമ്മിലുള്ള കണ്ണിയായി പ്രവർത്തിക്കുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളും തദ്ദേശ സ്വയംഭരണ വകുപ്പും ഗ്രാമവികസന വകുപ്പും ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളും നടപ്പിലാക്കുന്ന കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളുടെയും പരിപാടികളുടെയും നിർവ്വഹണം, നടത്തിപ്പ്, മേൽനോട്ടം, അക്കൗണ്ടിംഗ്, പ്രവർത്തനങ്ങളുടെ ക്രോഡീകരണം, റിക്കാർഡുകളുടെ സൂക്ഷിപ്പ് എന്നിവയ്ക്ക് നേതൃത്വം നൽകുന്നു. വിവിധ ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് വിധേയമായി ഓഫീസ് പ്രവർത്തനത്തിനും ഫീൽഡ് തല പ്രവർത്തനത്തിനും നേതൃത്വം നൽകുന്നു. ആസൂത്രണസമിതി കൺവീനർ, ബി.എൽ.ബി.സി. കോർഡിനേറ്റർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. കോടതികളിലും മറ്റ് സ്ഥാനപങ്ങളിലും ബ്ലോക്ക് പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്നു. ജീവനക്കാരുടെ സേവന വേതന ആനുകൂല്യങ്ങളുടെ, നിയന്ത്രണങ്ങളെ സംബന്ധിച്ച പ്രവർത്തനങ്ങൾ നിയമവിധേയമായി നിർവ്വഹിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ എല്ലാ ആസ്തികളുടെയും ഉടമസ്ഥനും, ചുമതലക്കാരനും, സംരക്ഷകനുമായി പ്രവർത്തിക്കുന്നു.

പഞ്ചായത്ത് രാജ് സംവിധാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ യാത്ര പരിപാടി/ടൂർ ഡയറി പ്രസിഡന്റ് അംഗീകരിച്ച് കളക്ടർക്ക് അയച്ചു കൊടുക്കേണ്ടതാണ്. സെക്രട്ടറിയുടെ ആകസ്മിക അവധി അനുവദിക്കാനുള്ള അനുവാദം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിനാണ്.

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് സംവിധാനം

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് മേധാവി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയാണ്. ഹെഡ് ക്ലർക്ക്, ഹെഡ് അക്കൗണ്ടന്റ് യു.ഡി/എൽ.ഡി ക്ലർക്കുമാർ, ടൈപ്പിസ്റ്റ്, ഡ്രൈവർ, പ്യൂൺ, പാർട്ട് ടൈം സ്വീപ്പർ ഉൾപ്പെടുന്ന ഓഫീസ് സംവിധാനവും ജോയിന്റ് ബി.ഡി.ഒ (ഇ.ജി.എസ്) ജോയിന്റ് ബി.ഡി.ഒ (ആർ.എച്ച്), എക്സ്റ്റൻഷൻ ഓഫീസർ, ജനറൽ എക്സ്റ്റൻഷൻ ഓഫീസർ, വി.ഇ.ഒ.മാർ എന്നീ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഫീൽഡ് സംവിധാനവും ഉൾപ്പെടുന്നതാണ് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് സംവിധാനം.

ജീവനക്കാരുടെ ചുമതലകൾ

1. ജോയിന്റ് ബി.ഡി.ഒ (ഇ.ജി.എസ്) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി.
2. ഇ.ഒ.ഹൗസിംഗ്:- പി.എം.എ.വൈ. ഭവന നിർമ്മാണം, പുനരുദ്ധാരണം.
3. എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം):- പരിശീലനങ്ങൾ, പി.എം.കെ.എസ്.വൈ.
4. ജനറൽ എക്സ്റ്റൻഷൻ ഓഫീസർ:- അസി.പ്ലാൻ കോർഡിനേറ്റർ, ദേശീയ സമ്പാദ്യ പദ്ധതി, സമ്പൂർണ്ണ ശുചിത്വം, ബ്ലോക്ക് ഇൻഫർമേഷൻ സെന്റർ.
5. എക്സ്റ്റൻഷൻ ഓഫീസർ (പ്ലാനിംഗ് ആന്റ് മോണിട്ടറിംഗ്):- ബ്ലോക്ക് ഭരണസമിതി യോഗം, ഇതര യോഗങ്ങൾ എന്നിവയുടെ നടത്തിപ്പ്, പ്രതിമാസ പുരോഗതി റിപ്പോർട്ടുകൾ, ബ്ലോക്ക് ഇൻഫർമേഷൻ രജിസ്റ്റർ തയ്യാറാക്കലും നവീകരിക്കലും.
6. എഞ്ചിനീയറിംഗ് വിഭാഗം:- എഞ്ചിനീയർ, ഒരു ഒന്നാം ഗ്രേഡ് ഓവർസിയർ, ഒരു രണ്ടാം ഗ്രേഡ് ഓവർസിയർ, ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം, അളവ്, ബില്ല് എന്നിവ നിർവ്വഹിക്കുന്നു.

ഓഫീസ്:- ഹെഡ്ക്ലർക്ക്: ചെക്ക്, ഡ്രാഫ്റ്റ്, ബിൽ എന്നിവ സ്വീകരിക്കലും, തയ്യാറാക്കി നൽകലും, ക്യാഷ്ബുക്ക്, ഓഡിറ്റ് മറുപടി തയ്യാറാക്കാൻ നേതൃത്വം നൽകൽ, ഹാജർ പുസ്തകം, കാഷ്വൽ ലീവ്, മൂവ്മെന്റ് രജിസ്റ്ററുകളുടെ ചുമതല അഡ്മിനിസ്ട്രേറ്റീവ് മേൽനോട്ടം, വിവരാവകാശ നിയമം അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ.

പൗരധർമ്മവും ഉത്തരവാദിത്വവും

ഭരണ വ്യവസ്ഥയിലെ പങ്കാളി എന്ന നിലയ്ക്ക് പൗരന്മാർക്ക് അവകാശങ്ങളുണ്ട്. അവ നിശ്ചിതവും കൃത്യവുമായി ലഭിക്കും എന്ന് ഉറപ്പാക്കേണ്ടതുണ്ട്. അതിന് വിരുദ്ധമായ പ്രവർത്തനങ്ങൾ തടയുകയും ഉത്തരവാദിത്വപൂർണ്ണമായ പൗരാവകാശ പാലനം നടപ്പാക്കുകയും ചെയ്യണം. എന്നാൽ സമൂഹത്തോടും രാഷ്ട്രത്തോടും ചില കടമകളും ഉത്തരവാദിത്വങ്ങളും നിറവേറ്റാൻ പൗരന്മാർക്ക് ചുമതലയുണ്ട്. പൗരധർമ്മങ്ങൾ എന്ന് ഇതിനെ ചുരുക്കത്തിൽ പറയാം. സ്വയമേവ അവ പാലിക്കുകയാണ് ഉത്തമ പൗരന്റെ കടമ.

ഇന്ത്യൻ ഭരണഘടന – അനുഛേദം 51എ (1976)

- ❖ ഭരണഘടന, രാഷ്ട്രത്തിന്റെ അടിസ്ഥാന മൂല്യങ്ങൾ ഇവയോട് ആദരവും അനുസരണയും പ്രകടമാക്കുക, അനാദരവും ലംഘനവും നടത്താതിരിക്കുക, ദേശീയ സ്വാതന്ത്ര്യ പോരാട്ടത്തിന്റെ മൂല്യങ്ങൾ പരിപോഷിപ്പിക്കുക.
- ❖ പൊതുമുതലുകൾ സംരക്ഷിക്കുകയും പരിപാലിക്കുകയും നശിപ്പിക്കാതിരിക്കുകയും ചെയ്യുക.
- ❖ ചരിത്ര-സാംസ്കാരിക സമ്പത്തുകൾ പരിപാലിക്കുക.

- ❖ പ്രകൃതി സമ്പത്ത്, വന-വന്യ ജീവികൾ, പരിസ്ഥിതി സംതുലിതാവസ്ഥ എന്നിവ പരിരക്ഷിക്കുകയും നഷ്ടപ്പെടാതെ സൂക്ഷിക്കുകയും ചെയ്യുക.
- ❖ സ്ത്രീ പദവിയും അന്തസ്സും സംരക്ഷിക്കുകയും ഉയർത്തുകയും സ്ത്രീ വിരുദ്ധ നടപടികളെ ചെറുക്കുകയും ചെയ്യുക.
- ❖ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ചെറുക്കുകയും ശാസ്ത്രാഭിരുചിയും ശാസ്ത്രാവബോധവും മാനവികതയും വളർത്തുകയും, വ്യക്തിയും സാമൂഹ്യവുമായ അനവദ്യതയിലേയ്ക്ക് ഉയരുകയും ചെയ്യുക.
- ❖ രാഷ്ട്രത്തിന്റെ പരമാധികാരം ഐക്യം, അഖണ്ഡത എന്നിവ ഉയർത്തിപ്പിടിക്കുകയും മത സമുദായ സൗഹൃദവും പരസ്പര സാഹോദര്യവും വളർത്തുകയും അനിവാര്യ ഘട്ടത്തിൽ രാഷ്ട്ര സേവനത്തിന് സന്നദ്ധരാവുകയും ചെയ്യുക.

പഞ്ചായത്ത് രാജ് നിയമം (1994-1999)

1994-ലെ പഞ്ചായത്ത് രാജ് നിയമം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരന്മാരുടെ കടമകളും ഉത്തരവാദിത്വങ്ങളും നിർവ്വചിച്ചിട്ടുണ്ട്. ഒരു പഞ്ചായത്തിലെ പൗരൻ എന്ന നിലയിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വസിക്കുന്ന ഓരോ വ്യക്തിയും താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കാൻ ബാദ്ധ്യസ്ഥരാണ്.

- ❖ ഗ്രാമസഭയിൽ പങ്കെടുക്കുക, തദ്ദേശഭരണ പ്രക്രിയയിൽ നേരിട്ട് പങ്ക് വഹിക്കുക, അതിലൂടെ ക്രിയാത്മക ജനാധിപത്യം സാർത്ഥമാക്കുക.
- ❖ നികുതി വെട്ടിപ്പ് തടയുകയും കൃത്യമായി നികുതി-നിരക്കുകൾ ഒടുക്കി തദ്ദേശസ്ഥാപനത്തിന്റെ തനത് വരുമാനം ഉറപ്പാക്കുകയും ചെയ്യുക. നികുതി നൽകുന്നതിൽ കൃത്രിമമോ ഒഴിവുകഴിവോ ഒഴിവാക്കുക.
- ❖ വികസന പ്രവർത്തനത്തിൽ പഞ്ചായത്തിനെ സഹായിക്കുക. വ്യക്തിഗതവും ഭൗതികവും സാമ്പത്തികവും ആയ വിഭവ സമാഹരണത്തിനും അദ്ധ്വാനത്തിനും സഹായിക്കുക.
- ❖ ആസൂത്രണ-നിർവ്വഹണ-വിലയിരുത്തലുകളിൽ സ്വയം പങ്കാളികളാവുക.
- ❖ പൊതുശല്യം, പൊതുജീവിതത്തിന് വിഘാതം, പൊതു സ്ഥലത്ത് മാലിന്യ നിക്ഷേപം മുതലായവയ്ക്ക് ഇടയാക്കാതിരിക്കുകയും അവയ്ക്കെതിരെ ജാഗ്രത പാലിക്കുകയും ചെയ്യുക.
- ❖ ശുചിത്രം, രോഗപ്രതിരോധം, പോഷകാഹാര വിതരണം, സാക്ഷരത, നിയമബോധം, തർക്ക പരിഹാര പ്രക്രിയ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ പഞ്ചായത്തിനോട് സഹകരിക്കുക.
- ❖ സാമൂഹ്യ ഓഡിറ്റ് പ്രക്രിയ സാർത്ഥകമാക്കാൻ സഹായിക്കുക.
- ❖ മൗലീകവാദത്തിനും വിഭാഗീയതകൾക്കും എതിരെ സാമൂഹ്യ ഐക്യത്തിനും പങ്കാളിത്ത വികസന പ്രക്രിയയ്ക്കും സഹായകമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

- അഴിമതി, ദുർഭരണം, എന്നിവയ്ക്കെതിരെ നിയമപ്രകാരമുള്ള ജാഗ്രത പാലിക്കുക. തദ്ദേശ ഭരണം ജനാധിപത്യപരമായി പുലരാനുള്ള സാധ്യതകൾ ഉറപ്പാക്കുക.
- പ്രകൃതി വിഭവങ്ങൾ, പൊതുഗതാഗത സംവിധാനം, മലിനജല നിർഗ്ഗമന സംവിധാനം, ഊർജ്ജ വിതരണ സംവിധാനം, പൊതു ശുചിത്വ സംവിധാനം മുതലായവ പാലിക്കുന്നതിൽ സഹക രിക്കുകയും ദുരുപയോഗവും ചൂഷണവും നടത്താതിരിക്കുകയും ചെയ്യുക.
- മിതവ്യയ ശീലം പ്രചരിപ്പിക്കുകയും പാലിക്കുകയും ആഡംബരവും അതിഭോഗവും ഒഴിവാ ക്കുകയും ചെയ്യുക.
- സ്വാശ്രയ പ്രവർത്തന സംഘാടനവും പങ്കാളിത്തവും ഉറപ്പാക്കുക.
- മദ്യപാനം, മയക്കുമരുന്ന്, സ്ത്രീധനം, സ്ത്രീ പീഡനം, ബാലാധ്വാനം പിന്നാക്ക വിഭാഗ ക്കാർക്കെതിരായ പ്രവർത്തനം മുതലായ സാമൂഹ്യ തിന്മകൾക്കെതിരെ അണിനിരക്കുക.
- പരിസ്ഥിതി ബോധവത്ക്കരണത്തിൽ പങ്കാളികളാകുക, പരിസ്ഥിതി സന്തുലനം നില നിർത്തുക.
- സ്ഥിതി വിവരക്കണക്കുകളുടെ കൃത്യമായ ശേഖരണം, സമാഹരണം, ക്രോഡീകരണം എന്നി വയിൽ സഹകരിക്കുക. തെറ്റായ വിവരങ്ങൾ നൽകാതിരിക്കുകയും തെറ്റായ വിവരങ്ങൾ നൽകുന്നതിനെ ചെറുക്കുകയും ചെയ്യുക.
- പ്രകൃതി ദുരന്ത ബാധിതരെ സംരക്ഷിക്കുവാൻ സഹായിക്കുക.
- സഹകരണസമ്പാദ്യ ശീലങ്ങൾ വളർത്തുക.
- വികസനാവശ്യത്തിന് ഭൂമി വിട്ടുകൊടുക്കുകയും പൊതുഭൂമി അനധികൃതമായി കൈവശ പ്പെടുത്താതിരിക്കുകയും ചെയ്യുക.
- അയൽക്കൂട്ടം, സ്വയംസഹായ-പരസ്പര സഹായസംഘങ്ങൾ സംഘടിപ്പിക്കുക.
- പൊതുസ്ഥലത്തും നിരത്തുകളിലും തുപ്പുക, മലമൂത്ര വിസർജ്ജനം നടത്തുക, മദ്യപി ക്കുക, പുകവലിക്കുക തുടങ്ങിയ സമൂഹവിരുദ്ധ പെരുമാറ്റങ്ങൾ ഒഴിവാക്കുക.
- മൃഗങ്ങളെ പൊതുസ്ഥലത്ത് വച്ച് പരസ്യമായി കശാപ്പ് ചെയ്യാതിരിക്കുക, മാംസം മാംസാവ ശിഷ്ടങ്ങൾ തുറസ്സായി വച്ചും അറപ്പുളവാക്കുന്ന രീതിയിൽ പ്രദർശിപ്പിച്ചും വിൽപന നട ത്താതിരിക്കുക.
- ഓമനമൃഗങ്ങൾ, വളർത്തുമൃഗങ്ങൾ, പക്ഷികൾ എന്നിവയ്ക്ക് കൃത്യവും അനിവാര്യവുമായ കുത്തിവയ്പ്പുകൾ എടുപ്പിക്കുക. ലൈസൻസ് എടുക്കുകയും ചെയ്യുക.
- നിയമ-ചട്ട വ്യവസ്ഥകൾ പാലിക്കുകയും ലംഘിക്കാതിരിക്കുകയും ലംഘിക്കുന്നതിന് പ്രേരണ നൽകാതിരിക്കുകയും ചെയ്യുക.
- സ്ത്രീ-പുരുഷ തുല്യതയും നീതിയും പരിപാലിക്കുക, അതിനുതക്ക പ്രവർത്തനങ്ങളിൽ പങ്കാളികളാകുക. ഇത്തരം പൗരധർമ്മങ്ങളെപ്പറ്റി ബോധവത്ക്കരണം ഉറപ്പാക്കുക.

ബ്ലോക്ക് പഞ്ചായത്ത് വഴി നടപ്പാക്കുന്ന പ്രധാനപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി ഇന്ത്യൻ പാർലമെന്റ് 2005 സെപ്റ്റംബർ മാസത്തിൽ പാസ്സാക്കി വിജ്ഞാപനം ചെയ്തു. ഗ്രാമീണതൊഴിലുറപ്പു നിയമത്തിന്റെ അടിസ്ഥാനത്തിൽ മണ്ണിൽ പണിയെടുക്കുവാൻ സന്നദ്ധതയുള്ള ഏതൊരു കുടുംബത്തിനും പ്രതിവർഷം 100 ദിവസത്തെ അധികതൊഴിൽ നിയമപരമായി ഉറപ്പുനൽകുന്നു. ''പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യം ദാരിദ്ര്യ നിർമ്മാർജ്ജനവും സാമൂഹിക ആസ്തികളുടെ നിർമ്മാണവും, കൃഷിവികസനവും ആണ്''. പദ്ധതിയുടെ ചെലവ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 90:10 എന്ന അനുപാതത്തിൽ പങ്കിടുന്നു.

തൊഴിൽ ആവശ്യമുള്ളവരും, കായികാധ്വാനത്തിനു തയ്യാറുള്ളവരുമായ ഓരോ കുടുംബവും അതാത് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡു വാങ്ങണം. കുടുംബത്തിലെ 18 വയസ്സ് പൂർത്തിയായ ആർക്കും തൊഴിലിനർഹത ഉണ്ടായിരിക്കും. തൊഴിലിന് അപേക്ഷിച്ചാൽ 15 ദിവസത്തിനകം തൊഴിൽ നൽകാൻ വ്യവസ്ഥചെയ്തിട്ടുള്ള ഈ പദ്ധതി സ്വന്തം പ്രദേശത്തെ വികസനത്തിനും ഉപജീവനമാർഗ്ഗത്തിനും അവസരമൊരുക്കുന്നു. സ്ത്രീകൾക്കും, പുരുഷന്മാർക്കും തുല്യവേതനവും പരിഗണനയും നൽകുന്ന ഈ പദ്ധതിയിൽ കേരളത്തിലെ നിലവിലുള്ള മിനിമം കൂലി 369 രൂപയാണ്. ഓരോ തൊഴിലാളിക്കും ബാങ്ക് അഥവാ പോസ്റ്റാഫീസ് അക്കൗണ്ട് മുഖേന മാത്രമാണ് വേതനം നൽകുന്നത്. പദ്ധതിയുടെ ആസൂത്രണത്തിന്റെയും നിർവ്വഹണത്തിന്റെയും പൂർണ്ണ ഉത്തരവാദിത്വം പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കാണ്. സംഘാടനത്തിനും നടത്തിപ്പിനും, മേൽനോട്ടത്തിനും കുടുംബശ്രീ ഏരിയ ഡവലപ്മെന്റ് സൊസൈറ്റികൾക്ക് പ്രധാന പങ്ക് നിർവ്വഹിക്കാനുണ്ട്. പ്രധാനമായി ഏറ്റെടുത്തു നടപ്പിലാക്കുന്ന പ്രവർത്തികൾ ജലസംരക്ഷണവും, ജലകൊയ്ത്തും, വനവൽക്കരണവും, വരൾച്ച തടയലും, പട്ടികജാതി/വർഗ്ഗം മുതലായ ഗുണഭോക്താക്കളുടെ ഭൂമിയിലുള്ള പണികൾ, ജലസ്രോതസ്സുകളുടെ പുനഃരുദ്ധാരണം, ഭൂവികസനം, വെള്ളക്കെട്ട്/നിയന്ത്രണം, റോഡുകളുടെ പുനഃരുദ്ധാരണം/നിർമ്മാണം എന്നിവയാണ്. നീർത്തടവികസന മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ കൃഷിഭൂമിയിലെ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കാവുന്നതാണ്.

തൊഴിലുറപ്പുപദ്ധതിയുടെ അവിഭാജ്യഘടകമാണ് സുതാര്യത! അറിയാനുള്ള അവകാശം തൊഴിൽ അവകാശികൾക്കും സമൂഹത്തിനുമുണ്ട്. ഗ്രാമസഭകൾ, പൗരാവകാശരേഖകൾ എന്നിവർക്കുപുറമെ സുതാര്യത ഉറപ്പുവരുത്തുന്ന ഏറ്റവും പ്രധാന നിർണ്ണായകഘടകമാണ് സോഷ്യൽ ഓഡിറ്റ്. സോഷ്യൽ ഓഡിറ്റ് എന്നത് വികസന പ്രവർത്തനങ്ങളെക്കുറിച്ചും പൊതുധനം ചിലവാക്കുന്നതിനെക്കുറിച്ചും സമൂഹം നടത്തുന്ന പരസ്യവും, സ്വതന്ത്രവും നിർഭയവുമായ സമൂഹത്തിന്റെ ഏറ്റവും പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ ദാരിദ്ര്യത്തിൽ നിന്നുമോചിപ്പിക്കുവാനും, സ്ത്രീ ശാക്തീകരണത്തിനും, പ്രകൃതിവിഭവ പരിപാലനം, കൃഷിവികസനം എന്നിവയിലൂന്നി പ്രാദേശിക വികസനവും സാദ്ധ്യമാക്കുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

സമ്പൂർണ്ണ ശുചിത്വ യജ്ഞം (ടി.എസ്.സി.)

സംസ്ഥാനത്ത് സമ്പൂർണ്ണ ശുചിത്വം കൈവരിക്കുന്നതിനുവേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പരിപാടികളും പദ്ധതികളും ഈ സംരംഭത്തിൽ ഉൾപ്പെടുന്നു. സംസ്ഥാനത്ത് ഹരിതകേരളം പദ്ധതിയുമായി 2016 മുതൽ ഈ പദ്ധതി ബന്ധപ്പെടുത്തിയിട്ടുണ്ട്.

വ്യക്തിശുചിത്വം, ഗൃഹ ശുചിത്വം, സ്ഥാപന ശുചിത്വം എന്നിങ്ങനെ ശുചിത്വ പിരപാടിയെ തരം തിരിക്കാം. അതായത് സമ്പൂർണ്ണ ശുചിത്വത്തിന്റെ ആദ്യപടി ആരംഭിക്കുന്നത് ഓരോരുത്തരുടെയും വ്യക്തി ശുചിത്വത്തിൽ നിന്നുമാണ്. ഉദാഹരണമായി പറഞ്ഞാൽ ദിവസേന രാവിലെയും വൈകിട്ടും പല്ലുകൾ വൃത്തിയാക്കുക, കുളിക്കുക, വൃത്തിയുള്ള വസ്ത്രങ്ങൾ ധരിക്കുക, നഖം കൃത്യമായി മുറിച്ചുകളയുക, മുടിയും-ചർമ്മവും സംരക്ഷിക്കുക തുടങ്ങിയവ.

സ്ഥാപനശുചിത്വം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് നാം ഓരോരുത്തരും ജോലി ചെയ്യുന്നതോ വിദ്യ അഭ്യസിക്കുന്നതോ ആയ സ്ഥാപനങ്ങൾ, സ്കൂളുകൾ, കോളേജുകൾ, ഫാക്ടറികൾ, കച്ചവട സ്ഥലങ്ങൾ, ഹോട്ടലുകൾ തുടങ്ങിയ സ്ഥലങ്ങളിൽ എല്ലാവരും സഹകരിച്ചുകൊണ്ട് പരിസരവും ഓഫീസിന്റെ ഉള്ളിലും വൃത്തിയായി സൂക്ഷിക്കുക. ഫയലുകളും മറ്റ് സാധന സാമഗ്രികളും അടുക്കോടും ചിട്ടയോടും സൂക്ഷിക്കുക. ഖര ദ്രവ മാലിന്യങ്ങൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യുക. ജൈവ അജൈവ മാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കുക.

സമൂഹശുചിത്വം എന്നതുകൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത് നമ്മുടെ ചുറ്റും റോഡുകൾ, കനാലുകൾ, കോളനികൾ, മാർക്കറ്റുകൾ, മറ്റ് പൊതുസ്ഥലങ്ങൾ എന്നിവിടങ്ങൾ ശുചിയാക്കുക. സാമൂഹ്യ ജീവികളായ നാമെല്ലാവരും സഹകരിച്ചും ശ്രദ്ധിച്ചും ചെയ്യേണ്ട കാര്യങ്ങളാണിത്. പൊതുസ്ഥലങ്ങളും കനാലുകളും വൃത്തിയില്ലാതെ കിടക്കുന്നത് പകർച്ചവ്യാധികൾ പരത്തുന്ന ഈച്ച, കൊതുക്, എലി എന്നിവയ്ക്ക് അനുകൂല ജീവിതസാഹചര്യം ഒരുക്കും. ഇവയും പരമാവധി ഒഴിവാക്കാൻ ശ്രദ്ധിക്കണം. ഖരമാലിന്യ പരിപാലനത്തിൽ സ്വന്തം മാലിന്യം സ്വന്തം ഉത്തരവാദിത്വം എന്ന മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ പ്രചരണം നടത്തിവരുന്നു.

IEC (Information - Education - Communication) ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് കാര്യങ്ങൾ അറിയുക പഠിക്കുക മറ്റുള്ളവരെയും ഒപ്പം നമ്മെത്തന്നെയും സമ്പൂർണ്ണ ശുചിത്വത്തിന്റെ ആശയം പകർന്ന് നൽകുന്ന വക്താക്കളും പ്രവർത്തി മണ്ഡലത്തിൽ എത്തിക്കുന്നവരും ആക്കി മാറ്റുക എന്നതാണ്. ഖരമാലിന്യ പരിപാലന പരിപാടിയുമായി ബന്ധപ്പെട്ട് സ്വാപ്പ്ഷോപ്പുകൾ നിർമ്മിക്കുക, മെറ്റീരിയൽ റിക്കവറി കേന്ദ്രങ്ങൾ, റീസൈക്ലിംഗ് കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നിവ ഈ പദ്ധതിയുമായി ബന്ധപ്പെടുത്തി നടത്തുന്നു,

സമ്പൂർണ്ണ ശുചിത്വത്തിന്റ ഭാഗമായി 2014 മുതൽ കേന്ദ്ര ഗവ. നടപ്പാക്കി വന്നതായ ''വെളിയിട മലവിസർജന വിമുക്തപദ്ധതി'' തൊടുപുഴ ബ്ലോക്കിലും 514 കക്കൂസുകൾ നിർമ്മിച്ച് നടപ്പാക്കിയിട്ടുണ്ട്. പഞ്ചായത്ത്തല പദ്ധതികളിൽ ഓരോ വർഷവും 10% മാലിന്യ പരിപാലനത്തിനായി മാറ്റിവയ്ക്കുന്നു. തൊടുപുഴ ബ്ലോക്കിന്റെ കീഴിലുള്ള 6 പഞ്ചായത്തുകൾക്കും ശുചിത്വ പദവി കൈവരിക്കാനായി.

കേരളത്തിൽ ശുചിത്വമുള്ള സാനിറ്ററി കക്കൂസുകൾ ഇല്ലാത്തവരും ദാരിദ്ര്യ രേഖയ്ക്ക് താഴെ ഉള്ളവരും ആയ എല്ലാവർക്കും ശുചിത്വമാർന്ന കക്കൂസുകൾ നിർമ്മിച്ച് നൽകുക എന്നത് സമ്പൂർണ്ണ ശുചിത്വത്തിന്റെ പ്രധാനപ്പെട്ട ഒരു ഭാഗമാണ്. ജില്ലാ സമ്പൂർണ്ണ ശുചിത്വയജ്ഞം എന്ന പേരിൽ ഇടുക്കി

പൈനാവിൽ പ്രവർത്തിച്ചുവരുന്ന ഓഫീസ് ആണ് ഇതിന്റെ ജില്ലാതല ഓഫീസ്. ജില്ലാ ശുചിത്വമിഷൻ ഓഫീസും ജില്ലാ കോ-ഓർഡിനേറ്ററും ആണ് മേൽ പറഞ്ഞിട്ടുള്ള എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി വരുന്നത്.

ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി

(റൂറൽ ഇൻഫോസ്ട്രചറൽ ഡവലപ്മെന്റ് ഫണ്ട് - ആർ.ഐ.ഡി.എഫ്)

നബാർഡ് 1995-96-ൽ ആരംഭിച്ചതാണ് ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി അഥവാ ആർ.ഐ.ഡി.എഫ് പദ്ധതി. ഈ പദ്ധതിയിൽ കീഴിൽ സംസ്ഥാന ഗവൺമെന്റ് രൂപകൽപന ചെയ്യുന്ന ഗ്രാമീണ റോഡുകൾ, പാലങ്ങൾ, ചെറുകിട ജലസേചനം ഉൾപ്പെടെയുള്ള ജലസേചനം, നീർമറി പ്രദേശ വികസനം എന്നിവയ്ക്ക് ദീർഘകാല വായ്പകൾ നബാർഡിൽ നിന്ന് നൽകി വരുന്നു.

ആർ.ഐ.ഡി.എഫ് XVIII-ൽപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തിൽ 76 ലക്ഷം രൂപ ചെലവ് വരുന്ന 8 റോഡുകൾക്ക് നബാർഡ് അനുമതി നൽകി. ആദ്യം ബ്ലോക്ക് പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പ്രോജക്ട് നടപ്പാക്കുകയും തുടർന്ന് നബാർഡിൽ നിന്ന് തുക വസൂലാക്കുകയും ആണ് പതിവ്.

പി.എം.എ.വൈ. ഭവന പദ്ധതി

1985-86 കാലയളവിലെ ഗ്രാമീണ തൊഴിൽ ഭദ്രതാ പരിപാടിയുടെ ഒരു ഉപപദ്ധതിയായിട്ടാണ് ഇന്ദിര ആവാസ് യോജന തുടങ്ങിയത്. 1989 മുതൽ അത് ജെ.ആർ.വൈ-യുടെ ഒരു ഉപപദ്ധതിയായി തുടർന്നു. 1996 മുതൽ ഒരു സ്വതന്ത്ര പദ്ധതിയായി തുടർന്നു വരികയാണ്.

പി.എം.എ.വൈ. പദ്ധതിയിൽ പുതിയ ഭവനങ്ങളുടെ നിർമ്മാണത്തിന് അനുവദിക്കുന്ന പരമാവധി കേന്ദ്ര ധനസഹായം **12,0000** രൂപയാണ്. ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതി പ്രകാരം വീട് നിർമ്മാണത്തിനുള്ള സബ്സിഡി തുക എല്ലാ വിഭാഗത്തിനും 4 ലക്ഷം രൂപയാണ്. കേന്ദ്ര വിഹിതത്തിനു പുറമെ അധികം വേണ്ടിവരുന്ന തുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പദ്ധതി വിഹിതത്തിൽ നിന്ന് വകയിരുത്തുന്നു.

വീട് നിർമ്മാണത്തിന്റെ പരിപൂർണ്ണ ഉത്തരവാദിത്വം ഗുണഭോക്താക്കളിൽ നിക്ഷിപ്തമാണ്. വീട് നിർമ്മാണത്തിനുള്ള സഹായധനം വീടിന്റെ നിർമ്മാണ പുരോഗതി അനുസരിച്ച് ഗഡുക്കളായി ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതാണ്. വീടുകളുടെ തറ വിസ്തീർണ്ണം 400 ചതുരശ്ര അടി അയിരിക്കണമെന്നല്ലാതെ പ്രത്യേക ഡിസൈൻ യാതൊന്നും നിശ്ചയിച്ചിട്ടില്ല. വീടിനോടനുബന്ധിച്ച് പുകയില്ലാത്ത അടുപ്പും, സാനിട്ടറി കക്കൂസും ഉണ്ടായിരിക്കണം.

എം.പി.മാരുടെ പ്രാദേശിക വികസന പരിപാടി, എം.എൽ.എ. മാരുടെ പ്രത്യേക വികസന ഫണ്ട്

ബ്ലോക്ക് പഞ്ചായത്ത് വഴി നടപ്പാക്കുന്ന MPLADS, MLASDF പദ്ധതികൾ എം.പി., എം.എൽ.എ. മാർ നിർദ്ദേശിക്കുന്നു. പദ്ധതി e- ടെൻഡർ മുഖേനയും നടപ്പാക്കുന്നു.

ദേശീയ സമ്പാദ്യ പദ്ധതി

വികസന പ്രക്രിയയിൽ അദ്വിതീയ സ്ഥാനമാണ് സമ്പാദ്യശീലത്തിനുള്ളത്. ധനിക-ദരിദ്രഭേദമെന്യേ ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുന്നതിന് ഭാരത സർക്കാർ ആവിഷ്കരിച്ചിട്ടുള്ള മുഖ്യപരിപാടികളിൽ ഒന്നാണ് ദേശീയ സമ്പാദ്യ പദ്ധതി (നാഷണൽ സേവിംഗ്സ് സ്കീം). ഈ പദ്ധതിയുടെ നടത്തിപ്പിൽ വികസന ബ്ലോക്കുകൾക്ക് നിർണ്ണായകമായ പങ്കാണുള്ളത്. പോസ്റ്റോഫീസ് ആവർത്തന നിക്ഷേപ (റെക്കറിംഗ് ഡെപ്പോസിറ്റ്) ത്തിലൂടെ ഗ്രാമീണ ജനതയെ വികസന പ്രക്രിയയിൽ പങ്കാളികളാക്കുന്നു. സാമൂഹ്യ ക്ഷേമപദ്ധതികളുടെ ബോധവൽക്കരണം ഇവരിലൂടെ നടപ്പാക്കിവരുന്നു.

ഇതിനായി എം.പി.കെ.ബി.വൈ. (മഹിള പ്രധാൻ ക്ഷേത്രീയ ബചത്ത് യോജന) ഏജന്റ് മാരായി അർപ്പണ ബോധമുള്ള ഒരു കൂട്ടം വനിതകൾ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു. കൂടാതെ കിസാൻ വികാസ് പത്ര, ദേശീയ സമ്പാദ്യ പദ്ധതി 8-ാം ഇഷ്യൂ, പബ്ലിക് പ്രൊവിഡന്റ് ഫണ്ട്, പെൻഷൻ, നിക്ഷേപ പദ്ധതി, മാസവരുമാന പദ്ധതി, പോസ്റ്റോഫീസ് ടൈം ഡെപ്പോസിറ്റ്, നാഷണൽ സേവിംഗ്സ് സ്കീം, സീനിയർ സിറ്റിസെൻ സ്മോൾ സേവിംഗ്സ് സ്കീം, റിട്ടയർ ചെയ്ത കേന്ദ്ര സർക്കാർ, പൊതുമേഖലാ ഉദ്യോഗസ്ഥരുടെ നിക്ഷേപ പദ്ധതി 1992 എന്നിവയിൽ പണം നിക്ഷേപിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നതിന് എസ്.എ.എസ്. (സ്റ്റാന്റേർഡ് ഏജൻസി സിസ്റ്റം) ഏജന്റുമാരെയും ജില്ലയിലൂടെ നിയമിച്ചുവരുന്നു. അഭ്യസ്തവിദ്യരായ വനിതകൾക്ക് ഉപജീവനമാർഗ്ഗവും രാഷ്ട്രവികസനത്തിന് സാമ്പത്തികാടിത്തറയും നിക്ഷേപകർക്ക് സുരക്ഷിതത്വവും നൽകുന്നു എന്നതാണ് ദേശീയ സമ്പാദ്യപദ്ധതിയുടെ പ്രത്യേകത.

പദ്ധതിയുടെ പേര്

1. പോസ്റ്റ് ഓഫീസ് സേവിംഗ്സ് അക്കൗണ്ട്
2. പോസ്റ്റ് ഓഫീസ് ആവർത്തന നിക്ഷേപം (കൂട്ടുപലിശ)
3. പോസ്റ്റ് ഓഫീസ് ടൈം ഡെപ്പോസിറ്റ് (കൂട്ടുപലിശ) ഒരു വർഷം, രണ്ടു വർഷം, മൂന്നു വർഷം, അഞ്ചു വർഷം
4. ദേശീയ സമ്പാദ്യ സർട്ടിഫിക്കറ്റ് 8-ാം ഇഷ്യൂ
5. കിസാൻ വികാസ് പത്ര (8 വർഷം 7 മാസം കൊണ്ട് ഇരട്ടിക്കുന്നു.)
6. മാസവരുമാന പദ്ധതി (10% ബോണസ്)
7. നാഷണൽ സേവിംഗ്സ് സ്കീം 1992 (കൂട്ടുപലിശ)
8. പബ്ലിക് പ്രോവിഡന്റ് ഫണ്ട് സ്കീം (കൂട്ടുപലിശ)
9. പെൻഷൻ നിക്ഷേപ പദ്ധതി
10. സുകന്യ, സമൃദ്ധി പദ്ധതി

പൗരാവകാശ രേഖ : തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 272 (എ) വകുപ്പ് 2004-ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ ചട്ടങ്ങൾ)

താഴെപ്പറയുന്ന സേവനങ്ങൾ ഈ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരന്മാർക്ക് പഞ്ചായത്ത് സമയബന്ധിതമായി നടപ്പാക്കുന്നതാണ്

1. ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്

സേവനങ്ങൾ	നിർവ്വഹണത്തിന് ആവശ്യമായ ജോലി ഘട്ടങ്ങൾ	ആവശ്യമായ നിബന്ധനകൾ മാനദണ്ഡങ്ങൾ അപേക്ഷിക്കേണ്ട വിധം	ആവശ്യമായ ഫീസ്	സേവന ലഭ്യത ഉറപ്പാക്കുന്നതിനുള്ള സമയം	ചുമതല നിർവ്വഹിക്കേണ്ട ഉദ്യോഗസ്ഥർ
1	2	3	4	5	6
പി.എം.എ.വൈ ഭവന നിർമ്മാണം	കേന്ദ്ര ഗവൺമെന്റിന്റെ സാമൂഹ്യ സാമ്പത്തിക ജാതി സെൻസസിൽ ഉൾപ്പെട്ട നിലവിൽ വാസയോഗ്യമായ വീടില്ലാത്ത കുടുംബങ്ങളെ ഗ്രാമസഭാ അംഗീകാരത്തിന് വിധേയമായി തെരഞ്ഞെടുക്കുന്നു. തുടർന്ന് ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അപേക്ഷകൾ വി.ഇ.ഒ മുഖേന ബ്ലോക്കിൽ സമർപ്പിക്കുന്നു. നിലവിലുള്ള വീടുകളുടെയും വീട് പണിയാനുദ്ദേശിക്കുന്ന സ്ഥലത്തിന്റേയും	60% എസ്.സി/എസ്.ടി, 40% ജനറൽ വനിതകൾക്കാണ് നൽകേണ്ടത്. വനിതകളുടെ പേരിൽ സ്ഥലം ഇല്ലെങ്കിൽ പുരുഷന്മാരുടെയും സ്ത്രീകളുടെയും പേരിൽ സ്ഥലം ഉണ്ടെങ്കിൽ പരിഗണിക്കും. ഹാജരാക്കേണ്ട രേഖകൾ 1.ഫോട്ടോ 2 2.ഭൂനികുതി രശീതി 3.കൈവശാവകാശ സർട്ടിഫിക്കറ്റ് 4.ബാങ്ക് പാസ്സ് ബുക്കിന്റെ കോപ്പി 5.ജാതി സർട്ടിഫിക്കറ്റ് 6.തൊഴിൽ കാർഡ്	ഇല്ല	അപേക്ഷ ലഭിച്ച് 4 ദിവസത്തിനകം സ്റ്റേജ് സർട്ടിഫിക്കറ്റ് ബ്ലോക്ക് പഞ്ചായത്തിൽ നൽകുന്നു. തുടർന്ന് ഫണ്ടിന്റെ ലഭ്യത പ്രകാരം 5 ദിവസത്തിനകം തുക നൽകുന്നു.	1.വി.ഇ.ഒ 2.EO(H) 3.ബി.ഡി.ഒ

	ഫോട്ടോ വി.ഇ.ഒ മാർ ജിയോടാഗ് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ഹൗസിംഗ് ഓഫീസറുടെ ശുപാർശയോടെ ധനസഹായം നൽകുന്നു. തുടർന്ന് ലിന്റൽ പൂർത്തീകരണം എന്നീ ഘട്ടങ്ങൾ ജിയോടാഗ് ചെയ്ത് ധനസഹായം വിവിധ ഘട്ടങ്ങളായി നൽകുന്നു.	7.ഇപ്പോൾ താമസിക്കുന്ന വീടിന്റെ മുമ്പിൽ കുടുംബം നിൽക്കുന്ന ഫോട്ടോ 8.ആധാർ കാർഡ് കോപ്പി			
ദേശീയ സമ്പാദ്യ പദ്ധതി	പോസ്റ്റോഫീസിൽ നിക്ഷേപിക്കുന്നു. കാലാവധി പൂർത്തീകരിക്കുമ്പോഴോ 3 വർഷത്തിനു ശേഷം ഗുണഭോക്താവ് ആവശ്യപ്പെടുകയോ ചെയ്യുകയാണെങ്കിൽ ഗുണഭോക്താവിന്റെ ഏജന്റുമാർ ഗുണഭോക്താക്കളിൽ നിന്ന് സമാഹരിക്കുന്ന തുക നിക്ഷേപിച്ച് തുകയും പലിശയുമടക്കം അക്കൗണ്ടിലേക്ക് നൽകുന്നു.	എസ്.എസ്.എൽ.സി പാസ്സായിരിക്കണം. നിക്ഷേപം സ്വരൂപിക്കാൻ താൽപര്യം ഉള്ളവർ ആയിരിക്കണം. ലക്ഷ്യമനുസരിച്ചുള്ള സമ്പാദ്യം ക്ലിപ്തസമയത്തിനകം ശേഖരിച്ചിരിക്കണം. പോസ്റ്റൽ വകുപ്പിന്റെ അനുമതി ലഭിച്ചിരിക്കണം.	ഇല്ല	ഗവ.തീരുമാനിക്കുന്ന കാലാവധി	1.വി.ഇ.ഒ 2.ജി.ഇ.ഒ 3.ബി.ഡി.ഒ

ബി.പി.എൽ സർട്ടിഫിക്കറ്റ്	നിലവിലുള്ള ദാരിദ്ര രേഖാ ലിസ്റ്റിൽ ഉൾപ്പെട്ട അർഹരായ വർക്ക് വി.ഇ.ഒ മുഖേന ആവശ്യപ്പെട്ട ഗുണഭോക്താ ക്കൾക്ക് വി.ഇ.ഒ വിന്റെ ശുപാർശ യുടെ അടിസ്ഥാന ത്തിൽ ബി.ഡി.ഒ അനുവദിക്കുന്നു.	ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോ ക്താക്കൾ അപേക്ഷ വെള്ളക്കടലാസ്സിൽ സമർപ്പിക്കണം. ബന്ധ പ്പെട്ട വി.ഇ.ഒ / എൽ.വി. ഇ.ഒ ശുപാർശ ചെയ്തിരി ക്കണം.	ഇല്ല	1.വി.ഇ.ഒ. വിന് അപേക്ഷ ലഭിച്ചാൽ അതേദിവസം 2.വി.ഇ.ഒ. വിൽ നിന്നും ശുപാർശ സഹിതം അപേക്ഷ ലഭിച്ചാൽ അതേ ദിവസം	1.വി.ഇ.ഒ. 2.ബി.ഡി.ഒ.
സമ്പൂർണ്ണ ശുചിത്വയജ്ഞം അവബോധന പരി പാടികൾ (വ്യക്തി ശുചിത്വം, പരിസര ശുചിത്വം, കക്കൂസ് നിർമ്മാണം, മാലിന്യ സംസ്ക രണം, രോഗപ്രതി രോധം തുടങ്ങി യവ സംബന്ധിച്ച്	ഫണ്ടിന്റെ ലഭ്യതയനു സരിച്ച് പരിപാടികൾ സംഘടിപ്പിക്കും.	വെള്ളക്കടലാസിൽ എഴു തിയ അപേക്ഷ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കുക.	ഇല്ല	ഫണ്ട് ലഭിച്ച അംഗീകാരം ലഭി ക്കുന്ന മുറയ്ക്ക്	

ശിശു സൗഹൃദ ടോയിലറ്റ്	അങ്കൻവാടികൾക്ക് നൽകുന്നു. ഫണ്ടിന്റെ 50 ശതമാനം അഡ്വാൻസായി നൽകുന്നു.	ജില്ലാ സാനിട്ടേഷൻ സമിതിക്ക് സി.ഡി. പി.ഒ മുഖേന അങ്കൻവാടി ക്ഷേമസ മിതി അപേക്ഷ സമർപ്പിക്കണം.	ഇല്ല	ഫണ്ട് അനുവദി ക്കുന്ന മുറയ്ക്ക് എഗ്രിമെന്റ് വച്ചാ ലുടൻ	
പി.എം.ജി.എ സ്.വൈ 1. ഗതാഗത സൗകര്യമില്ലാത്ത ഗ്രാമ പ്രദേശ ങ്ങളെ പ്രധാന നിരത്തുമായി ബന്ധിപ്പിക്കുന്ന റോഡുകൾ നിർമ്മിക്കുന്നു.	1. റോഡിനാവശ്യ മായ സ്ഥലം വിട്ടുതരു മെന്ന് ഉറപ്പു വരുത്തണം. 2. പണിതീരുമ്പോൾ റോഡിന്റെ വീതി 8 മീറ്റർ ഉണ്ടായി രിക്കണം. 3. ഈ പദ്ധതിപ്രകാരം ഏറ്റെടുക്കുന്ന റോഡു കൾ പദ്ധതിയുടെ അടിസ്ഥാന രേഖ യായി തയ്യാറാക്കിയി ട്ടുള്ള കോർനെറ്റ് വർക്കിന്റെ ഒരു ഭാഗ മായിരി ക്കണം. 4. കൂടുതൽ ആളു കൾക്ക് പ്രയോജനം കിട്ടുന്ന റോഡുകൾക്ക് മുൻഗണന.	ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ടുകൾ തയ്യാ റാക്കി സ്റ്റേറ്റ് ടെക്നി ക്കൽ ഏജൻസിയുടെ അനുമതി വാങ്ങി കേന്ദ്രാനുമതിയ്ക്ക് സമർപ്പിക്കുന്നു.			
RIDF ബ്ലോക്ക് പഞ്ചായ ത്തുകൾ ഉദ്ദേശി	1. ഈ പദ്ധതിപ്ര കാരം ഏറ്റെടുക്കുന്ന റോഡുകൾക്ക് 8	പദ്ധതികൾക്കാവശ്യമായ പണത്തിന്റെ 20%, 10%, 5% തുക (പദ്ധതിയുടെ	ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തു	ഇല്ല	പ്രോജക്ടിൽ നിർദ്ദേശിക്കുന്ന കാലാവധി

ക്കുന്ന റോഡുകളുടെ നിർമ്മാണം. ഗോഡൗണുകൾ മാർക്കറ്റിംഗ് അടിസ്ഥാന സൗകര്യങ്ങൾ വിപണന കേന്ദ്രങ്ങളുടെ വികസനം.	മീറ്റർ വീതി ഉറപ്പുവരുത്തണം. 2. ആവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാക്കണം.	മേഖല അനുസരിച്ച്) പഞ്ചായത്തുകൾ പദ്ധതി വിഹിതത്തിന്റെ ജനറൽ സെക്ടറിലെ നോർമൽ വിഹിതത്തിൽ നിന്നും നൽകണം. 4. അംഗീകാരം ലഭിച്ച പ്രോജക്ടുകൾക്ക് സാങ്കേതികാനുമതിയോടു കൂടി ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ച് പണി നടത്തുകയും ചെയ്യുന്നു.	വഴി ഗ്രാമവികസന കമ്മീഷണർക്ക് സമർപ്പിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ്, ധനകാര്യ വകുപ്പ് വഴി പദ്ധതി നബാർഡിൽ എത്തിക്കുന്നു.		
മരാമത്ത് (പദ്ധതികൾ) 1. പശ്ചാത്തല മേഖലയിലുള്ള നിർമ്മാണ പ്രവർത്തനം 2. സേവന മേഖലയിലുള്ള നിർമ്മാണ പ്രവർത്തനം 3. ഉൽപ്പാദന മേഖലയിലുള്ള നിർമ്മാണ പ്രവർത്തനം	1. റോഡുകൾ, കലുങ്കുകൾ, ചെറുകിട ജലസേചനം, കുടിവെള്ളം, മണ്ണു സംരക്ഷണം, കെട്ടിടങ്ങൾ തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാവുന്നത്. 2. ബ്ലോക്ക് പഞ്ചായത്ത് ചെയ്യുന്ന റോഡുകൾക്ക് 6 മീറ്റർ വീതി നിർബന്ധം. 3. റോഡിനാവശ്യമായ സ്ഥലം സ്ഥലവാസികൾ സൗജന്യമായി രേഖാമൂലം വിട്ടുതരേണ്ടതാണ്.	1. പ്രോജക്ടുകൾക്ക് ഡി.പി.സി അംഗീകാരം വാങ്ങുന്നു. 2. ബ്ലോക്ക് പഞ്ചായത്ത് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി എൻജിനിയേറിംഗ് വിഭാഗത്തിൽ നിന്നും സാങ്കേതിക അനുമതി വാങ്ങുന്നു.	ഇല്ല	പ്രോജക്ടിൽ നിർദ്ദേശിക്കുന്ന കാലാവധി	

	4. അംഗീകാരം ലഭിച്ച പ്രോജക്ടുകൾ ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ച് പണി നടത്തുന്നു. 5. പണി തീരുന്ന മുറയ്ക്ക് ബിൽ തയ്യാറാക്കി ബിൽ തുക നൽകുന്നു.				
വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പണികൾ കാലവർഷക്കെടുതിയിൽ നാശം സംഭവിച്ച റോഡുകൾ, കലുങ്കുകൾ, തോടുകൾ, മണ്ണ് സംരക്ഷണം, കെട്ടിടങ്ങൾ എന്നിവയുടെ പുനഃരുദ്ധാരണ പ്രവൃത്തികൾ.	1. ഈ പദ്ധതിപ്രകാരം 3.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡുകൾ ഏറ്റെടുക്കാവുന്നതാണ്. 2. ഏറ്റെടുത്ത പ്രവൃത്തികൾ കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ചതായിരിക്കണം. 3. പണികൾ നടത്തുവാൻ വേണ്ടി അഡ്വാൻസ് ലഭിക്കുന്നതല്ല. 4. ഗുണഭോക്തൃ കമ്മിറ്റികൾ രൂപീകരിക്കണം. 5. പണി പൂർത്തിയാക്കുന്ന മുറയ്ക്ക് മുൻഗണനാക്രമമനുസരിച്ച് പണം മാറി നൽകുന്നു.	1. മണ്ഡലത്തിലെ ജനപ്രതിനിധികൾ സമർപ്പിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റിൽ നിന്നും ഭരണാനുമതി ലഭിക്കുന്നു. 2. വിശദമായ എസ്റ്റിമെറ്റ് തയ്യാറാക്കി ജില്ലാകളക്ടറുടെ അനുമതിക്കായി നൽകുന്നു. 3. ജില്ലാ കളക്ടറുടെ അനുമതി ലഭിച്ച പണികൾക്ക് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ സാങ്കേതികാനുമതി വാങ്ങുന്നു.	ഇല്ല	പ്രോജക്ടിൽ നിർദ്ദേശിക്കുന്ന കാലാവധി	

ദേശീയ സമ്പാദ്യ പദ്ധതി (സമ്പാദ്യ ശീലം വർദ്ധിപ്പിക്കാനുള്ള പദ്ധതി)	ഏജന്റുമാർ വീടുകളിൽ എത്തി തുക ശേഖരിച്ച് പോസ്റ്റ് ഓഫീസിൽ നിക്ഷേപിക്കുന്നു. കാലാവധി പൂർത്തിയാകുമ്പോൾ കാലാകാലങ്ങളിൽ ഗവൺമെന്റ് നിശ്ചയിക്കുന്ന പലിശ സഹിതം തുക മടക്കി നൽകുന്നു.	ഏജന്റുമാർ നേരിൽ ഭവനങ്ങൾ സന്ദർശിച്ച് സേവനം നൽകുന്നു.	ഇല്ല		
Standardised Agency System (S.A.S)	എസ്.എസ്.എൽ.സി പാസ്സായ 18 വയസ്സു പൂർത്തിയായ സ്ത്രീ പുരുഷന്മാർക്ക് അപേക്ഷ നൽകാം. NB: SAS-ൽ നിയമനം താല്കാലികമായി നിറുത്തിയിരക്കുന്നു. നിക്ഷേപ സൗകര്യം ലഭ്യമാണ്.	വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷ സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകണം.	5000 രൂപ സെക്യൂരിറ്റി ഫീസ്	അപേക്ഷ ലഭിച്ച് 7 ദിവസത്തിനകം പോസ്റ്റൽ ഡിപ്പാർട്ട്മെന്റിന് കൈമാറുന്നു. അപേക്ഷ തിരികെ അംഗീകാരം ലഭിച്ച് 7 ദിവസത്തിനകം നിയമനം നടത്തുന്നു.	
സാക്ഷരതാ പ്രവർത്തന ഏകോപനം നോഡൽ പ്രേരക്മാരുടെ നിയമനം	തുടർ സാക്ഷരതാ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി നോഡർ പ്രേരക് ഗ്രാമപഞ്ചായത്ത് തല സാക്ഷരതാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. തുടർ വിദ്യാഭ്യാസത്തിന്	വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ സർട്ടിഫിക്കറ്റ് പകർപ്പ് സഹിതം ബ്ലോക്ക് പഞ്ചായത്ത് സമിതിക്ക് നൽകണം.	ഇല്ല	അപേക്ഷ ലഭിച്ച് ഒരു മാസത്തിനകം.	

	മേൽനോട്ടം വഹിക്കുന്നു. ഒഴിവ് ഉണ്ടാകുന്നതിനനുസരിച്ച് നിയമനം ഇന്റർവ്യൂ നടത്തിയാണ് തെരഞ്ഞെടുപ്പ്. ഡിഗ്രി പാസായിരിക്കണ സാക്ഷരതാ പ്രവർത്തനങ്ങളിലും സാമൂഹ്യ സേവനത്തിലുമുള്ള മുൻപരിചയം അഭികാമ്യം.				
കേരളോത്സവം സംഘാടനം (കലാ-കായിക പ്രതിഭകളെ പ്രോത്സാഹിപ്പിക്കൽ)	15നും 40 നും ഇടയിൽ പ്രായമുള്ള യുവതീയുവാക്കൾക്കായിരിക്കണം. ഗ്രാമപഞ്ചായത്ത് തലത്തിൽ വിജയികളാവണം.	ഗ്രാമപഞ്ചായത്ത് തലത്തിൽ നിന്നും ജയിച്ചു വരുന്നവർ	ഇല്ല	ഗ്രാമപഞ്ചായത്തുകളിൽ കേരളോത്സവങ്ങൾ പൂർത്തിയായതിനു ശേഷം	

2. എൽ.എസ്.ജി.ഡി.അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസ്, തൊടുപുഴ

സേവനങ്ങൾ	നിർവ്വഹണത്തിന് ആവശ്യമായ ജോലി ഘടകങ്ങൾ	ആവശ്യമായ നിബന്ധനകൾ മാനദണ്ഡങ്ങൾ അപേക്ഷിക്കേണ്ട വിധം	ആവശ്യമായ ഫീസ്	സേവന ലഭ്യത ഉറപ്പാക്കുന്നതിനുള്ള സമയം	ചുമതല നിർവ്വഹിക്കേണ്ട ഉദ്യോഗസ്ഥർ
1	2	3	4	5	6
സാങ്കേതികാനുമതി സംബന്ധിച്ച വിവരം	പ്രോജക്ട്, വിശദമായ എസ്റ്റിമേറ്റ്, സൈറ്റ് പ്ലാൻ, സോഷ്യൽ മാപ്പ് (ആവശ്യമെങ്കിൽ)	പ്രോജക്ട് അംഗീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കികിട്ടുന്ന മുറയ്ക്ക്	ഇല്ല	15 ദിവസം	അസി.എക്സി. എഞ്ചിനീയർ എൽ.എസ്.ജി.ഡി തൊടുപുഴ ബ്ലോക്ക്

	റോഡുകളുടെ ചെയിനേജ്, വിശദമായ പ്ലാൻ എന്നിവ				
ബില്ലുകളുടെ സൂക്ഷമ പരിശോധനയും അംഗീകാരവും	ഒറിജിനൽ വർക്ക് ബിൽ ഇരു പാർട്ടികളും അംഗീകരിച്ച ഒറിജിനൽ എഗ്രിമെന്റ് (എഗ്രിമെന്റ് ഷെഡ്യൂൾ സഹിതം.) അംഗീകരിച്ച് താരതമ്യപട്ടിക, മാറ്റം വരുത്തിയ പ്ലാനുകൾ ആവശ്യമായ ലെവലുകൾ, ഭരണസമിതി/ സാങ്കേതികാനുമതി രേഖ, പർച്ചേഴ്സ് ബില്ലുകൾ, ലോഗ് ഷീറ്റ് മുതലായവ.	ഭരണാനുമതി/സാങ്കേതികാനുമതി/വ്യതിയാന പട്ടിക എന്നിവ ബന്ധപ്പെട്ട അധികാരികൾ അംഗീകരിച്ചിരിക്കണം. എഗ്രിമെന്റ് (ഷെഡ്യൂൾ സഹിതം ഇരു പാർട്ടികളും ഒപ്പിട്ടിരിക്കണം.	ഇല്ല	7 ദിവസം	അസി.എക്സി. എഞ്ചിനീയർ എൽ.എസ്.ജി.ഡി തൊടുപുഴ ബ്ലോക്ക്
പഞ്ചായത്തീരാജ് സംവിധാനത്തിൽ പൊതുമരാമത്ത് പ്രവർത്തികളെ സംബന്ധിക്കുന്ന വിവരങ്ങൾ	സമയാസമയങ്ങളിൽ ഗവൺമെന്റ്/ജില്ലാ പഞ്ചായത്ത് മറ്റ് ഭരണ നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും നിർദ്ദേശങ്ങളും		ഇല്ല	15 ദിവസം/ ഉത്തരവിൽ നിഷ്കർഷിച്ച കാലയളവിനകത്ത്	അസി.എക്സി. എഞ്ചിനീയർ എൽ. എസ്.ജി.ഡി തൊടുപുഴ ബ്ലോക്ക്

തൊടുപുഴ ബ്ലോക്ക് പട്ടികജാതി വികസന ആഫീസുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പരിപാടികൾ

1. പ്രീമെട്രിക് വിദ്യാഭ്യാസം

(എ) ലംപ്സം ഗ്രാന്റ്

സ്കൂളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം, വസ്ത്രം എന്നിവ വാങ്ങുന്നതിന് താഴെ കാണുന്ന നിരക്കിൽ വാർഷിക ലംപ്സം ഗ്രാന്റ് നൽകുന്നതിനാവശ്യമായ തുക വിദ്യാഭ്യാസ വർഷാരംഭത്തിൽ സ്കൂൾ ഹെഡ്മാസ്റ്റർക്ക് ബ്ലോക്ക് പട്ടികജാതി വികസന ആഫീസർ നൽകുന്നു.

1. **നേഴ്സറി – 500/- രൂപ**
2. **എൽ.പി. വിഭാഗം – 750/- രൂപ**
3. **യു.പി. വിഭാഗം – 900/- രൂപ**
4. **ഹൈസ്കൂൾ – 1000/- രൂപ**

(ബി) ലംപ്സം ഗ്രാന്റ് പ്രൈമറി സെക്കന്ററി എഡ്യൂക്കേഷൻ എയിഡ്

1 മുതൽ 8 വരെ ക്ലാസ്സുകളിൽ സർക്കാർ / എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് യൂണിഫോം, ബാഗ്, കുട എന്നിവ വാങ്ങുന്നതിന് പഠനപ്രോത്സാഹനത്തിനായി 2000/- രൂപ പ്രൈമറി / സെക്കന്ററി എഡ്യൂക്കേഷൻ എയിഡായി നൽകുന്നു.

(സി) സ്റ്റൈപന്റ്

വേടൻ, നായാടി, അരുന്ധതിയാർ / ചക്കിലിയൻ, കള്ളാടി എന്നീ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് ചുവടെ പറയുന്ന നിരക്കിൽ പ്രതിമാസ സ്റ്റൈപന്റ് നൽകുന്നു.

1 മുതൽ 4 വരെ	–	200/- രൂപ
5 മുതൽ 7 വരെ	–	200/- രൂപ
8 മുതൽ 10 വരെ	–	200/- രൂപ

(ഡി) 9, 10 ക്ലാസ്സിൽ പഠിക്കുന്നവർക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് (കേന്ദ്രാവിഷ്കൃത പദ്ധതി)

9, 10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപന്റും ഗ്രാന്റും നൽകിവരുന്ന പദ്ധതി

	നിരക്കുകൾ	
	ഹോസ്റ്റലേഴ്സ്	ഡേസ്കോളർ
സ്കോളർഷിപ്പ് (പ്രതിമാസം)	525	225
ബുക്ക് ഗ്രാന്റ്	1000	750

(ഇ) ശ്രീ അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്

4, 7 ക്ലാസുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് 10-ാം ക്ലാസ്സ് വരെ പ്രതിവർഷം യു. പി. വിദ്യാർത്ഥികൾക്ക് 5000/- രൂപയും എച്ച്. എസ്. വിദ്യാർത്ഥികൾക്ക് 5500/- രൂപയും വീതം സ്കോളർഷിപ്പ്. അപേക്ഷകൾ ജൂൺ മാസത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നൽകുക. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, ഗ്രേഡ് സർട്ടിഫിക്കറ്റ് എന്നിവ നിർബന്ധം.

എഫ്) പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം (10-ാം ക്ലാസ്സിന് ശേഷം)

ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും

പ്ലസ് ടു, വി. എസ്. എസ്. ഇ	- 1400/- രൂപ
ഡിഗ്രി, തത്തുല്യകോഴ്സുകൾ	- 1400/- രൂപ
പി. ജി. തത്തുല്യകോഴ്സുകൾ	- 1900/- രൂപ
പ്രൊഫഷണൽ കോഴ്സുകൾ	- (500 മുതൽ 3800 വരെ കോഴ്സ് അനുസരിച്ച്)

സ്റ്റൈപ്പന്റ് നിരക്ക്

8 കിലോമീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക്	- 800/- രൂപ
8 കിലോമീറ്ററിൽ കൂടുതൽ യാത്ര ചെയ്തുവരുന്നവർക്ക്	- 900/- രൂപ

ജി) പ്രത്യേക പ്രോത്സാഹന സമ്മാനം

വിവിധ വാർഷിക പരീക്ഷകളിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്നു. നിരക്ക് ചുവടെ,

കോഴ്സ്	ഫസ്റ്റ് ക്ലാസ്സ് / ഗ്രേഡ്	ഡിസ്റ്റിംഗ്ഷൻ/ ഗ്രേഡ്
SSLC	2500	4000
പ്ലസ് ടു, റ്റി. റ്റി. സി. ഡിപ്ലോമ	3500	6000
ഡിഗ്രി	5000	7500
പി. ജി. മറ്റ് പ്രൊഫണൽ കോഴ്സുകൾ	7000	9000
	9000	12000

ജാതി സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റുകളുടെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം അക്ഷയ കേന്ദ്രങ്ങൾ വഴി ഇ-ഗ്രാന്റ് പോർട്ടലിലേക്ക് സമർപ്പിക്കുകയും ആയതിന്റെ ഹാർഡ് കോപ്പി വിദ്യാർത്ഥി താമസിക്കുന്ന ബ്ലോക്കിലെ പട്ടിക ജാതി വികസന ഓഫീസിൽ സമർപ്പിക്കണം.

സാമ്പത്തിക വികസന പദ്ധതികൾ

1) അഭിഭാഷകർക്ക് ധനസഹായം

നിയമവിദ്യാഭ്യാസം കഴിഞ്ഞ് എൻറോൾ ചെയ്ത് അഭിഭാഷകനായി പരിശീലനം ചെയ്യുന്നതിന് 3 വർഷത്തേയ്ക്ക് ധനസഹായം നൽകുന്നു.

ഒന്നാം വർഷം

1. എൻറോൾമെന്റ് ഫീസ്	-	96000/-
2. വസ്ത്രം വാങ്ങുന്നതിന്	-	4000/-
3. പുസ്തകം വാങ്ങുന്നതിന്	-	12000/-

രണ്ടും മൂന്നും വർഷങ്ങളിൽ

1. വസ്ത്രം വാങ്ങുന്നതിന്	-	4000/-
2. പുസ്തകം വാങ്ങുന്നതിന്	-	12000/-
3. മുറി വാടക (പ്രതിമാസം 500 രൂപ നിരക്കിൽ)	-	6000/-

അഭിഭാഷകനായി എൻറോൾ ചെയ്ത് 6 മാസത്തിനകം നിശ്ചിത മാതൃകയിലുള്ള അപേക്ഷ, ജാതി സർട്ടിഫിക്കറ്റ്, LLB യുടെ സർട്ടിഫിക്കറ്റ് , ബാർ കൗൺസിൽ എൻറോൾമെന്റ് സാക്ഷ്യപത്രം, സീനിയർ അഭിഭാഷകന്റെ സാക്ഷ്യപത്രം എന്നിവ സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം.

ക്രമ നമ്പർ	നൽകിവരുന്ന സേവനങ്ങൾ / സർട്ടിഫിക്കറ്റുകൾ മുതലായവയുടെ പേരു വിവരം	അർഹത ബി.പി.എൽ/ പരിമിത ചെറുകിട കർഷകർ	അപേക്ഷ നൽകേണ്ട/ തീയതി/ പ്രിന്റഡ് ഫോം/വെള്ള ക്കടലാസിൽ/ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണോഎന്നീ കാര്യങ്ങൾ	അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ ജാതി/വരുമാനം കൈവശം മരണ സർട്ടിഫിക്കറ്റ്/ ആധാരത്തിന്റെ പകർപ്പ്	സേവനങ്ങൾ/ സർട്ടിഫിക്കറ്റുകൾ മുതലായവ ലഭ്യമാക്കാൻ എടുക്കുന്ന കാലയളവ്	അർഹതയില്ലാത്ത പക്ഷം അവ മടക്കി നൽകുവാൻ എടുക്കുന്ന പരമാവധി സമയം
1	പ്രീമെട്രിക് ഹോസ്റ്റലുകൾ	5-ാം ക്ലാസ്സ് മുതൽ ഉള്ള വിദ്യാർത്ഥികൾക്ക് ബ്ലോക്ക് പഞ്ചായത്ത് / മുനിസിപ്പാലിറ്റി കോർപ്പറേഷൻ എന്നിവയ്ക്ക് കൈമാറിയ 85 ഹോസ്റ്റലുകൾ	മെയ് മാസത്തിൽ അപേക്ഷ നൽകണം	ജാതി സർട്ടിഫിക്കറ്റ്, വരുമാനം, സ്കൂൾ വാർഷിക പരീക്ഷയുടെ ഗ്രേഡ് സർട്ടിഫിക്കറ്റ്		ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിന് ശേഷം
2	മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം	SSLC പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും B+ൽ കുറയാത്ത ഗ്രേഡ് ലഭിച്ച വിദ്യാർത്ഥികൾക്ക് രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി 4.5 ലക്ഷം	അപേക്ഷ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നൽകണം	ജാതി സർട്ടിഫിക്കറ്റ്, വരുമാനം, SSLC പരീക്ഷയുടെ ഗ്രേഡ് സർട്ടിഫിക്കറ്റ് (മാർക്ക് ലിസ്റ്റിന്റെ പകർപ്പ്)		ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിന് ശേഷം
3	പഠനമുറിധന സഹായം	പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗവൺമെന്റ് / എയ്ഡഡ് / സ്പെഷ്യൽ/ ടെക്നിക്കൽ സ്കൂളുകളിൽ 8, 9, 10, 11, 12 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വാർഷിക വരുമാന പരിധി ഒരു ലക്ഷം (ധന സഹായതുക 2 ലക്ഷം)	ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്ക്	ജാതി, വരുമാനം, സ്കൂൾ സർട്ടിഫിക്കറ്റ്, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, വീടിന്റെ വിസ്തീർണ്ണം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, തദ്ദേക സ്വയംഭരണ സ്ഥാപനത്തിൽ നിന്നും NOC		ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിന് ശേഷം

4	ഭാരതത്തിന് വെളിയിൽ പഠിക്കുന്ന വർക്കുള്ള ധനസഹായം	പട്ടികജാതി വിഭാഗം വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ് ഡയറക്ട്രേറ്റ് തലത്തിൽ അനുവദി ക്കാവുന്നതാണ്.	അപേക്ഷ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നൽകണം	ജാതി, വരുമാനം, സ്കൂൾ വാർഷിക പരീക്ഷയുടെ ഗ്രേഡ് സർട്ടിഫിക്കറ്റ്		ഗുണഭോക്താ ക്കളുടെ തിരഞ്ഞെടുപ്പിന് ശേഷം
5	ഭാരതത്തിന് വെളിയിൽ പഠിക്കുന്ന വർക്കുള്ള ധനസഹായം	പട്ടികജാതി വിഭാഗം വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ് ഡയറക്ട്രേറ്റ് തലത്തിൽ അനുവദി ക്കാവുന്നതാണ്.	അപേക്ഷ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നൽകണം	ജാതി, വരുമാനം, സ്കൂൾ വാർഷിക പരീക്ഷയുടെ ഗ്രേഡ് സർട്ടിഫിക്കറ്റ്		ഗുണഭോക്താ ക്കളുടെ തിരഞ്ഞെടുപ്പിന് ശേഷം
6	പ്ലസ് ടു പഠനത്തിന് ശേഷമുള്ള എൻട്രൻസ് കോച്ചിംഗ്	പ്ലസ് ടു പഠനത്തിന് ശേഷം B+ ൽ കുറയാത്ത ഗ്രേഡ് വാങ്ങി സയൻസ്, ഇംഗ്ലീഷ്, കണക്ക് എന്നീ വിഷയങ്ങൾ പാസായിട്ടുള്ളതും ജില്ലാ പട്ടികജാതി വികസന ഓഫീസറും ജില്ലാ കളക്ടറും അടങ്ങുന്ന സമിതി തെരഞ്ഞെ ടുക്കുന്ന സ്ഥാപനങ്ങളിൽ പഠിക്കുന്നതുമായ പട്ടികജാതി വിദ്യാർത്ഥികൾക്ക് വരുമാന പരിധി 6 ലക്ഷം	ജില്ലാ പട്ടിക - ജാതി വികസന ഓഫീസർ മാർക്ക് നൽകണം.	ജാതി, വരുമാനം, സ്കൂൾ വാർഷിക പരീക്ഷയുടെ ഗ്രേഡ് സർട്ടിഫിക്കറ്റ്		ഗുണഭോക്താ ക്കളുടെ തിരഞ്ഞെടുപ്പിന് ശേഷം

7	പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ	വിവിധമത്സര പരീക്ഷകൾക്ക് പട്ടികജാതി വിഭാഗം ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിന്	അപേക്ഷ ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നൽകണം	ജാതി, സർട്ടിഫിക്കറ്റ്, സ്കൂൾ/കോളേജ് വാർഷിക പരീക്ഷയുടെ ഗ്രേഡ് സർട്ടിഫിക്കറ്റ്		ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിന് ശേഷം
8	വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തിക സഹായം	അദ്യസ്ഥവിദ്യരും ഏതെങ്കിലും തൊഴിൽ മേഖലയിൽ നൈപുണ്യവും പരിശീലനവും ലഭിച്ച പട്ടികജാതി യുവതീ യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് യാത്രയ്ക്കും വിസ സംബന്ധമായ ചെലവുകൾക്കും (വരുമാന പരിധി ഒരു ലക്ഷം)	ജാതി, വരുമാന സർട്ടിഫിക്കറ്റ്, ഇന്ത്യൻ പാസ്പോർട്ട്, വിദേശ തൊഴിൽ ദാതാവിൽ നിന്നും ലഭിച്ച തൊഴിൽ കരാർ പത്രം, വിസ	ജാതി, സർട്ടിഫിക്കറ്റ്, സ്കൂൾ/കോളേജ് വാർഷിക പരീക്ഷയുടെ ഗ്രേഡ് സർട്ടിഫിക്കറ്റ്		ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിന് ശേഷം
9	വിജ്ഞാൻ വാടി	പട്ടികജാതി വിദ്യാർത്ഥികളുടെയും യുവാക്കളുടേയും ഉന്നമനത്തിനു വേണ്ടി				
10	ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി	പട്ടികജാതിയിലെ ദുർബലവിഭാഗക്കാരുടെ (വേടൻ, നായാടി, ചക്ലിയ / അരുദ്ധതിയാർ, കള്ളാടി) പുരധിവാസ പദ്ധതി. (വരുമാന പരിധി 50,000 രൂപ)	ബ്ലോക്ക് പട്ടിക ജാതി വികസന ഓഫീസർക്ക് അപേക്ഷ നൽകാം	ജാതി, വരുമാനം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സാക്ഷ്യപത്രം		ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിന് ശേഷം

11	SAFE പദ്ധതി	വിവിധ വകുപ്പുകളിൽ നിന്നും അനുവദിച്ചു നൽകിയ ഭവന നിർമ്മാണ ധനസഹായ തുക പൂർണമായും കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്ത വർക്ക്. വരുമാന പരിധി ഒരു ലക്ഷം	ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം (സ്റ്റാമ്പ് വേണ്ട)	ജാതി, വരുമാനം എന്നീ സർട്ടിഫിക്കറ്റുകൾ, ഉടമസ്ഥാവകാശം, തദ്ദേശസ്വയം ഭരണ സ്ഥാപനത്തിൽ നിന്നും സാക്ഷ്യപത്രം	ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ അംഗീകാരത്തിനു ശേഷം	
12	അംബേദ്കർ ഗ്രാമം പദ്ധതി	സാമൂഹ്യ വികസനത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നതും മുഷ്തോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ള നഗറുകൾ			MLA മാരുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ പദ്ധതി നിർവഹനം	

13	ഭൂരഹിത ഭവന രഹിത പുനരധി വാസ പദ്ധതി വിവാഹി തർക്കു മാത്രം	ലൈഫിമി ഷൻ ലിസ്റ്റിൽ ഉൾപ്പെട്ട സ്വന്തമായി ഭൂമിയി ല്ലാത്ത പട്ടികജാതി വിഭാഗം വരുമാന പരിധി 100000/-	പ്രിന്റഡ് ഫോം സ്റ്റാമ്പ് വേണ്ട	ജാതി, വരു മാന സർട്ടിഫി ക്കറ്റ്, അപേ ക്ഷകനും കുടുംബാംഗ ങ്ങൾക്കും ഭൂമി കണ്ടെത്തി ഉടമയുടെ സമ്മതപത്രം ബാധ്യതാ രഹിത സർട്ടി ഫിക്കറ്റ്	ഗുണഭോ ക്താക്കളുടെ ജില്ലാതല തെരഞ്ഞെടു പ്പിന് ശേഷം	ഗുണഭോ ക്താക്കളുടെ തെരഞ്ഞെടു പ്പിന് ശേഷം
14	ചികിത്സാ ധനസ ഹായം (വകുപ്പ് മന്ത്രിയുടെ ദുരിതാ ശ്വാസ നിധിയിൽ നിന്ന്)	പട്ടികജാതി ബി.പി.എൽ കുടുംബം (1 ലക്ഷം രൂപ വരു മാന പരിധി)	പ്രിന്റഡ് ഫോം സ്റ്റാമ്പ് വേണ്ട	ജാതി, വരു മാന സർട്ടി ഫിക്കറ്റ്, ഗവൺമെന്റ് ഡോക്ടറുടെ നിശ്ചിത ഫോറ ത്തിലുള്ള സർട്ടിഫിക്കറ്റ്, ബാങ്ക് പാസ് ബുക്ക്	അംഗീകരി ക്കുന്നതും, മടക്കുന്നതും ഗവൺമെന്റ് തീരുമാന ത്തിന് വിധേ യമായി	ഗുണഭോ ക്താക്ക ളുടെ തെര ഞ്ഞെടുപ്പിന് ശേഷം
15	മിശ്രവിവാ ഹിതർക്ക് ധന സഹായം	1,00,000/- രൂപയിൽ താഴെ വാൽഷിക വരുമാന മുള്ള മിശ്ര വിവാഹ ദമ്പ തികൾ ഒരാൾ പട്ടിക ജാതി വിഭാ ഗത്തിൽ ആയിരി ക്കണം.	പ്രിന്റഡ് ഫോം സ്റ്റാമ്പ് വേണ്ട	ജാതി, വരു മാന സർട്ടി ഫിക്കറ്റ്, (രണ്ട് പേരു ടേയും) കോ-ലിവിങ്ങ് സർട്ടിഫിക്കറ്റ്, അസ്സൽ പ്രമാണം, വിവാഹ സർട്ടിഫിക്കറ്റ്.	ജില്ലാ ആഫീ സിന്റെ തീരു മാനത്തിന് വിധേയം	ഗുണഭോ ക്താക്കളുടെ തെരഞ്ഞെടു പ്പിന് ശേഷം
16	സ്വയം തൊഴിൽ ധനസ ഹായം	ഏഴാം ക്ലാസ്സ് പാസ്, 18 - 50 വയസ്സു ള്ളവർ ബാങ്കുകൾ മുഖേന 3 ലക്ഷം രൂപ വായ്പ നൽകുന്നു. ഇതിൽ 1 ലക്ഷം രൂപ	പ്രിന്റഡ് ഫോം സ്റ്റാമ്പ് വേണ്ട 3 കോപ്പി	ജാതി, വരു മാനം, വിദ്യാ ഭ്യാസ യോഗ്യത, പ്രായം എന്നിവ തെളിയി ക്കുന്ന സർട്ടി ഫിക്കറ്റ്, പ്രോജക്ട് റിപ്പോർട്ട്,	ജില്ലാ ആഫീ സിന്റെ തീരു മാനത്തിന് വിധേയം	ഗുണഭോ ക്താക്കളുടെ തെരഞ്ഞെടു പ്പിന് ശേഷം

		സബ്സിഡിയായി നൽകും.		ബാങ്കിന്റെ സമ്മത പത്രം, പാസ്പോർട്ട് സൈസ് ഫോട്ടോ എല്ലാം രണ്ട് വീതം.		
17	എസ്.എസ്.എൽ.സി, പ്ലസ് ടു/ ഡിഗ്രി തോറ്റ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് വീണ്ടും പരീക്ഷ എഴുതുന്നതിനുള്ള സഹായം	പട്ടികജാതി ഒ.ഇ.സി. പോസ്റ്റ് മെട്രിക് ക്ലാസുകളിൽ പഠിക്കുന്നവർക്ക് പ്ലസ് ടു, ഡിഗ്രി, പി.ജി. കോഴ്സിൽ	പ്രിന്റഡ് ഫോം സ്റ്റാമ്പ് വേണ്ട	എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ ജാതി തെളിയിക്കുന്നതിനുള്ള പേജിന്റെ കോപ്പി, മാർക്ക് ലിസ്റ്റിന്റെ പകർപ്പുകൾ	ജില്ലാ ആഫിസിന്റെ തീരുമാനത്തിന് വിധേയം	ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിന് ശേഷം
18	പാരലൽ കോജേിൽ പഠിക്കുന്നവർക്ക് ധന സഹായം അപേക്ഷ ജില്ലാ ആഫീസർക്ക്	പട്ടികജാതി ഒ.ഇ.സി പോസ്റ്റ് മെട്രിക് ക്ലാസുകളിൽ പഠിക്കുന്നവർക്ക് പ്ലസ് ടു, ഡിഗ്രി, പി.ജി, കോഴ്സിൽ	പ്രിന്റഡ് ഫോം സ്റ്റാമ്പ് വേണ്ട, ഇ-ഗ്രാന്റ് സൈറ്റ് മുഖേന	ജാതി സർട്ടിഫിക്കറ്റ്, എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ പകർപ്പ് മുൻപരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ് (ഗവൺമെന്റ് സ്ഥാപനങ്ങളിലും മറ്റ് എയ്ഡഡ് സ്ഥാപനങ്ങളിലും അപേക്ഷിച്ച് സെലക്ഷൻ ലഭിച്ചില്ല എന്നുള്ളതിന് സ്ഥാപന മേധാവിയിൽ നിന്നുള്ള സർട്ടിഫി	ജില്ലാ ഓഫീസറുടെ തീരുമാനത്തിന് വിധേയം	

				ക്കറ്റ്, പ്ലസ് വണ്ണിന് പഠിക്കുന്നവർ ഹാജരാക്കണം.		
19	പട്ടിക ജാതി പെൺകുട്ടികളുടെ വിവാഹത്തിന് ധന സഹായം (75,000/- രൂപ)	ബി.പി. എൽ	പ്രിന്റഡ് ഫോം	ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, പെൺകുട്ടിയുടെ വയസ് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, വിവാഹം നിശ്ചയിച്ചത് സംബന്ധിച്ച സർട്ടിഫിക്കറ്റ്	ജില്ലാ ഓഫീസിൽ നിന്ന് അനുവദിക്കുന്നമുറയ്ക്ക്	

പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികൾ

1. പ്രീമെട്രിക് വിദ്യാഭ്യാസം

എസ്.എസ്.എൽ.സി. വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന ചെലവുകൾക്കായുള്ള ലപ്സം ഗ്രാന്റ് പ്രതിമാസ സ്റ്റൈഫന്റ് എന്നിവ നൽകി വരുന്നു. ലപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവയുടെ നിരക്ക് ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	എൽ.പി.വിഭാഗം	ലപ്സംഗ്രാന്റ്	പ്രതിമാസ സ്റ്റൈഫന്റ്
1	I മുതൽ IV വരെ	750/-	200/-
2	യു.പി.വിഭാഗം V മുതൽ VIII വരെ	900/-	200/-
3	ഹൈസ്കൂൾ വിഭാഗം	1000/- (ഒരു ക്ലാസ്സിൽ തോറ്റ് രണ്ടാംവർഷം പഠിക്കുന്ന കുട്ടികൾക്ക് വാർഷിക ലംപ്സം ഗ്രാന്റിന്റെ 50% നൽകുന്നു.)	200/-

2. പോസ്റ്റ്മെട്രിക് പഠനം

പത്താം ക്ലാസ്സ് പഠനം പൂർത്തിയാക്കി വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ മുഴുവൻ ഫീസും, വാർഷിക ലംപ്സംഗ്രാന്റും, പ്രതിമാസ സ്റ്റൈഫന്റും നൽകുന്നു. യൂണിവേഴ്സിറ്റി അംഗീകരിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലും എല്ലാ കോഴ്സുകൾക്കും ഈ ആനുകൂല്യം ലഭിക്കുന്നു. വിവിധ കോഴ്സുകൾക്ക് വ്യത്യസ്ഥ നിരക്കിലാണ് ലംപ്സം ഗ്രാന്റ് നൽകുന്നത്.

കോഴ്സ്	ലംപ്സംഗ്രാന്റ്	പ്രതിമാസ സ്റ്റൈഫന്റ്	
		8 കി.മി ഉള്ളിൽ താമസിക്കുന്ന വർക്ക്	8 കി.മി പുറത്ത് താമസിക്കുന്ന വർക്ക്
Plus Two/Vocational H.S തത്തുല്യം	1400/-	800/-	900/-
B.A/B.Sc/B,Com/B.Ed തത്തുല്യം	1400/-	800/-	900/-
MA/M.Sc/M.Com തത്തുല്യം	1900/-	800/-	900/-
Engineering /Vetenary/Agricultural മുതലായവ	2700/-	800/-	900/-
MBBS/MS/MD	3800/-	800/-	900/-

കോളേജ് ഹോസ്റ്റലുകളിലും മറ്റ് അംഗീകൃത ഹോസ്റ്റലുകളിലും താമസിച്ച് പഠിക്കുന്നവർക്ക് പ്രതിമാസ സ്റ്റൈഫന്റിന് പകരം യഥാർത്ഥ താമസ-ഭക്ഷണ ചെലവും പോക്കറ്റ് മണിയും നൽകുന്നു.

മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സ് വിദ്യാർത്ഥികൾ	പ്രതിമാസ പോക്കറ്റ് മണി നിരക്ക് 200/- രൂപ
മറ്റ് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾ	പ്രതിമാസ പോക്കറ്റ് മണി നിരക്ക് 200/- രൂപ

3. നഴ്സറി സ്കൂളുകൾ

പ്രീ-പ്രൈമറി വിദ്യാഭ്യാസം നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 13 നഴ്സറി സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു. ഈ നഴ്സറി സ്കൂളുകൾ 1995-96-ൽ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയെങ്കിലും നഴ്സറി സ്കൂളുകളിൽ ടീച്ചർ, ആയ എന്നിവരുടെ ശമ്പളവും മറ്റ് അലവൻസുകളും കുട്ടികളുടെ ഉച്ചഭക്ഷണത്തിനുള്ള ചെലവുകളും പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നാണ് നൽകുന്നത്.

കുട്ടികൾക്കുള്ള ലംപ്സം ഗ്രാന്റ്	500/- രൂപ
പ്രതിദിനം ഒരു കുട്ടിക്കുള്ള ഭക്ഷണ ചെലവ്	40/- രൂപ

4. പ്രീമെട്രിക് ഹോസ്റ്റലുകൾ

പട്ടികവർഗ്ഗക്കാരുടെ ആവാസകേന്ദ്രങ്ങൾ പലതും വിദ്യാഭ്യാസ സൗകര്യം ലഭ്യമല്ലാത്ത ദുർഘട പ്രദേശങ്ങളിലാണ്. ആയതിനാൽ പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസത്തിന് സൗകര്യങ്ങൾ ഒരുക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 106 പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു. ഇതിൽ 6 എണ്ണം ആൺകുട്ടികൾക്കും, 44 എണ്ണം പെൺകുട്ടികൾക്കും 1 എണ്ണം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും (മിക്സഡ്) ആയി പ്രവർത്തിക്കുന്നു. ഇതിൽ 99 ഹോസ്റ്റലുകൾക്ക് സ്വന്തമായി കെട്ടിടം ഉണ്ട്. ചില ഹോസ്റ്റലുകളുടെ കെട്ടിടനിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. 34 ഹോസ്റ്റലുകൾക്ക് സ്ഥലത്തിന്റെ അഭാവത്തിൽ സ്വന്തമായ കെട്ടിടം നിർമ്മിക്കാൻ സാധിച്ചിട്ടില്ല. ഹോസ്റ്റലുകളിൽ താമസം, ഭക്ഷണം, പഠനോപകരണങ്ങൾ തുടങ്ങിയ എല്ലാ വിദ്യാഭ്യാസ ചെലവുകളും അന്തേവാസികൾക്ക് സൗജന്യമാണ്. ഹോസ്റ്റൽ അന്തേവാസികളുടെ ആഹാരചെലവുകൾക്ക് അനുവദനീയമായ നിരക്ക് താഴെ കൊടുക്കുന്നു.

1-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെയുള്ളവർക്ക്	3000/- രൂപ
+1, +2 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക്	3450/- രൂപ

5. പ്രീമെട്രിക് ഹോസ്റ്റലുകൾ

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ +2 ക്ലാസ്സിനു മുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കുന്നതിനായി നിലവിൽ 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ തിരുവനന്തപുരം,

പാലക്കാട്, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. അഞ്ച് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ കൂടി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

6. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ (എം.ആർ.എസ്)

സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിന് റസിഡൻഷ്യൽ സൗകര്യത്തോടുകൂടി ആരംഭിച്ചിട്ടുള്ളവയാണ് എം.ആർ.എസ്.-കൾ. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 17 എം.ആർ.എസ്. സ്കൂളുകളും, തിരുവനന്തപുരം ഞാറനീലിയിൽ കുറ്റിച്ചൽ എന്നിവടങ്ങളിൽ രണ്ട് സി.ബി.എസ്.ഇ സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. ഈ 19 സ്ഥാപനങ്ങളിലായി 5769 കുട്ടികൾ പഠിച്ചു വരുന്നു. ഇവയിൽ 1990-91-ൽ ആരംഭിച്ച കട്ടേല, നല്ലൂർനാട്, എം.ആർ.എസ്-കൾ കൂടാതെ നിലവിൽ കാസർഗോഡ്, കണ്ണൂർ, ചാലക്കുടി, മൂന്നാർ, വശശ്ശേരിക്കര, നൂൽപ്പുഴ, കൽപ്പറ്റ, നിലമ്പൂർ, ഞാറനീലി (CBSE) എന്നീ സ്കൂളുകളും മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്കൂളുകളാണ്. മലപ്പുറം (നിലമ്പൂർ), വയനാട്(നൂൽപ്പുഴ), പാലക്കാട് (മലമ്പുഴ) എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന 3 സ്കൂളുകൾ പ്രത്യേക ദുർബല വിഭാഗക്കാർക്കായി ആരംഭിച്ചിട്ടുള്ളവയാണ്. തിരുനെല്ലിയിൽ (വയനാട്) പ്രവർത്തിക്കുന്ന എം.ആർ.എസ് അടിയ - പണിയ വിഭാഗക്കാർക്ക് പ്രത്യേക പ്രവേശനം നൽകി വരുന്നു. പട്ടികജാതി/പട്ടികവർഗ്ഗ റസിഡൻഷ്യൽ എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ നിയന്ത്രണത്തിലാണ് എം.ആർ.എസ്-കൾ പ്രവർത്തിക്കുന്നത്. സ്കൂളുകളുടെ കെട്ടിടനിർമ്മാണത്തിന് 100% കേന്ദ്രസഹായം ലഭിക്കുന്നവയെ എം.ആർ.എസ്-കൾ പ്രവർത്തിക്കുന്നുണ്ട്. എം.ആർ.എസ്-കളിലും ഞാറനീലി, കുറ്റിച്ചൽ സി.ബി.എസ്.ഇ സ്കൂളുകളിലും പ്രവേശനം ലഭിക്കുന്ന എല്ലാ കുട്ടികൾക്കും താമസം, ഭക്ഷണം തുടങ്ങി എല്ലാ വിദ്യാഭ്യാസ ചെലവുകളും സൗജന്യമായിരിക്കും.

ഡിസംബർ/ജനുവരി മാസങ്ങളിൽ എം.ആർ.എസ് പ്രവേശനത്തിന് അപേക്ഷ ക്ഷണിക്കുന്നു. പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ അർഹരായ അപേക്ഷകരിൽ നിന്ന് യോഗ്യരായ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. എം.ആർ.എസ് പ്രവേശനത്തിന് തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളുടെ രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി 1,00,000/- രാപയാണ്. ജില്ലകളിലെ ഐ.ടി.ഡി പ്രോജക്ട് ഓഫീസർ/പട്ടികവർഗ്ഗ വികസന ഓഫീസർക്കാണ് അപേക്ഷ നൽകേണ്ടത്. കണ്ണൂർ ജില്ലയിലെ ആറളത്ത് പുതിയ എം.ആർ.എസ്-കൾ സ്ഥാപിക്കുന്നതിനും ഈ സ്കൂളുകളിലെ ഭക്ഷണ ചെലവ് നിരക്ക് താഴെ കൊടുക്കുന്നു.

1-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെയുള്ളവർക്ക്	3000/- രൂപ
+1, +2 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക്	3450/- രൂപ

എം.ആർ.എസ്-കളുടെ ലിസ്റ്റ് അനുബന്ധം - 4 ആയി നൽകുന്നു.

7. വൊക്കേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

എൻ.സി.വി.ടി-യുടെ അംഗീകാരമുള്ള കോഴ്സുകളിൽ വൊക്കേഷണൽ ട്രെയിനിംഗ് നൽകുന്നതിനാണ് ഈ പദ്ധതി. ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് കുട്ടമലയിലും, ഇടുക്കി ജില്ലയിൽ നാടുകാണിയിലും ഓരോ ഐ.ടി.ഐ കൾ പ്രവർത്തിച്ചുവരുന്നു. ഇവിടെ 3 ട്രേഡുകൾക്ക് എൻ.സി.വി.ടി അംഗീകാരമുണ്ട്. നിലവിലുള്ള 2 ഐ.ടി.സി കളുടെ പ്രവർത്തനത്തിനും കേന്ദ്രഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും അംഗീകാരമുള്ള സ്ഥാപനങ്ങൾ മുഖേന വിവിധ തൊഴിൽ പരിശീലനം നടത്തുന്നു.

8. ഉല്പാദന പരിശീലന കേന്ദ്രം

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി വീവിംഗിൽ പരിശീലനം നൽകുന്നതിനായി തിരുവനന്തപുരം ജില്ലയിലെ ചേന്നൻപാറയിൽ ഒരു ഉല്പാദന പരിശീലന കേന്ദ്രം പ്രവർത്തിച്ചു വരുന്നുണ്ട്.

9. വ്യവസായിക പരിശീലന കേന്ദ്രങ്ങൾ

സാങ്കേതിക തൊഴിലുകളിൽ പരിശീലനം നൽകുന്നതിനുവേണ്ടി തയ്യൽ, നെയ്ത്ത്, ചൂരൽപ്പണി, മരപ്പണി എന്നവയിൽ തൊഴിൽ പരിശീലനം നൽകുന്ന 13 മാതൃക പരിശീലന കേന്ദ്രങ്ങളും വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

10. ഗോത്രസാരഥി

14 വയസ്സുവരെ കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം ഭരണഘടന ഉറപ്പുനൽകുന്നു. പട്ടികവർഗ്ഗ ഊരുകൾ ദുർഘട വനപ്രദേശത്തോ മതിയായ വാഹന സൗകര്യം ഇല്ലാത്ത ഒറ്റപ്പെട്ട ഉൾപ്രദേശങ്ങളിലോ, വാഹന സൗകര്യമില്ലായ്മയും വന്യമൃഗങ്ങളുടെ ആക്രമണ ഭീഷണിയും സ്കൂളിലെത്താൻ കുട്ടികൾക്ക് പ്രയാസമുണ്ടാകുന്നു. ഇവർക്കെല്ലാം പ്രവേശനം നൽകാൻ മതിയായ ഹോസ്റ്റൽ സൗകര്യവും ഇല്ലാത്തതിനാൽ സ്വന്തം ഊരുകളിൽ നിന്ന് സ്കൂളുകളിൽ പോയി വരുന്ന ഇത്തരം വിദ്യാർത്ഥികൾക്ക് സ്കൂൾ പി.ടി.എ യുടെയും സ്കൂളിലെ അദ്ധ്യാപകരുടെയും സഹകരണത്തോടെ സ്കൂളിൽ പോയിവരാൻ വാഹന സൗകര്യം ചെയ്തുകൊടുക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് ഗോത്രസാരഥി. വീട്ടിൽ നിന്നും സ്കൂളിൽ എത്താനുള്ള വാഹന വാടക (ഓട്ടോ/ജീപ്പ്/വാൻ തുടങ്ങിയ വാഹനങ്ങൾക്കുള്ള വാടക) നൽകുന്ന പദ്ധതിയാണിത്. 2013-14 മുതൽ സംസ്ഥാനത്ത് മുഴുവനായി ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

11. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് പദ്ധതി

സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ 5-ാം ക്ലാസ്സ് മുതലുള്ള തുടർ പഠനത്തിനുള്ള എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 4-ാം ക്ലാസ്സിൽ പഠിക്കുന്ന മിടുക്കരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഒരു മത്സര പരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തുവരുന്നു. ഇവർക്ക് 10-ാം ക്ലാസ്സ് വരെ തുടർന്ന് സ്കോളർഷിപ്പ് നൽകുന്നു. പുസ്തകം, പഠനസാമഗ്രികൾ, യൂണിഫോം, പ്രതിമാസ സ്റ്റൈഫന്റ് എന്നീ ആനുകൂല്യങ്ങളും വിദ്യാർത്ഥികളുടെയും മാതാപിതാക്കളുടെയും ബോധതലം ഉയർത്താൻ സെമിനാർ നടത്തുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. 5-ാം ക്ലാസ്സിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് 5,900/- രൂപയും 6 മുതൽ 10 വരെ ക്ലാസ്സിൽ പഠിക്കുന്ന ഓരോ വിദ്യാർത്ഥിക്കും 4,900/- രൂപ വീതവും സ്കോളർഷിപ്പായി ലഭിക്കുന്നു. ഓരോ വർഷവും 200 വിദ്യാർത്ഥികളെയാണ് തെരഞ്ഞെടുക്കുന്നത്.

12. ട്യൂട്ടോറിയൽ ഗ്രാന്റ്

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് ഈ പദ്ധതി പ്രയോജനപ്പെടുത്തുന്നു. 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അടുത്തുള്ള പരലൽ കോളേജുകളിൽ/ട്യൂഷൻ സെന്ററിൽ ചേർന്ന് പഠിക്കുന്നതിന് പ്രതിമാസ ട്യൂഷൻ ഫീസ് രക്ഷകർത്താക്കൾ മുഖേന നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്. വർഷാവസാനം പരീക്ഷയ്ക്ക്

മുമ്പായി എസ്.എസ്.എൽ.സി, +2 വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.

ഈ പദ്ധതിയിലെ പ്രധാന ഘടകങ്ങൾ

1. ഹൈസ്കൂളുകളിലെയും 11, 12 ക്ലാസ്സുകളിലെയും വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ ഫീസ് നൽകുക.
2. എസ്.എസ്.എൽ.സി, പ്ലസ് ടു എന്നീ പരീക്ഷകളിൽ പരാജിതരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തോറ്റ വിഷയങ്ങൾ പഠിക്കുവാൻ ട്യൂഷൻ ഫീസ് നൽകുക.
3. അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയുടെ ഗുരുകുല പരിപാടി, പാലക്കാട് നെഹ്റു യവകേന്ദ്രത്തിന്റെ ഗിരിവികാസ് പദ്ധതി മുതലയാവ നടപ്പിലാക്കുക.
4. പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്ന പാർട്ട് ടൈം ട്യൂട്ടർമാരുടെ ഓണറേറിയം നൽകുക.

13. വസ്ത്ര വിതരണം

ട്രൈബൽ സ്കൂളുകളിലും വെൽഫെയർ സ്കൂളുകളിലുമുള്ള ലോവർ പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓരോ വർഷവും രണ്ടു ജോഡി യൂണിഫോം നൽകി വരുന്നു. ഇതിനുള്ള ചെലവ് ഒരു കുട്ടിക്ക് 500/- രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

14. ബോർഡിംഗ് ഗ്രാന്റ്

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംഗീകാരമുള്ളതും സന്നദ്ധ സംഘടനകൾ നടത്തുന്നതുമായ ഹോസ്റ്റലുകളിൽ അന്തേവാസികളായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ബോർഡിംഗ് ഗ്രാന്റ് നൽകുന്നു. കേരളത്തിൽ ഇപ്പോൾ 7 ഹോസ്റ്റലുകൾക്കാണ് ധനസഹായം നൽകുന്നത്.

ഇനം	ക്ലാസ്സ്	നിരക്ക്
ബോർഡിംഗ് ഗ്രാന്റ്	1 മുതൽ 10 വരെയുള്ള വിദ്യാർത്ഥികൾക്ക്	700/-
	+1, +2 വിദ്യാർത്ഥികൾക്ക്	800/-
യൂണിഫോം അലവൻസ്	1 മുതൽ 9 വരെയുള്ള വിദ്യാർത്ഥികൾക്ക്	500/-
	10 മുതൽ 12 വരെയുള്ള വിദ്യാർത്ഥികൾക്ക്	700/-

15. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം

അക്കാദമിക്-കലാകായിക മത്സരങ്ങളിൽ ഉന്നതവിജയം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന ഒരു പദ്ധതിയാണിത്. എസ്.എസ്.എൽ.സി, +2 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 3000/- രൂപയുംസ ബിരുദം, ബിരുദാനന്തര ബിരുദം എന്നീ പരീക്ഷകളിൽ ഒന്നാം ക്ലാസ്സിൽ പാസ്സാകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യഥാക്രമം 4500/-, 6000/- രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹന സമ്മാനം നൽകി വരുന്നു.

ബിരുദ കോഴ്സുകളിൽ ഒന്നാം ക്ലാസ്സിൽ താഴെ എറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയിക്കുന്ന വയനാട്, പാലക്കാട്, മലപ്പുറം, എന്നീ ജില്ലകളിൽ 5 വിദ്യാർത്ഥികൾക്ക് വീതവും മറ്റു ജില്ലകളിൽ 2 വിദ്യാർത്ഥികൾക്ക് വീതവും യഥാക്രമം 3000/- രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹന സമ്മാനം നൽകി വിരുന്നു.

16. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിനായി മെച്ചപ്പെട്ട നില വാരമുള്ള പ്രൈവറ്റ്/എയ്ഡഡ്/സർക്കാർ റസിഡൻഷ്യൽ സ്കൂളുകളിൽ ചേർത്ത് അവർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുള്ള ഒരു പദ്ധതിയാണിത്. 2013-14 വർഷം 10 വിദ്യാർത്ഥികളെ തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നു. ഈ വിദ്യാർത്ഥികൾക്ക് പഠിക്കുന്ന സ്ഥാപനത്തിന് താമസ ഭക്ഷണ സൗകര്യത്തിനായി ധനസഹായം നൽകുന്നു.

17. ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തൽ

സ്കൂളുകളിലെ അഡ്മിഷൻ 100% ഉറപ്പുവരുത്തുക, ഹോസ്റ്റൽ സൗകര്യം വർദ്ധിപ്പിക്കുക, പഠന നിലവാരം നിശ്ചയിക്കുന്നതിന് ടെസ്റ്റ് നടത്തുക, പരിഹാര അധ്യയനം നടത്തുക, സ്പെഷ്യൽ കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുക, പ്രവേശന പരീക്ഷയിൽ പങ്കെടുക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, സമർത്ഥരായ വിദ്യാർത്ഥികളെ പ്രശസ്തമായ വിദ്യാലയങ്ങളിൽ ചേർത്ത് പഠിപ്പിക്കുക എന്നീ പരിപാടികളിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. അധിക കേന്ദ്രസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള ഈ പദ്ധതി പ്രകാരം എം.ആർ.എസ്-കളിൽ കൗൺസിലർമാരെ നിയമിക്കുക. +1, +2 സയൻസ് ബാച്ചുകൾക്ക് പ്രവേശന പരീക്ഷ പരിശീലനം എം.ആർ.എസ്-കളിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ പ്രത്യേക പരിശീലനം എന്നിവയും നടപ്പിലാക്കി വരുന്നു.

18. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം

PVTG വിഭാഗത്തിൽപ്പെട്ട മിടുക്കരായ 30 ആൺകുട്ടികൾക്കും 30 പെൺകുട്ടികൾക്കും ഇന്ത്യയിലെ ചരിത്ര പ്രാധാന്യമുള്ള വിവിധ സ്ഥലങ്ങൾ സന്ദർശിക്കാൻ അവസരമൊരുക്കുന്ന പദ്ധതിയാണ് ഭാരതദർശൻ. ഭാരതദർശൻ പരിപാടിക്ക് പുറമെ പഠനത്തിൽ മികവ് പുലർത്തുന്ന +2 വിലും, ഡിഗ്രി ക്ലാസ്സിലും, ബിരുദാനന്തര ബിരുദത്തിനും, പ്രൊഫഷണൽ ഡിഗ്രി ഡിപ്ലോമ കോഴ്സുകളിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി വിനോദയാത്രയും പഠന യാത്രക്കുവേണ്ടിയുള്ള യഥാർത്ഥ ചെലവ് സാമ്പത്തിക സഹായമായി അനുവദിച്ചു നൽകി വരുന്നു.

19. മാതാപിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റ്

പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ അയയ്ക്കുന്നതിന് വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രതിമാസം 50/- രൂപ നിരക്കിൽ 10 മാസത്തേയ്ക്ക് 500/- രൂപ പ്രോത്സാഹന ധനസഹായം നൽകി വരുന്നു. ഓരോ അദ്ധ്യയന വർഷവും ഫെബ്രുവരി വരെയുള്ള ഹാജർ കണക്കാക്കി 75% ഹാജരുള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റ് നൽകി വരുന്നു.

20. പെരിപെറ്റാറ്റിക് സ്ഥാപനങ്ങൾ (പട്ടികവർഗ്ഗക്കാർക്കുവേണ്ടിയുള്ള സഞ്ചരിക്കുന്ന വിദ്യാഭ്യാസം)

പട്ടികവർഗ്ഗക്കാർക്ക് വിദ്യാഭ്യാസം നൽകുന്നതിന് തെരഞ്ഞെടുത്ത സങ്കേതങ്ങളിൽ അദ്ധ്യാപകർ സന്ദർശിച്ച് പഠിപ്പിക്കുന്ന ഒരു ഏകാദ്ധ്യാപക പരിപാടിയാണിത്. ഒറ്റപ്പെട്ട സങ്കേതങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിൽ ആഭിമുഖ്യം ഉണ്ടാക്കുക എന്നതാണ് ഈ പരിപാടിയുടെ മുഖ്യ ലക്ഷ്യം. 2005-06-ൽ പര്യടന വിദ്യാഭ്യാസ സെന്ററുകൾ സ്ഥാപിക്കുകയും അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും ചെയ്തുവരുന്നു. വകുപ്പിന് കീഴിൽ 7 പെരിപെതെറ്റിക് സെന്ററുകളും 23 ഏകാദ്ധ്യാപക സ്കൂളുകളും 3 ബാലവിജ്ഞാന കേന്ദ്രങ്ങളും പര്യടന വിദ്യാഭ്യാസ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ആരോഗ്യം

21. പട്ടികവർഗ്ഗ സമഗ്ര ആരോഗ്യ സുരക്ഷ

സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് ആരോഗ്യവകുപ്പു വഴി നടപ്പാക്കുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും, സർക്കാർ മെഡിക്കൽ കോളേജുകളിലും, പരിയാരം സഹകരണ മെഡിക്കൽ കോളേജുകളിലും, മലബാർ ക്യാൻസർ സെന്റർ തലശ്ശേരി, റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം ശ്രീചിത്തിര മെഡിക്കൽ സെന്റർ എന്നിവിടങ്ങളിൽ ചികിത്സക്കെത്തുന്ന പട്ടികവർഗ്ഗക്കാർക്ക് ഈ പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭിക്കുന്നു. ആശുപത്രികളിൽ ലഭ്യമല്ലാത്ത ചികിത്സാ ചെലവ് (മരുന്ന് വാങ്ങൽ, മെഡിക്കൽ ടെസ്റ്റ് തുടങ്ങിയവ) 10,000/- രൂപ വരെ ബി.പി.എൽ/എ.പി.എൽ അന്തരമില്ലാതെ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ലഭിക്കുന്നു. 10,000/- രൂപയ്ക്ക് മുകളിൽ ചികിത്സാ ചെലവ് വരുന്ന കേസുകൾ പട്ടികവർഗ്ഗക്കാരിൽ ബി.പി.എൽ വിഭാഗക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. വ്യക്തിഗത കേസുകളിൽ 10,000/- രൂപ വരെ ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടും, 50,000/- രൂപ വരെ ആശുപത്രി വികസനസമിതിയും 50,000/- രൂപയ്ക്ക് മുകളിൽ ചെലവു വരുന്ന കേസുകളിൽ സർക്കാർ അനുമതിയോടെ ആശുപത്രി അധികൃതർ ധനസഹായം അനുവദിക്കുന്നതാണ്. ആവശ്യമായ ഫണ്ട് ഡി.എം.ഒ വഴി തുക ആശുപത്രികൾക്ക് വിതരണം നടത്തുന്നു. മെഡിക്കൽ കോളേജ് ആശുപത്രികൾക്ക് ബന്ധപ്പെട്ട സൂപ്രണ്ട് മാർക്ക് അനുവദിക്കുന്നു.

22. അരിവാൾ രോഗത്തിനുള്ള ധനസഹായം

വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്ന ഒരു പാരമ്പര്യ രോഗമാണ് അരിവാൾ രോഗം. ഇത്തരം രോഗികൾക്ക് ഒരു സാന്ത്വനമെന്ന നിലയിലും അവർക്ക് അത്യാവശ്യം മരുന്നും മറ്റ് ജീവനോപാധികളും വാങ്ങുന്നതിനുമായി പ്രതിമാസം 2,500/- രൂപ വീതം ധനസഹായം നൽകി വരുന്നു. ബാങ്ക് അക്കൗണ്ട് വഴിയാണ് തുക നൽകുന്നത്.

23. ജനനി-ജന്മരക്ഷ

പട്ടികവർഗ്ഗ വിഭാഗത്തിൽ അമ്മയുടെയും, കുട്ടിയുടെയും പോഷകാഹാര ലഭ്യത ആരോഗ്യരംഗത്തെ പ്രധാന പ്രശ്നമാണ്. ആവശ്യ സമയത്ത് സാമ്പത്തിക സഹായം ലഭിച്ചെങ്കിലേ പ്രസവത്തിന് മുമ്പും പിമ്പും അവർക്ക് വേണ്ടത്ര പരിചരണം ഉണ്ടാവൂ. അമ്മമാരുടെയും കുട്ടികളുടെയും പോഷകാഹാര ലഭ്യത ഉറപ്പുവരുത്താൻ ആവിഷ്കരിച്ച പദ്ധതിയാണ് ജനനി-ജന്മരക്ഷ. ഗർഭിണിയായതിനു ശേഷ

മുള്ള 3 മാസം മുതൽ കുട്ടിക്ക് 1 വയസ്സാകുന്നതുവരെയുള്ള 18 മാസക്കാലം 2,000/- രൂപ വീതം ഓരോ മാസത്തിലും ഈ പദ്ധതി വഴി നൽകി വരുന്നു. ബന്ധപ്പെട്ട ട്രൈബൽ എക്സറ്റൻഷൻ ഓഫീസർ മുഖേനയാണ് ധനസഹായം നൽകി വരുന്നത്.

24. പട്ടികവർഗ്ഗ ദുരിതാശ്വാസ നിധി

പട്ടികവർഗ്ഗ സങ്കേതങ്ങളിലുള്ള രോഗികൾക്കും മറ്റ് ദുരിതം അനുഭവിക്കുന്നവർക്കും ബഹുമാനപ്പെട്ട വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഗുണഭോക്താവിന്റെ കുടുംബവാർഷിക വരുമാനം 1,00,000/- രൂപയിൽ താഴെ ആയിരിക്കണം. ക്യാൻസർ, വൃക്കരോഗം, ഹൃദയശസ്ത്രക്രിയ തുടങ്ങിയ മാരകമായ രോഗചികിത്സയ്ക്ക് 1 ലക്ഷം രൂപ വരെയും മറ്റ് രോഗങ്ങൾക്ക് രോഗങ്ങളുടെ തീവ്രത പരിഗണിച്ച് 50,000/- രൂപ വരെയും ധനസഹായം ഈ പദ്ധതിയിൽ അനുവദിക്കാവുന്നതാണ്. കുടുംബത്തിന്റെ ഏകവരുമാനദായകന്റെ അപകടമരണത്തിന് നിബന്ധനകൾക്ക് വിധേയമായി 2,00,000/- രൂപ വരെ ഈ പദ്ധതിയിൽ അനുവദിക്കാവുന്നതാണ്. അസുഖങ്ങൾക്ക് കഷ്ടപ്പെടുന്ന പട്ടികവർഗ്ഗക്കാർക്ക് 1 ലക്ഷം രൂപ വരെ ഡോക്ടറുടെ ശുപാർശപ്രകാരം ധനസഹായം നൽകിവരുന്നു. കൂടാതെ പ്രകൃതി ക്ഷോഭം, തീപിടുത്തങ്ങൾ മുതലായവ മൂലം ദുരിതമനുഭവിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് 50,000/- രൂപ വീതം നിബന്ധനകൾക്ക് വിധേയമായി നൽകി വരുന്നു.

25. സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റുകൾ

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ നെടുമങ്ങാട്, തൊടുപുഴ, കൊല്ലം എന്നീ സ്ഥലങ്ങൾ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന 4 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ഉണ്ട്.

26. ആരോഗ്യ പദ്ധതികൾ

മാനന്തവാടി, ഇടുക്കി, അട്ടപ്പാടി, ചാലക്കുടി എന്നീ പ്രദേശങ്ങളിലെ പട്ടികവർഗ്ഗക്കാർക്കിടയിൽ സാധാരണ ഉണ്ടാകുന്ന ക്ഷയം, കുഷ്ഠം, ത്വക് രോഗങ്ങൾ, സിക്കിൾസെൽ, അനീമിയ എന്നിവ ചികിത്സിച്ച് ഭേദപ്പെടുത്തുന്നതിനായി 1989-90-ൽ ആരംഭിച്ചതാണ് ഈ പദ്ധതി. നിലവിൽ അട്ടപ്പാടിയിൽ 2 ഒ.പി ക്ലിനിക്കും, ഇടുക്കിയിൽ ഒരു ഒ.പി ക്ലിനിക്കും, ചാലക്കുടി പട്ടികവർഗ്ഗ വികസന ഓഫീസറുടെ കീഴിൽ ഒരു ഒ.പി ക്ലിനിക്കും പ്രവർത്തിക്കുന്നു. ഈ പ്രോജക്ടുകൾ ഇപ്പോൾ ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലാണ്.

27. വൈദ്യസഹായ ഘടകങ്ങൾ

പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനുവേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 4 മിഡ്വൈഫറി സെന്ററുകളും, ഒരു ആയുർവേദ ആശുപത്രിയും , 17 ആയുർവേദ ഡിസ്പെൻസറികളും, 3 അലോപ്പതി ആശുപത്രികളും പ്രവർത്തിക്കുന്നുണ്ട്.

സാമൂഹ്യ സാമ്പത്തിക ഉന്നമന പദ്ധതികൾ

28. അടിയ പണിയ പ്രാക്തന വർഗ്ഗങ്ങൾക്കായി പാക്കേജ് പരിപാടി

മറ്റ് പട്ടികവർഗ്ഗ വിഭാഗങ്ങളേക്കാൾ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലുള്ള അടിയൻ, പണിയൻ, പ്രാക്തന ഗോത്രവർഗ്ഗക്കാർ എന്നിവരുടെ പിന്നോക്കാവസ്ഥ കണക്കിലെ

ടുത്ത് അവർക്ക് വിദ്യാഭ്യാസപരവും സാമ്പത്തികവുമായി മുന്നേറാൻ ഈ പദ്ധതികൾ സഹായിക്കുന്നു. ഈ വിഭാഗക്കാരുടെ ആരോഗ്യ പരിപാലനത്തിനും പദ്ധതി പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്. അട്ടപ്പാടി, മാനന്തവാടി, സുഗന്ധഗിരി (വയനാട്) എന്നിവടങ്ങളിൽ 3 അഗതി മന്ദിരങ്ങളും ഈ പദ്ധതിയിൽ പ്രവർത്തിക്കുന്നു.

29. ഭക്ഷ്യ സഹായ പരിപാടി

വർഷകാലത്ത് പട്ടികവർഗ്ഗക്കാർക്ക് പുറത്തുപോയി അവർ സാധാരണചെയ്യുന്ന ജോലി ചെയ്യുവാൻ പലപ്പോഴും സാധിക്കാതെ വരുന്നു. അവർക്കിടയിൽ മൺസൂൺ കാലത്ത് പട്ടിണിയും കഷ്ടപ്പാടും വർദ്ധിക്കുവാൻ അത് കാരണമാകുന്നു. ഈ കാലയളവിൽ അവർക്ക് ജോലിയും ആഹാരവും ഉറപ്പുവരുത്തുന്നതാണ് ഈ പദ്ധതി പ്രധാനമായും ലക്ഷ്യമിടുന്നത്. ജൂൺ മു തൽ സെപ്റ്റംബർ വരെയുള്ള 4 മാസങ്ങളിലാണ് ഊരുക്കൂട്ടങ്ങൾ മുഖേന പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

സംസ്ഥാനത്തെ ഏക പട്ടികവർഗ്ഗ പഞ്ചായത്തായ ഇടുക്കി ജില്ലയിലെ ഇടമലക്കുടിയിൽ ദേവികുളം ഗിരിജൻ സർവ്വീസ് സംഘം മുഖേന വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ ചുമട്ടുകൂലിയും ഈ പദ്ധതി പ്രകാരമാണ് നൽകി വരുന്നത്.

30. കൈത്താങ്ങ് (അനാഥർക്കുള്ള ധനസഹായം)

മാതാപിതാക്കൾ സംരക്ഷിക്കാനില്ലാത്ത അനാഥരും-അശരണരുമായ പട്ടികവർഗ്ഗ കുട്ടികൾക്ക് പ്രത്യേക സഹായം നൽകുന്നതിനാവശ്യമായ ചെലവ് ഈ പദ്ധതിയിലൂടെ അനുവദിക്കുന്നു. പ്രായപൂർത്തിയാകുന്നതുവരെയോ ജീവിക്കാനും വിദ്യാഭ്യാസത്തിനും ഈ പദ്ധതിയിലൂടെ സഹായം നൽകുന്നു. ഇത്തരത്തിലുള്ള കുട്ടികളെ സർവ്വെ ചെയ്ത് കണ്ടെത്തുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ടി വിദ്യാർത്ഥികൾക്ക് പ്രതിമാസം 1,000/- രൂപ വീതം 18 വയസ്സുവരെയോ സ്വന്തമായി തൊഴിൽ കണ്ടെത്തുന്നതുവരെയോ അനുവദിച്ചു വരുന്നു.

31. പൂൾഡ് ഫണ്ട് പദ്ധതികൾ

പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മാത്രമായി പ്രയോജനം ലഭിക്കുന്ന പ്രത്യേക പദ്ധതികൾ എല്ലാ വികസന വകുപ്പുകളും അവരുടെ പദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കണമെന്ന് 13.08..... 385/എ/08/പ്ലാനിംഗ് നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകയിരുന്നു. പൊതുവിദ്യാഭ്യാസം, സാമൂഹ്യനീതി, കല, സംസ്കാരം, കായിക വിനോദം, യുവജനക്ഷേമം, ആരോഗ്യം മുതലായ വകുപ്പുകൾ തയ്യാറാക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. എന്നാൽ പട്ടിക വർഗ്ഗ വികസനത്തിന് മുൻഗണന നൽകേണ്ട വൈദ്യുതി, കുടിവെള്ളം, കൃഷി, മൃഗസംരക്ഷണം എന്നീ വകുപ്പുകളുടെ പ്രോജക്ട് പ്രൊപ്പോസലുകൾക്കും ഈ പദ്ധതിയിൽ പരിഗണന നൽകുന്നു. പ്രസ്തുത വകുപ്പുകൾ തയ്യാറാക്കുന്ന പദ്ധതികൾ പട്ടികവിഭാഗക്കാർക്ക് പ്രയോജനപ്രദമാണെന്ന് സംസ്ഥാന ജില്ലാ വർക്കിംഗ് ഗ്രൂപ്പുകൾ ഉറപ്പുവരുത്തി പദ്ധതി നടപ്പിലാക്കുന്നു.

32. ഹാംലെറ്റ് വികസന പദ്ധതി

പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനത്തിന് ഉതകുംവിധം പട്ടികവർഗ്ഗ സങ്കേതങ്ങൾ വികസിപ്പിക്കുന്നതിനായി ഓരോ പട്ടികവർഗ്ഗ സങ്കേതത്തിനും ഒരു കോടി രൂപ വീതം വകയിരുത്തിക്കൊണ്ട് പശ്ചാത്തല സൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, സോളാർ ലൈറ്റുകൾ എന്നിവ ലഭ്യമാക്കാനും

ലിങ്ക് റോഡുകൾ, നടപ്പാതകൾ, കമ്മ്യൂണിറ്റി കേന്ദ്രങ്ങൾ, അംഗൻവാടികൾ, ഭവന പുനരുദ്ധാരണം തുടങ്ങിയവ നിർമ്മിക്കാനും ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നു.

33. ഗോത്ര സംസ്കൃതി (കേരള സംസ്ഥാന ട്രൈബൽ കോംപ്ലക്സ്)

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പരമ്പരാഗത കലാപ്രദർശനത്തിനും ഉൽപ്പന്നങ്ങളുടെ വിപണനത്തിനും വംശീയ ചികിത്സ, വംശീയ ഭക്ഷണം എന്നിവയ്ക്കെല്ലാമുള്ള സൗകര്യങ്ങളും താല്ക്കാലിക വിശ്രമ സൗകര്യവും ഒരുക്കാൻ കൊച്ചി നഗരത്തിൽ 118 ഏക്കർ സ്ഥലത്ത് 2229 ച.കി.മീ. വിസ്തൃതിയിൽ 3 നില കളിലായി ട്രൈബൽ കോംപ്ലക്സ് നിർമ്മിച്ചു. ഇത് പണി പൂർത്തിയായി വരുന്നു.

34. ആദിവാസി പുനരധിവാസ വികസന മിഷൻ (ടി.ആർ.ഡി.എം)

ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 3 ഏക്കർ മുതൽ പരമാവധി 5 ഏക്കർ വരെ ഭൂമി നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 1 ഏക്കറിൽ കുറവ് ഭൂമി കൈവശമുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുറഞ്ഞത് 1 ഏക്കർ ഭൂമി ഉറപ്പാക്കുന്നതിനാവശ്യമായ ഭൂമി ലഭിക്കുന്നതിന് അർഹതയുണ്ട്. പട്ടികവർഗ്ഗ കുടുംബങ്ങളെ ഇതിനായി തയ്യാറാക്കിയിട്ടുള്ള മാസ്റ്റർ പ്ലാൻ അനുസരിച്ച് പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനും നിർവ്വഹണം നടത്തുന്നതിനുമായി ട്രൈബൽ റീഹാബിലിറ്റേഷൻ ആന്റ് ഡെവലപ്മെന്റ് മിഷൻ (ടി.ആർ.ഡി.എം) രൂപീകരിച്ചിട്ടുണ്ട്.

1. ഭവന നിർമ്മാണം ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യവികസനം
2. ജലസേചനവും കൃഷിയും ഉൾപ്പെടെയുള്ള ഭൂവികസന പരിപാടികൾ
3. സ്വയംതൊഴിൽ പദ്ധതികൾ
4. ആരോഗ്യ പരിപാലന പരിപാടികൾ
5. മനുഷ്യ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന പരിപാടികൾ

പുനരധിവാസ പ്രവർത്തനങ്ങളിൽ താല്ക്കാലിക വാസസ്ഥലങ്ങൾ, കാർഷിക സാമഗ്രികൾ, ഭവന നിർമ്മാണം, ഊർജ്ജം, കുടിവെള്ളം, റോഡ് നിർമ്മാണം, മണ്ണ് സംരക്ഷണം, മൃഗസംരക്ഷണം, ജലസേചന ഫെറോസിമന്റ് ടാങ്ക്, തൊഴിൽ ലഭ്യമാക്കൽ പദ്ധതി, അംഗൻവാടി, കമ്മ്യൂണിറ്റി ഹാൾ, വയനാട്, പാലക്കാട് ജില്ലകളിൽ ഭൂമി വാങ്ങൽ എന്നിവ പ്രധാന പദ്ധതികളാണ്. ഈ പദ്ധതിയിൽ ഇതുവരെ ഭൂരഹിതർക്ക് ഏക്കർ ഭൂമി വിതരണം ചെയ്തു കഴിഞ്ഞു. വിതരണം ചെയ്ത ഭൂമിയിൽ മറ്റ് ഡീപ്പാർട്ടുമെന്റുകളുടെയും തദ്ദേശ സ്വയംഭരണ വകുപ്പുകളുടെയും ഏകപനത്തോടെ വികസന പദ്ധതികൾ പുരോഗമിച്ചു വരുന്നു.

35. പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം

നിർദ്ധനരായ പട്ടികവർഗ്ഗ യുവതികളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനുവേണ്ടിയുള്ള പദ്ധതിയാണിത്. വിവാഹധനസഹായം 50,000/- രൂപ നിരക്കിലാണ് നൽകി വരുന്നത്. വിവാഹ തീയതിക്ക് ഒരു മാസത്തിന് മുമ്പ് ധനസഹായത്തിനുള്ള അപേക്ഷ ബന്ധപ്പെട്ട ടി.ഇ.ഒ മാർക്ക് സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷിക്കാൻ സാധിക്കാത്തവർക്ക് വിവാഹത്തിന് ശേഷം അപേക്ഷിക്കുകയാണെങ്കിൽ ആയത് ഡയറക്ടറുടെ വിവേചന അധികാരമുപയോഗിച്ച് മാത്രമേ അനുവദിച്ച് നൽകുവാൻ സാധിക്കുകയുള്ളു.

36. ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് സ്കീം

പട്ടിക വർഗ്ഗ ഉപപദ്ധതി പ്രകാരമുള്ള പരിപാടികളിൽ നിലനിൽക്കുന്ന വിടവുകൾ നികത്തുന്നതിനുവേണ്ടിയാണ് പ്രോജക്ടധിഷ്ഠിത സമീപനം ഉൾക്കൊണ്ട് സ്വയംതൊഴിൽ, വൈദഗ്ധ്യ വികസനം, ശുദ്ധജല വിതരണം, ശുചിത്വം, നടപ്പാതകളുടെ നിർമ്മാണം സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തൽ, വിദ്യാഭ്യാസ ആരോഗ്യ പരിപാടികൾ, വൈദ്യുതീകരണം, എത്തിപ്പെടാൻ കഴിയാത്ത സ്ഥലങ്ങളിൽ ഗതാഗത സൗകര്യം, പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായപദ്ധതിയുടെ കുറവ് പരിഹരിക്കൽ എന്നിവ ഈ പദ്ധതി ലക്ഷ്യം വെയ്ക്കുന്നു.

37. പട്ടികവർഗ്ഗ പ്രൊമോട്ടർമാർ

പട്ടികവർഗ്ഗക്കാർ കൂടുതലായി അധിവസിക്കുന്ന പഞ്ചായത്തുകളിൽ വികസനത്തിന്റെ കണ്ണിയായി പ്രവർത്തിക്കുക, പഞ്ചായത്തുകളും മറ്റു വകുപ്പുകളും നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഗുണഭോക്താക്കളുടെ സിംഗിൾ വിൻഡോ ആയി പ്രവർത്തിക്കുക, ഗുണഭോക്താക്കളെ ബോധവൽക്കരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി വിദ്യാഭ്യാസമുള്ള 1182 പട്ടികവർഗ്ഗ യുവതീയുവാക്കളെ നിയമിച്ചിരുന്നു. കൂടാതെ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ചികിത്സതേടിയെത്തുന്ന പട്ടികവർഗ്ഗക്കാരെ സഹായിക്കുന്നതിന് ആവശ്യമായ 116 ഹെൽത്ത് പ്രൊമോട്ടർമാരെയും പി,വി.റ്റി.ജി. പദ്ധതിപ്രകാരം 216 പ്രൊമോട്ടർമാരെ ദുർബല ഗോത്ര ഊരുകളിലും നിയമിച്ചിട്ടുണ്ട്. ഇവർക്ക് പ്രതിമാസം 12,500/- രൂപ ഹോണറേറിയവും ഹെൽത്ത് പ്രൊമോട്ടർമാർക്ക് ഹോണറേറിയത്തോടൊപ്പം 1000/- രൂപ യാത്രാ ചെലവ് ഇനത്തിലും നൽകി വരുന്നു.

38. ഊരുകൂട്ടങ്ങൾ

എല്ലാ പട്ടികവർഗ്ഗ സങ്കേതങ്ങളിലും ഊരുകൂട്ടങ്ങൾ കൂടുന്നതിന് ഊരുകൂട്ടങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പരിശീലനം നൽകുന്നതിനും ലക്ഷ്യമിട്ടിട്ടുള്ളതാണ് ഈ പദ്ധതി. സൂക്ഷ്മതലത്തിലുള്ള ആസൂത്രണം, പ്രാഥമിക ആരോഗ്യ പരിപാലനം, സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ, നിർവ്വഹണത്തിലും മോണിറ്ററിങ്ങിലും പങ്കാളിത്തം വർദ്ധിപ്പിക്കൽ എന്നീ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരിക്കും പരിശീലനം നൽകുന്നത്. 3 മാസത്തിലൊരിക്കലെങ്കിലും ഊരുകൂട്ടങ്ങൾ ചേരേണ്ടതുണ്ട്.

39. പ്രത്യേക കേന്ദ്ര സഹായ പദ്ധതി

പട്ടികവർഗ്ഗക്കാരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് സ്വയം തൊഴിൽ പദ്ധതികൾ പരിശീലന പരിപാടികൾ കാർഷിക പദ്ധതികൾ തുടങ്ങിയ സാമ്പത്തിക ഉന്നമന പരിപാടികൾ പ്രത്യേകം തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഈ പദ്ധതിയിൽ നടപ്പിലാക്കുന്നു. ഇതിനായി തയ്യാറാക്കുന്ന പദ്ധതികൾ സംസ്ഥാന ജില്ലാ വർക്കിംഗ് ഗ്രൂപ്പുകളുടെ അംഗീകാരത്തിന് വിധേയമായിട്ടാണ് നടപ്പിലാക്കി വരുന്നത്.

40. ഭവനരഹിതർക്ക് ഭവനം

ഭവന രഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണ്. ഭവന നിർമ്മാണ ധനസഹായ ഗ്രാന്റ് നിലവിൽ 4 ലക്ഷം 5 ഗഡുക്കളായിട്ടാണ് നൽകി വരുന്നത്. സങ്കേതങ്ങൾക്കകത്ത് താമസിക്കുന്നവർക്ക് 6 ലക്ഷം രൂപ ലഭിക്കുന്നു.

41. ഇടമലക്കുടി പാക്കേജ്

2010 നവംബർ ഒന്നാം തീയതി രൂപീകൃതമായ ഇടമലക്കുടി കേരളത്തിലെ ഏക പട്ടികവർഗ്ഗ ഗ്രാമപഞ്ചായത്താണ്. പുതുക്കുടി എന്ന സൊസൈറ്റിക്കുടി ആസ്ഥാനമായ ഈ ഗ്രാമപഞ്ചായത്തിൽ 28 കുടികളിലായി 621 കുടുംബങ്ങൾ അധിവസിച്ചു വരുന്നു. 2012 ഏപ്രിൽ മാസത്തെ ബഹു.വകുപ്പ് മന്ത്രിയുടെ സന്ദർശനത്തെ തുടർന്ന് ഇടമലക്കുടി സമഗ്രവികസനത്തിനായി 10.35 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് പദ്ധതി തയ്യാറാക്കുകയും ആദ്യഘട്ടം തുക 4.33 കോടി രൂപ പദ്ധതി നിർവ്വഹണ വകുപ്പായ വനം വകുപ്പിനെ ഏൽപ്പിക്കുകയുമുണ്ടായി.

42. വീടുകളുടെ അറ്റകുറ്റപ്പണികൾ

2008-ലെ ബേസ്ലൈൻ സർവെയിൽ 55% പട്ടികവർഗ്ഗ ഭവനങ്ങൾ തകർന്നതും 44% അടുക്കള ഇല്ലാത്തതുമാണെന്നും കണ്ടെത്തി. 51% വീടുകൾ സ്ഥലസൗകര്യങ്ങൾ ഇല്ലാത്തവയാണെന്നും കണ്ടെത്തി. ആയതിനാൽ വീടുകളുടെ പുനരുദ്ധാരണത്തിനും ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നു. എസ്റ്റിമേറ്റ് പ്രകാരം പരമാവധി 1.5 ലക്ഷം രൂപ വരെ ഈ പദ്ധതി പ്രകാരം അനുവദിച്ചു നൽകി വരുന്നു.

43. പട്ടികവർഗ്ഗ ക്ഷേമ സ്ഥാപനങ്ങൾക്കുള്ള ധനസഹായം

പട്ടികവർഗ്ഗ ക്ഷേമ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതി പ്രകാരം മാനന്തവാടിയിലെ പ്രിയദർശിനി തേയില തോട്ടത്തിന് കാർഷിക വൃത്തിക്കുള്ള ധനസഹായം വയനാട് ജില്ലയിൽ അംബേദ്കർ സ്മാരക ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിന് തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനത്തിനുള്ള ധനസഹായം, പട്ടികവർഗ്ഗ മേഖലയിലെ പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് നൽകുന്ന പ്രവർത്തന ധനസഹായം എന്നിവ ഈ പദ്ധതിയിൽ വരുന്നു.

44. ആർട്ടിക്കിൾ 275 (1) പ്രകാരമുള്ള ഗ്രാന്റിനാൽ നടപ്പിലാക്കുന്ന പദ്ധതികൾ

വിദ്യാഭ്യാസം, സാമ്പത്തിക ഉന്നമനം, ആരോഗ്യം, ജലസേചനം, റോഡുകൾ, പാലങ്ങൾ, വൈദ്യുതീകരണം, കൃഷി മൃഗസംരക്ഷണം, വാർത്താവിനിമയം, ഗ്രാമീണമാർക്കറ്റുകൾ, ഭക്ഷ്യസംസ്കരണം, ചെറുകിട വനവിഭവങ്ങളുടെ സംസ്കരണം, സാങ്കേതിക വൊക്കേഷണൽ മേഖലകളിലെ മാനവശേഷി വികസനം, ജലസംഭരണം, പുറമ്പോക്കിലുള്ളവരുടെ പുനരധിവാസം, ആദിവാസികളുടെ ഭൂപരിപാലനം, കായികവികസനം തുടങ്ങിയ മാനവ വികസന സൂചകങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്നതും മേഖലകളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതുമായ പരിപാടികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

45. ഏറ്റവും പിന്നാക്കമായ പട്ടികവർഗ്ഗക്കാർക്കുള്ള തൊഴിൽ പരിശീലനം

അംഗീകൃത വ്യവസായിക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പരിശീലനം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സൈഫന്റ്, 2 ജോഡി യൂണിഫോമുകളുടെ ചെലവ് എന്നിവ നൽകുന്നു.

46. ഇൻഫർമേഷൻ, എഡ്യൂക്കേഷൻ, കമ്മ്യൂണിക്കേഷൻ

പട്ടികവർഗ്ഗക്കാരുടെ സാംസ്ക്കാരിക പരിപാടികൾ. നാടൻ കലോത്സവങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുവാനും പട്ടികവർഗ്ഗക്കാർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ പ്രദർശന വിപണന സൗകര്യങ്ങൾ

ഏർപ്പെടുത്തുന്നതിനും ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ സാമൂഹ്യ ഐക്യധാർഢ്യ പക്ഷാചരണവുമായി ബന്ധപ്പെട്ട പരിപാടികൾ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ ഡോക്യുമെന്റേഷൻ, പട്ടികവർഗ്ഗ ഉപദേശക സമിതിയോഗം ചേരൽ, പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം തേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠന വസ്തുക്കൾ നൽകൽ, ഐ.ടി.ഐ /ഐ.ടി.സി പാസ്സായ കുട്ടികൾക്കുള്ള അപ്രന്റീസ് പരിശീലനം, എം.ആർ.എസ്.കളിലെ കുട്ടികളുടെ സംസ്ഥാനതല വാർഷിക ആഘോഷം തുടങ്ങിയ പരിപാടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

47. ഗിരിവർഗ്ഗ പദ്ധതി മോണിട്ടർ ചെയ്യുന്നതിനും ഭരണം ശക്തിപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ

പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമഗ്രമായ ആധുനിക സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതിയാണിത്. വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് വിവരസാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനും ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും കമ്പ്യൂട്ടർ വൽക്കരണത്തിനും, ഇന്റർനെറ്റ്/ഇ-മെയിൽ കണക്ഷൻ ഏർപ്പെടുത്താനും പഴയ വാഹനങ്ങൾ റിപ്പയർ ചെയ്യുന്നതിനും ആവശ്യമെങ്കിൽ പഴയ വാഹനം മാറ്റി പുതിയ വാഹനം വാങ്ങുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

48. പ്രതിബന്ധതയുള്ള സാമൂഹ്യ പ്രവർത്തകരുടെ സേവനം

പ്രതിബന്ധതയുള്ള സാമൂഹ്യ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തി പട്ടികവർഗ്ഗക്കാർക്കിടയിൽ കൗൺസിലിംഗ് നടത്തുക, സെമിനാറുകൾ സംഘടിപ്പിക്കുക, മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപയോഗത്തിന്റെ ദോഷവശങ്ങൾ മനസ്സിലാക്കി കൊടുക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. തുടക്കത്തിൽ ഈ പദ്ധതി വയനാട് ജില്ലയിലും അട്ടപ്പാടിയിലും മാത്രം നടപ്പിലാക്കുകയും അതിന്റെ വിജയത്തിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗക്കാർ ധാരാളമായുള്ള മറ്റ് ജില്ലകളിലേക്കുകൂടി ഈ പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

49. പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ സ്ഥാപനങ്ങളുടെ സംസ്ഥാന ഫെഡറേഷൻ

കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന് ചെറുകിട വനവിഭവങ്ങളുടെ ശേഖരവുമായി ബന്ധപ്പെട്ട പരിപാടികൾക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ധനസഹായം നൽകാറുണ്ട്. ധനസഹായം ഓഹരി മൂലധനനിക്ഷേപം ചെറുകിടവനവിധ ഉൽപ്പന്നങ്ങളുടെ ശേഖരണം, ഗോഡൗൺ വെയർഹൗസ് എന്നിവയുടെ നിർമ്മാണം മുതലായ ഘടകങ്ങൾക്കായാണ് നൽകുന്നത്.

50. കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ കോർപ്പറേഷൻ

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരുടെ സാമ്പത്തിക ഉന്നമന പരിപാടികൾ നടപ്പിലാക്കുന്നതിന് കേന്ദ്ര സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന് ഓഹരി മൂലധനം നൽകുന്നതിന് ധനസഹായം അനുവദിക്കണം.

51. ഗിരിവർഗ്ഗ പ്രദേശത്തുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

വളരെ പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ പ്രദേശങ്ങളിലുള്ള സ്കൂളുകളിലും ആശുപത്രികളിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഈ പദ്ധതി വിഭാവനം

ചെയ്യുന്നു. നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്താനും ചികിത്സ ലഭ്യമാക്കാനും ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതിയാണിത്. കുറഞ്ഞത് 20%-ൽ കൂടുതൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളിലും പട്ടികവർഗ്ഗ മേഖലകളിലും, ആശുപത്രികളേയും പട്ടികവർഗ്ഗ ഹോസ്റ്റലുകളിലേയും സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഈ പദ്ധതിമൂലം സാധിക്കുന്നു.

52. വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ വികസനം

സംസ്ഥാനത്ത് 73500 പട്ടികവർഗ്ഗക്കാർ വനത്തിനുള്ളിൽ 18560 കുടുംബങ്ങളിലായി അധിവസിക്കുന്നതായി കണക്കാക്കിയിട്ടുണ്ട്. ഇവർക്ക് തൊഴിൽ നൽകി സ്ഥിര വരുമാനം ഉണ്ടാക്കികൊടുക്കുക, അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക, വന്യമൃഗങ്ങളിൽ നിന്നും സംരക്ഷണം നൽകുക, ആരോഗ്യ പരിരക്ഷ നൽകുക, ഇവരുടെ പ്രാദേശികമായ വാസസ്ഥലങ്ങൾ നശിപ്പിക്കുന്നത് തടയുക എന്നീ പരിപാടികളാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പദ്ധതി വനംവകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായിട്ടാണ് നടപ്പാക്കുന്നത്.

53. ട്രൈബൽ ബോർഡ് അംഗങ്ങളുടെ യാത്രാചെലവ്

സംസ്ഥാന ജില്ലാ പട്ടികവർഗ്ഗ ഉപദേശക സമിതി അംഗങ്ങൾക്ക് ഉപദേശകസമിതി യോഗത്തിൽ പങ്കെടുക്കുന്നതിന് യാത്രാചെലവ് നൽകുന്ന പദ്ധതി.

നിയമപരിരക്ഷ

54. അതിക്രമങ്ങൾ തടയുന്നതിന് വേണ്ടി സ്കീം നടപ്പാക്കൽ

പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുക, അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ നിയമ സഹായം, ധനസഹായം, കുട്ടികൾക്ക് സൗജന്യ നിയമസഹായം, ധനസഹായം, ആശ്രിതർക്കുള്ള ധനസഹായം, വീടുകൾ, കിണറുകൾ, കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം, വിവിധ പുനരധിവാസ പരിപാടികൾക്കുള്ള ചെലവുകൾ എന്നിവയാണ് സർക്കാർ ലഭ്യമാക്കുന്നത്. വയനാട്ടിലെ സ്പെഷ്യൽ മൊബൈൽ സ്ക്വാഡിന്റെ ചെലവും ഇതിൽ ഉൾപ്പെടുന്നു. ഈ നിയമം കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്പെഷ്യൽ കോടതികൾ സ്ഥാപിക്കുന്നതും ഈ പദ്ധതിയിൽ വരുന്നു.

55. വനാവകാശ നിയമം 2006 (ഫോറസ്റ്റ് റൈറ്റ്സ് ആക്ട്)

കേന്ദ്ര സർക്കാർ ഗസറ്റിൽ പരസ്യപ്പെടുത്തി 2007 ജനുവരി 2-ന് ഈ നിയമം നിലവിൽ വന്നു. 01.10.2008-ന് നിയമം നടപ്പിലാക്കുന്നതിനായുള്ള ചട്ടങ്ങൾ പ്രസിദ്ധീകരിച്ചു. 2012-ൽ നിയമത്തിന് ഭേദഗതി ഇന്ത്യാ ഗവൺമെന്റ് പുറപ്പെടുവിച്ചു. വനഭൂമിയിൽ തലമുറകളായി താമസിച്ചിരിക്കുന്നവരും എന്നാൽ അവകാശങ്ങൾ രേഖപ്പെടുത്താൻ കഴിയാത്തവരുമായ വനവാസികളായ പട്ടികവർഗ്ഗക്കാരായ വനവാസികളെ സംബന്ധിച്ച് 2005 ഡിസംബർ 13-നൊ അതിന് മുമ്പോ കൈവശമുണ്ടായിരുന്ന വനഭൂമിയാണ് ഈ നിയമപ്രകാരം ലഭിക്കുക. അതിനു മുമ്പ് കൈവശമുണ്ടായിരിക്കുകയും സർക്കാർ പദ്ധതികൾക്കായി ഏറ്റെടുക്കുകയും ചെയ്ത വനഭൂമിക്ക് പകരം ഭൂമിയോ, ആ വനഭൂമി തന്നെയോ പട്ടികവർഗ്ഗക്കാരന് നൽകാനും വ്യവസ്ഥയുണ്ട്.

പ്രധാനമായും മൂന്നുതരം വനാവകാശങ്ങളാണുള്ളത്

a) വ്യക്തിഗത ക്ലെയിമുകൾ

വനത്തിൽ സ്ഥിരമായി താമസിക്കുന്നതിനും ഭൂമി കൈവശം വച്ച് ഉപജീവനത്തിനായി കൃഷി ചെയ്യുന്നതിനുമുള്ള അവകാശം.

b) പൊതു അവകാശങ്ങൾ

വനവിഭവ ശേഖരണം, കന്നുകാലികളെ തീറ്റൽ, ജലാശയങ്ങളിൽ നിന്നും മീൻ പിടിക്കുക തുടങ്ങിയവ ഈ ഗണത്തിൽപ്പെടും.

c) വികസനാവശ്യങ്ങൾക്കുള്ള അവകാശങ്ങൾ

സ്കൂൾ, ഡിസ്പെൻസറികൾ, അംഗൻവാടികൾ, വൈദ്യുതി ലൈനുകൾ, ടെലികമ്മ്യൂണിക്കേഷൻ ലൈനുകൾ, ശുദ്ധജല പദ്ധതികൾ, കമ്മ്യൂണിറ്റി ഹാൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഈ നിയമപ്രകാരം 24423 പേർക്ക് 32957 ഏക്കർ ഭൂമിയുടെ കൈവശാവകാശരേഖ വിതരണം ചെയ്തു.

d) 1975-ലെ കേരള സംസ്ഥാന (ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി പുനസ്ഥാപിക്കലും) നിയമം.

കേരള സംസ്ഥാനത്തിലെ (ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി പുനസ്ഥാപിക്കലും) നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി അന്യാധീനപ്പെട്ട ഭൂമി കൈവശം വെച്ചിരിക്കുന്നവർക്ക് കോമ്പൻസേഷൻ നൽകുന്നതിനും വീണ്ടെടുത്ത ഭൂമിയിൽ പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു.

56. കടം എഴുതി തള്ളുന്ന പദ്ധതി

സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവടങ്ങളിൽ എടുത്തിട്ടുള്ളതും, 01.04.2014-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ (മുതലും പലിശയും, പിഴപപ്പലിശയും മറ്റു ചെലവുകളും ഉൾപ്പെടെ) എഴുതി തള്ളുന്ന പദ്ധതി K.D(A)നം.71/2015/..... തീയതി 01/10/2015 പ്രകാരം അനുവദിച്ചു വരുന്നു.

57. ഹഡ്കോ ഭവന നിർമ്മാണ പദ്ധതി

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവന രഹിതരായ 500 കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിക്കുന്നതിനായി ഹഡ്കോയിൽ നിന്നും 135 കോടി രൂപ വായ്പ എടുക്കുന്നതിന് ..... (എം.എസ്) നം.101/13/..... തീയതി, 12/12/13 പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഹഡ്കോയിൽ നിന്നും ആദ്യ ഗഡുവായി ലഭിച്ച 50 കോടി രൂപ ഉപയോഗിച്ച് സംസ്ഥാനത്തൊട്ടാകെ 2000 വീടുകൾ അനുവദിക്കുകയും, ആയവയുടെ നിർമ്മാണ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.

58. എ.റ്റി.എസ്.പി. ഭവന നിർമ്മാണ പദ്ധതി

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അർഹരായ മുഴുവൻ ഭവന രഹിതർക്കും വീട് അനുവദിക്കുന്നതിനായി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി എ.റ്റി.എസ്.പി ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കു വരുന്നു. 2015-16 സാമ്പത്തിക വർഷം ടി പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തൊട്ടാകെ 9362 വീടുകൾ അനുവദിക്കുകയും, ആയവയുടെ നിർമ്മാണ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരികയും ചെയ്യുന്നു.

59. വനിത സാമൂഹ്യ പ്രവർത്തകർ

മദ്യം, പുകയില, മയക്കുമരുന്ന് തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനും അവയുടെ ഉപയോഗത്തിൽ നിന്നും വിമുക്തി നേടുന്നതിനും വേണ്ട മാർഗ്ഗ നിർദ്ദേശം നൽകി ലഹരി വിമുക്ത ചികിത്സ സംബന്ധമായ സഹായങ്ങൾ നൽകുന്നതിനായി 100 വനിതാ സാമൂഹ്യപ്രവർത്തകരെ 800/- രൂപ പ്രതിമാസ ഓണറേറിയം വ്യവസ്ഥയിൽ നെടുമങ്ങാട്, ഇടുക്കി, പാലക്കാട്, അട്ടപ്പാടി, കൽപ്പറ്റ, മാനന്തവാടി, നിലമ്പൂർ, സുൽത്താൻബത്തേരി എന്നീ മേഖലയിൽ നിയമിക്കുന്ന പദ്ധതി.

60. കമ്മ്യൂണിറ്റി കിച്ചൻ

പോഷകാഹാര കുറവ് പരിഹരിക്കുന്നതിനായി അട്ടപ്പാടി മേഖലയിൽ പട്ടികവർഗ്ഗ വികസന വകുപ്പ് സാമൂഹ്യക്ഷേമ വകുപ്പ് മുഖേന കുടുംബശ്രീ വഴി ഭക്ഷണം പാകംചെയ്ത് നൽകുന്ന പദ്ധതി.

61. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങുന്ന പദ്ധതി

സ്വന്തമായി ഭൂമിയില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് 25 സെന്റ് മുതൽ 1 ഏക്കർ വരെ വാങ്ങുന്നതിന് 10 ലക്ഷം രൂപ വരെ സർക്കാർ ധനസഹായമായി നൽകുന്ന പദ്ധതി.

62. വംശീയ വൈദ്യൻമാർക്ക് ധനസഹായം

പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്ക് 10,000/- രൂപ വാർഷിക ഗ്രാന്റായി ഈ പദ്ധതിവഴി നൽകുന്നു. കിർത്താഡ്സിന്റെ സഹായത്തോടെ വൈദ്യൻമാരെ തെരഞ്ഞെടുക്കുകയും തുക ഗുണ ഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്യുന്നു.

63. ലാപ്ടോപ് വിതരണം

അംഗീകൃത യൂണിവേഴ്സിറ്റികളിൽ/സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകുന്നതാണ് പ്രസ്തുത പദ്ധതി. എം.ബി.എ, എം.ബി.ബി.എസ്, എം.എസ്.സി കമ്പ്യൂട്ടർ സയൻസ്, എം.സി.എ, ബി.ഡി.എസ്, ബി.എ.എം.എസ്, ബി.എച്ച്. എം.എസ്, ബി.വി.എസ്.സി ആന്റ് എ.എച്ച്. ബി.ടെക് എന്നീ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ടി പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

64. പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയം തൊഴിലിനും നൈപുണ്യവികസന പരിശീലനത്തിനുമുള്ള സഹായം.

പട്ടികവർഗ്ഗ യുവാക്കളിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഉപജീവനമാർഗ്ഗത്തിനും വേണ്ടി സ്വയംതൊഴിൽ സംവിധാനം വഴി സഹായം നൽകാൻ ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നു. പരമാവധി

ധനസഹായം 1.5 ലക്ഷം രൂപയാണ്. 50 ശതമാനത്തോളം ഗുണഭോക്താക്കൾ സ്ത്രീകൾ ആയിരിക്കും. അനാഥർ, വിധവകൾ, അവിവാഹിതരായ അമ്മമാർ, സ്ത്രീകൾ ഗൃഹനാഥകളായുള്ള കുടുംബം എന്നിവർക്ക് മുൻഗണന നൽകുന്നതാണ്.

65. വനബന്ധു കല്യാൺ യോജന

ഇന്ത്യയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമ്പൂർണ്ണ വികസനത്തിനും ക്ഷേമത്തിനുമായി കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള പട്ടികവർഗ്ഗ കാര്യമന്ത്രാലയം തുടങ്ങിയ പദ്ധതിയാണിത്. പട്ടികവർഗ്ഗക്കാരെ മറ്റു ജനങ്ങളോടൊപ്പം ഉയർത്തിക്കൊണ്ടുവന്ന് രാജ്യത്തിന്റെ സമഗ്ര വികസനത്തിന്റെ ഭാഗമാക്കുകയാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. സമ്പൂർണ്ണ ഭവനം, ആരോഗ്യം, വൈദ്യുതീകരണം, ശുദ്ധമായ കുടിവെള്ളം എല്ലാവർക്കും വീട്ടുവാതിക്കൽ ലഭ്യമാക്കുക, ഗുണനിലവാരമുള്ള ഉന്നത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുക, പട്ടികവർഗ്ഗ മേഖലകളിൽ കായികമത്സരങ്ങൾ പ്രോത്സാഹിപ്പിക്കുക, പട്ടികവർഗ്ഗ മേഖലകളിൽ സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുക, സ്ഥലത്തിന് അനയോജ്യമായ ജലസേചന സൗകര്യങ്ങൾ, എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായ റോഡ്, പട്ടികവർഗ്ഗ സംസ്കാരത്തിന്റെ സംരക്ഷണവും പ്രോത്സാഹനവുമാണ്.

66. എ.റ്റി.എസ്. ഫണ്ട്/പ്രത്യേക പാക്കേജ്

പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക വികസനത്തിന് വേണ്ടി സാധാരണ പട്ടികവർഗ്ഗ വിഹിതത്തിന് പുറമെ ഒരു പ്രത്യേക പാക്കേജായാണ് എ.റ്റി.എസ്.പി ഫണ്ട് വകയിരുത്തിയിരിക്കുന്നത്. അടിയന്തിരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമുള്ള അടിസ്ഥാന ആവശ്യങ്ങൾ, ഗോത്രഭാഷയും സംസ്ക്കാരവും പരിപോഷിപ്പിക്കുന്നതിനുവേണ്ടി ദ്രവിഡിയൻ ലിംഗ്റ്റിക്സിന് സഹായം എന്നിവയാണ് 2016-17-ൽ എ.റ്റി.എസ്പി/പ്രത്യേക പാക്കേജ് ലക്ഷ്യമിട്ടിരിക്കുന്നത്. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഭവന രഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനം കുടിവെള്ളം ശുചിത്വ പരിപാടികൾ ദുർഘട സാഹചര്യങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ പുനരധിവാസവും അടിസ്ഥാന സൗകര്യവികസനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നൽകുന്നതാണ്. മെച്ചപ്പെട്ട ആരോഗ്യപ്രവർത്തനങ്ങൾ, പോഷകാഹാരം നൽകൽ കൂടാതെ ആവശ്യമെങ്കിൽ വനിതകൾക്ക് വേണ്ടി അടിസ്ഥാന സൗകര്യങ്ങൾ എന്നിവയും ഈ പദ്ധതികൾ, ഭവന നിർമ്മാണം, തൊഴിദാനം, (എം.എൻ.ആർ.ഇ.ജി.എസ്) ആരോഗ്യം, വിദ്യാഭ്യാസം, കുടുംബശ്രീ പദ്ധതികൾ, ഐ.റ്റി.ഡി.എസ്, എൽ.എസ്.എ.പി തുടങ്ങിയ പദ്ധതികൾ, എ.റ്റി.എസ്.പി യുമായി സംയോജിച്ച് നടപ്പിലാക്കാനുള്ള ശ്രമങ്ങൾ എടുക്കുന്നതാണ്.

67. പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യവികസന പരിശീലനത്തിനുമുള്ള സഹായം.

പട്ടികവർഗ്ഗ യുവാക്കളിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഉപജീവനമാർഗ്ഗത്തിനും വേണ്ടി സ്വയം തൊഴിൽ സംവിധാനം വഴി സഹായം നൽകാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഇതു വഴിയുള്ള പരമാവധി ധനഹയായം 1.5 ലക്ഷം രൂപയാണ്. 50 ശതമാനത്തോളം ഗുണഭോക്താക്കൾ സ്ത്രീകരളായിരിക്കണം. അനാഥർ, വിധവകൾ, അവിവാഹിതരായ അമ്മമാർ, സ്ത്രീകൾ ഗൃഹനാഥകളായുള്ള കുടുംബം എന്നിവർക്ക് മുൻഗണന നൽകുന്നതാണ്.

സ്ഥാപനത്തിന്റെ പേര്: ഐ.സി.ഡി.എസ് പ്രോജക്ട്

തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്

ക്രമ നമ്പർ	നൽകിവരുന്ന സേവനങ്ങൾ / സർട്ടിഫിക്കറ്റുകൾ മുതലായവയുടെ പേരു വിവരം	അർഹത ബി.പി.എൽ / പരിമിത ചെറുകിട കർഷകർ ഇ.ടി.സി	അപേക്ഷ നൽകേണ്ട തീയതി/പ്രിന്റഡ് ഫോം/ വെള്ളക്കടലാസിൽ/ കോർട്ട് സ്റ്റാമ്പ് പതിക്കണോ എന്നീ കാര്യങ്ങൾ	അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ ജാതി/വരുമാനം/കൈവശം മരണ സർട്ടിഫിക്കറ്റ്/ ആധാരത്തിന്റെ പകർപ്പ്
1	2	3	4	5
1	അനുപൂരക പോഷകാഹാരം	0-6 വയസ്സിലുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, 11 - 19 വയസ്സിലുള്ള കൗമാര പ്രായക്കാരായ പെൺകുട്ടികൾ	നേരിട്ട് അംഗൻവാടിയിൽ ഹാജരാക്കണം	ഇല്ല
2.	അനൗപചാരിക സ്കൂൾ വിദ്യാഭ്യാസം	0-6 വയസ്സിലുള്ള കുട്ടികൾക്ക്	നേരിട്ട് അംഗൻവാടിയിൽ ഹാജരാക്കണം	ഇല്ല
3.	അമ്മമാർക്കും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും ആരോഗ്യപോഷക ശുചിത്വ വിദ്യാഭ്യാസം	അംഗൻവാടി പ്രദേശത്തുള്ള എല്ലാവർക്കും	നേരിട്ട് അംഗൻവാടിയിൽ ഹാജരാക്കണം	ഇല്ല
4.	ആരോഗ്യ പരിശോധന	0-6 വയസ്സിലുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, 11-19 വയസ്സിലുള്ള കൗമാരപ്രായക്കാരായ പെൺകുട്ടികൾ	നേരിട്ട് അംഗൻവാടിയിൽ ഹാജരാക്കണം	ഇല്ല
5.	രോഗപരിശോധന കുത്തിവെപ്പുകൾ	0-6 വയസ്സിലുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, 11-19 വയസ്സിലുള്ള കൗമാരപ്രായക്കാരായ പെൺകുട്ടികൾ	നേരിട്ട് അംഗൻവാടിയിൽ ഹാജരാക്കണം	ഇല്ല

6.	വളർച്ചാ നിരീക്ഷണം	0-5 വയസിലുള്ള കുട്ടികൾ	നേരിട്ട് അംഗൻവാടിയിൽ ഹാജരാക്കണം	ഇല്ല		
7.	ബാലിക സമൃദ്ധി യോജന	ബി.പി.എൽ കുടുംബത്തിൽപ്പെട്ട പെൺകുഞ്ഞുങ്ങൾക്ക്	നിശ്ചിത ഫോറത്തിൽ അംഗൻ വാടിയിൽ കുട്ടിയുടെ അമ്മ/രക്ഷകർത്താവ് അപേക്ഷ സമർപ്പിക്കണം	കുട്ടിയുടെ ജനന സർട്ടിഫിക്കറ്റ് ബി.പി.എൽ. നമ്പർ		
8.	കുമാരി ക്ലബ്ബുകൾ	അംഗൻവാടി പ്രദേശത്തുള്ള കൗമാരപ്രായത്തിലുള്ള പെൺകുട്ടികളേയും ചേർത്ത് പ്രവർത്തിക്കുന്നു.	നേരിട്ട് അംഗൻവാടിയിൽ ഹാജരാക്കണം	ഇല്ല		
9.	വയോജനക്ലാസ്സുകൾ, 60 വയസ്സ് കഴിഞ്ഞ വൃദ്ധർ					
10.	വികലാംഗരുടെ തിരിച്ചറിയൽ കാർഡ്	എല്ലാ വികലാംഗർക്കും	നിശ്ചിത ഫോറത്തിൽ തൊട്ടടുത്ത അംഗൻവാടിയിൽ വികലാംഗനു നൽകാം	2 സ്റ്റാമ്പ് സൈസ് ഫോട്ടോകൾ, മെഡിക്കൽ ബോർഡിന്റെ വികലാംഗ സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ പകർപ്പ് വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് മുതലായവ.	തിരിച്ചറിയൽ കാർഡ് നൽകുന്നത് ഇടുക്കി ജില്ല സാമൂഹ്യ ക്ഷേമ ഓഫീസിൽ നിന്നുമാണ്.	

സ്ഥാപനത്തിന്റെ പേര്: ക്ഷീരവികസന ആഫീസ് തൊടുപുഴ

ക്രമ നമ്പർ	നൽകിവരുന്ന സേവനങ്ങൾ/ സർട്ടിഫിക്കറ്റുകൾ മുതലായവയുടെ പേരു വിവരം	അർഹത ബി.പി.എൽ/ പരിമിത ചെറുകിട കർഷകർ ഇ.ടി.സി	അപേക്ഷ നൽകേണ്ട തീയതി/ പ്രിന്റഡ് ഫോം/ വെള്ളക്കടലാസിൽ/ കോർട്ട് സ്റ്റാമ്പ് പതിക്കണോ എന്നീ കാര്യങ്ങൾ	അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ ജാതി/വരുമാനം/ കൈവശം മരണസർട്ടിഫിക്കറ്റ്/ ആധാരത്തിന്റെ പകർപ്പ്	സേവനങ്ങൾ/ സർട്ടിഫിക്കറ്റുകൾ മുതലായവ ലഭ്യമാക്കാൻ എടുക്കുന്ന കാലയളവ്	അർഹതയില്ലാത്ത പക്ഷം അവ മടക്കി നൽകുവാൻ എടുക്കുന്ന പരമാവധി സമയം.

1	2	3	4	5	6	7
01.	കർഷക സമ്പർക്ക പരിപാടി	വ്യക്തിഗതമല്ല	വെള്ളക്കടലാസിൽ അപേക്ഷ സമർപ്പിക്കണം	കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ്	ഗവൺമെന്റിൽ നിന്ന് അലോട്ട്മെന്റ് ലഭിക്കുന്ന മുറയ്ക്ക്	1 ആഴ്ച
02.	കർഷക ഭവന സന്ദർശനങ്ങൾ	വ്യക്തിഗതമല്ല	ആവശ്യമില്ല	ആവശ്യമില്ല	ഗവൺമെന്റിൽ നിന്ന് അലോട്ട്മെന്റ് ലഭിക്കുന്ന മുറയ്ക്ക്	1 ആഴ്ച
03.	കന്നുകാലി പ്രദർശനം	ബ്ലോക്ക് ക്ഷീരോത്സവത്തോടനുബന്ധിച്ചു നടത്തുന്നു	ആവശ്യമില്ല	ആവശ്യമില്ല	ഗവൺമെന്റിൽ നിന്ന് അലോട്ട്മെന്റ് ലഭിക്കുന്ന മുറയ്ക്ക്	1 ആഴ്ച
04.	തീറ്റപ്പുൽ കൃഷിത്തോട്ട നിർമ്മാണം	ക്ഷീര കർഷകൻ	പ്രിന്റഡ് ഫോം	ആവശ്യമില്ല	ഗവൺമെന്റിൽ നിന്ന് അലോട്ട്മെന്റ് ലഭിക്കുന്ന മുറയ്ക്ക്	2 മാസം
05.	അസോള യൂണിറ്റ് നിർമ്മാണം	ക്ഷീര കർഷകൻ	പ്രിന്റഡ് ഫോം	ആവശ്യമില്ല	ഗവൺമെന്റിൽ നിന്ന് അലോട്ട്മെന്റ് ലഭിക്കുന്ന മുറയ്ക്ക്	2 മാസം
06.	ക്ഷീര സഹകരണ സംഘം പരിശോധന	ക്ഷീര സംഘം	പ്രിന്റഡ് ഫോം	ആവശ്യമില്ല	ഗവൺമെന്റിൽ നിന്ന് അലോട്ട്മെന്റ് ലഭിക്കുന്ന മുറയ്ക്ക്	2 മാസം
07.	സംഘം സ്റ്റോക്ക് പരിശോധന	ക്ഷീര സംഘം	പ്രിന്റഡ് ഫോം	ആവശ്യമില്ല	വർഷത്തിൽ ഒരിക്കൽ നടത്തുന്നു	2 മാസം
08.	ക്ഷീര സംഘങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് സഹായം	ക്ഷീര സംഘം	പ്രിന്റഡ് ഫോം	പ്രോജക്ട്, കമ്മിറ്റി തീരുമാനം, സംഘത്തിന്റെ ബാലൻസ് ഷീറ്റ്, പാലളവ് കണക്കുകൾ, വരവ് ചെലവ് കണക്കുകൾ	ടാർജറ്റ് അനുസരിച്ച് പദ്ധതി പൂർത്തീകരിച്ച് ഗവൺമെന്റിൽ നിന്നും അലോട്ടുമെന്റ് ലഭിക്കുന്ന മുറയ്ക്ക്	2 മാസം

09.	ക്ഷീര സംഘം	പാലളക്കുന്ന വ്യവസ്ഥ കുടുംബങ്ങളിലെ 25 പേർ ചുരുങ്ങിയത് വേണം	ക്ഷീര കർഷകർ ഒപ്പിട്ട അപേക്ഷ	ലൊക്കേഷൻ മാപ്പ്, പ്രോജക്ട് സർവ്വേ റിപ്പോർട്ട്, കന്നുകാലികളുടെ വിശദാംശങ്ങൾ	3 മാസം ചുരുങ്ങിയത് തുടർ സഹായ രൂപീകരണത്തിനു ശേഷം നൽകുന്നു.	3 മാസം
10.	ക്ഷീര കർഷകർക്ക് പെൻഷൻ/ കുടുംബ പെൻഷൻ/ മരണാനന്തര സഹായം/ വിവാഹ ധനസഹായം	ക്ഷേമനിധിയിൽ അംഗമായതിനു ശേഷം 5 വർഷം പാൽ അളക്കുക, 60 വയസ്സ് പൂർത്തിയാക്കുക	പ്രിന്റഡ് ഫോം	വയസ്, പാലളവ്, എന്നിവ തെളിയിക്കുന്നതിനുള്ള രേഖകൾ/ മരണ സർട്ടിഫിക്കറ്റ്, കമ്മിറ്റി തീരുമാനം, ബാങ്ക് അക്കൗണ്ട് നമ്പർ, മരണം, വിവാഹം എന്നിവയെ സംബന്ധിച്ച രേഖകൾ	3 മാസം ചുരുങ്ങിയത്. മരണാനന്തര സഹായവും വിവാഹ സഹായവും ക്ഷേമനിധിയിൽ ചേർന്ന എല്ലാവർക്കും ലഭ്യമാണ്.	2 മാസം
11.	പാൽഗുണമേന്മ ക്ലാസ്സുകൾ	ക്ഷീര സംഘം		പദ്ധതി പൂർത്തീകരിച്ച് ഗവൺമെന്റിൽ നിന്നും അലോട്ടുമെന്റ് ലഭിക്കുന്ന മുറയ്ക്ക്.		
12.	കറവപശു	ക്ഷീരസംഘത്തിൽ പാൽ അളക്കുന്നവർക്ക്	പ്രിന്റഡ് ഫോം			

13.	കാലിതൊഴുത്ത് നിർമ്മാണം, മെയിന്റനൻസ്	ക്ഷീരസംഘത്തിൽ പാൽ അളക്കുന്ന വർക്ക്	പ്രിന്റഡ് ഫോം			
14.	കിടാരിവിതരണം	ക്ഷീരസംഘത്തിൽ പാൽ അളക്കുന്ന വർക്ക്	പ്രിന്റഡ് ഫോം			
15.	കാലിത്തീറ്റ	ക്ഷീരസംഘത്തിൽ പാൽ അളക്കുന്ന വർക്ക്	പ്രിന്റഡ് ഫോം			
16.	പാലിന് സബ്സീഡി	ക്ഷീരസംഘത്തിൽ പാൽ അളക്കുന്ന വർക്ക്	പ്രിന്റഡ് ഫോം			
17.	മിനി ഡയറി യൂണിറ്റ്, കാലി വളർത്തുന്നതിന് സബ്സീഡി, കിടാരി സബ്സീഡി, കാലിത്തീറ്റ സബ്സീഡി, തൊഴുത്ത് നിർമ്മാണത്തിന് സബ്സീഡി, മുതലയാവ	ക്ഷീര കർഷകൻ	പ്രിന്റഡ് ഫോം	പദ്ധതി നടത്തിപ്പിനായി ഗവൺമെന്റ് ആവശ്യപ്പെടുന്ന രേഖകൾ	ഇ ഗവൺമെന്റ് കാലാനുസൃതമായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളാണ്, പദ്ധതികളുടെ ലഭ്യത അനുസരിച്ചും പദ്ധതി പൂർത്തീകരിച്ച് ഗവൺമെന്റിൽ നിന്നും അലോട്ടുമെന്റ് ലഭിക്കുന്ന മുറയ്ക്കും.	2 മാസം

അറിയാനുള്ള അവകാശം

ഭരണപരമോ വികസനപരമോ നിയന്ത്രണപരമോ ആയ ചുമതലകളെ സംബന്ധിക്കുന്ന ഏതെങ്കിലും വിവരം ഉത്തമവിശ്വാസത്തോടുകൂടി ആവശ്യപ്പെടുന്ന ഓരോ പൗരനും അപ്രകാരമുള്ള വിവരം നടപടിചട്ടങ്ങൾക്കുനുസൃതമായി ഒരു പഞ്ചായത്തിൽ നിന്നും ലഭിക്കാനുള്ള അവസരം ഒരുക്കുകയാണ് അറിയാനുള്ള അവകാശം നിയമവിധേയമാക്കുകവഴി ഉദ്ദേശിക്കുന്നത്.

വിവരം ലഭിക്കുന്നതിനുള്ള നടപടിക്രമം (വ.27 സി)

1. നിശ്ചിത ഒന്നാം നമ്പർ ഫോറത്തിൽ അപേക്ഷ നൽകുക. റിക്കോർഡിന്റെ പ്രസക്തഭാഗത്തിന്റെ പകർപ്പിനോ അതല്ലെങ്കിൽ നേരിൽ കണ്ടു പകർത്തി എടുക്കുന്നതിനോ അപേക്ഷിക്കാം.

2. അപേക്ഷ സെക്രട്ടറിക്കോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥനോ സമർപ്പിക്കാം.
3. അപേക്ഷയോടൊപ്പം പകർപ്പ് ഫീസും തിരച്ചിൽ ഫീസും അടക്കേണ്ടതാണ്. ഇത് കൃത്യമായി കണക്കാക്കാൻ കഴിഞ്ഞ സംഗതിയിൽ സെക്രട്ടറി നിർദ്ദേശിക്കുന്ന ഒരു നിശ്ചിത തുക അപേക്ഷയോടൊപ്പം അടയ്ക്കേണ്ടതാണ്.
4. ഓരോ റെക്കാർഡിന്റെയും പകർപ്പിനോ പ്രസക്ത ഭാഗത്തിനോ വെവ്വേറെ അപേക്ഷകളുടെ ആവശ്യമില്ല.

ഫീസ് നിരക്ക്

തിരച്ചിൽ ഫീസ്

- നടപ്പുവർഷത്തിന് ഒരു വർഷം മുമ്പുള്ളതും എന്നാൽ 3 വർഷത്തിനുമേൽ പഴക്കമില്ലാത്തുതമായ റെക്കോർഡുകൾക്ക് 10 രൂപ
- നടപ്പുവർഷത്തിനു 3 വർഷം മുൻപുള്ളതും 5 വർഷത്തിനുമേൽ പഴക്കമില്ലാത്തതുമായ റെക്കോർഡുകൾക്ക് 15 രൂപ
- അഞ്ചു വർഷത്തിനുമേൽ പഴക്കമുള്ള റെക്കോർഡുകൾക്ക് 20 രൂപ

പകർപ്പ് ഫീസ്

- എ4 സൈസ് എഴുതിയതോ ടൈപ്പ് ചെയ്തതോ പേജ് ഒന്നിന് 5 രൂപ
- എ4 സൈസ് പട്ടിക രൂപത്തിൽ – 10
- എ4 സൈസ് ഫോട്ടോ കോപ്പി – 2 രൂപ
- കമ്പ്യൂട്ടർ പ്രിന്റ് പേജ് – 5 രൂപ
- പകർപ്പെടുക്കാൻ സാദ്ധ്യമായ ഭൂപടം പ്ലാൻ – 10 രൂപ

അപേക്ഷ പരിഗണിക്കലും തീർപ്പാക്കലും

അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം അതിൻമേൽ തീർപ്പു കല്പിക്കണം. അല്ലാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഓരോ ദിവസത്തേയ്ക്കും 50 രൂപ പിഴ നൽകാൻ ബാദ്ധ്യസ്ഥമാണ്.

പകർത്തിഎടുക്കാനുള്ള അപേക്ഷയാണെങ്കിൽ അതിനുള്ള സമയവും തീയതിയും അപേക്ഷകനെ അറിയിക്കണം. വിവരം നൽകാതിരിക്കുന്നതിനും തെറ്റായ വിവരം നൽകുന്നതിനും 1000 രൂപയിൽ കുറയാതെ പിഴ ശിക്ഷ നല്കാവുന്നതാണ്.

271 (ഡി 3)

ഉത്തമ വിശ്വാസത്തിലുള്ള നടപടികൾക്ക് പരിരക്ഷ നൽകുന്നുണ്ട് (വ.27 ഇ)

വിവരാവകാശനിയമം (2005)

വിവരാവകാശ നിയമപ്രകാരം പൊതുജനങ്ങൾക്ക് പബ്ലിക് അതോറിട്ടിയുടെ കൈവശമുള്ളതും നിയന്ത്രണത്തിലുള്ളതുമായ വിവരങ്ങൾ ആവശ്യപ്പെടാം. ബന്ധപ്പെട്ട വകുപ്പുകളിൽ സ്ഥാനനിർദ്ദേശം ചെയ്തിട്ടുള്ള പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം ഫീസായി നൽകേണ്ട പത്തു രൂപ കോർട്ട് ഫീ സ്റ്റാമ്പായോ ചെല്ലാൻ ആയോ ഡി ഡി ആയോ ബാങ്കേഴ്സ് ചെക്കായോ പേ ഓർഡറായോ നൽകാം.

ഏത് വകുപ്പ്/ഓഫീസിൽ നിന്നാണോ വിവരം ലഭിക്കേണ്ടത് പ്രസ്തുത വകുപ്പ്/ഓഫീസിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ സ്വീകരിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടില്ലെങ്കിലോ അപേക്ഷയിൻമേൽ 30 ദിവസത്തിനകം മറുപടി ലഭിച്ചില്ലെങ്കിലോ അന്യായമാണെന്ന് അപേക്ഷകന് തോന്നുന്ന ഫീസ് ചുമത്തപ്പെടുകയാണെങ്കിലോ വിവരാവകാശ കമ്മീഷന് പരാതി നൽകാം.

സമർപ്പിച്ച അപേക്ഷയിൻമേൽ പബ്ലിക് ഇൻഫർമെഷൻ ഓഫീസിൽ നൽകുന്ന രേഖകൾ/വിവരങ്ങൾ തൃപ്തികരമല്ല എന്ന് അപേക്ഷകന് തോന്നുന്ന പക്ഷം നിയമത്തിന്റെ വകുപ്പ് 19(1) പ്രകാരം അതേ വകുപ്പിലെ/ഓഫീസിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മേലധികാരിക്ക് ആദ്യത്തെ അപ്പീൽ സമർപ്പിക്കാം. ഇപ്രകാരം സമർപ്പിക്കുന്ന അപ്പീലിന് ഫീസ് നൽകേണ്ടതില്ല. ആദ്യത്തെ അപ്പീൽ 30 ദിവസത്തിനകം തീർപ്പ് കല്പിച്ച് മറുപടി ലഭിക്കാതിരിക്കുകയാണെങ്കിലോ ലഭിക്കുന്ന മറുപടി തൃപ്തികരമല്ലെങ്കിലോ വകുപ്പ് 19(3) പ്രകാരം വിവരാവകാശ കമ്മീഷൻ മുമ്പാകെ രണ്ടാമത് അപ്പീൽ സമർപ്പിക്കാൻ വ്യവസ്ഥയുണ്ട്. രണ്ടാമത്തെ അപ്പീൽ സമർപ്പിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

അപ്പീലിനോടൊപ്പം ഫീസ് നൽകേണ്ടതില്ല. വെള്ളക്കടലാസിൽ പൂർണ്ണ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടോ കേരള സർക്കാർ പുറപ്പെടുവിച്ച് കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ (അപ്പീൽ പ്രൊഡീഡ്യർ) റൂൾസ് - 2006 പ്രകാരമുള്ള ഫോറത്തിലോ അപ്പീൽ സമർപ്പിക്കാം. വകുപ്പ് 19(1) പ്രകാരം സമർപ്പിച്ച അപ്പീലിന്റെ പ്രസ്തുത അപ്പീൽ തീർപ്പാക്കിക്കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് വകുപ്പ് 6(1) പ്രകാരം സമർപ്പിച്ച അപേക്ഷയുടെ പകർപ്പ് അതിൻമേൽ മറുപടി ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് എന്നിവ അപ്പീൽ തീരുമാനമെടുക്കുന്നതിന് നിർണ്ണായകമായതിനാൽ അവകൂടി അപ്പീലിനോടൊപ്പം സമർപ്പിക്കണം.

തദ്ദേശഭരണ സ്ഥാനപങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ

തദ്ദേശ ഭരണ സ്ഥാനപത്തിന്റെ കീഴിലുള്ള ജീവനക്കാരും ഉദ്യോഗസ്ഥരും പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ള അംഗങ്ങളും കൈമാറ്റം ചെയ്യപ്പെട്ട ഓഫീസിലെയോ ഉദ്യോഗസ്ഥരും ജീവനക്കാരും ഭരണനിർവ്വഹണത്തിൽ അഴിമതിയോ ദുർഭരണമോ അപാകതകളോ കാണിച്ചു എന്ന ഏതൊരുപരാതിയെയും കുറിച്ച് സൂക്ഷ്മാന്വേഷണമോ പൊതുവായ അന്വേഷണമോ നടത്തി പരാതി തീർപ്പാക്കുന്നതിന് രൂപീകരിച്ചിട്ടുള്ള അധികാരസ്ഥാപനമാണ് ഓംബുഡ്സ്മാൻ. ത്രിതല പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും മുൻസിപ്പൽ കോർപ്പറേഷനുകളും ഇതിന്റെ പരിധിയിൽപ്പെടുന്നു.

ഹൈക്കോടതി ജഡ്ജിയായി ഉദ്യോഗം വഹിക്കുന്നതോ വഹിച്ചിട്ടുള്ളതോ ആയ ഒരാളായിരിക്കണം ഈ അധികാരസ്ഥാനത്ത് നിയമിക്കപ്പെടേണ്ടത്.

ചുമതലകൾ

1. ജനങ്ങളുടെ പരാതികൾക്ക് പരിഹാരമുണ്ടാക്കുക
2. ഭരണരീതി സംശുദ്ധമാക്കുക
3. ഒരു പരാതിയിൽ അടങ്ങിയിട്ടുള്ളതോ സർക്കാർ പരാമർശിച്ചിട്ടുള്ളതോ ഓംബുഡ്സ്മാന്റെ അറിവിൽപ്പെട്ടതോ ആയ ആരോപണത്തെ സംബന്ധിച്ച് സൂക്ഷമമായ അന്വേഷണം നടത്തുക.

അധികാരങ്ങൾ

1. ആരോപണങ്ങളിന്മേൽ ഉത്തരവുകൾ പാസ്സാക്കുന്നതിനുള്ള അധികാരം.
2. നിർദ്ദിഷ്ട നടപടികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ തടഞ്ഞുകൊണ്ട് ഇടക്കാല ഉത്തരവ് പാസ്സാക്കുന്നതാണ്.
3. നഷ്ടപരിഹാരവും പിഴയും ചുമത്തുന്നതിന്
4. 1990-ലെ സിവിൽ നടപടി നിയമപ്രകാരം ഒരു കേസ് വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായ അധികാരങ്ങൾ.
5. പോലീസ് ഉദ്യോഗസ്ഥരുൾപ്പെടെ ഏതു ഉദ്യോഗസ്ഥരുടെയും സേവനം ആവശ്യപ്പെടാനുള്ള അധികാരം.

ഓംബുഡ്സ്മാന്റെ പരിധിയിൽ വരാത്തത്

എ. സർക്കാർ ഔപചാരികമായും പരസ്യമായും അന്വേഷണത്തിന് ഉത്തരവിട്ട കാര്യങ്ങൾ

ബി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ട്രൈബ്യൂണലിൽ നിന്നും പരിഹാരം തേടേണ്ട വിഷയങ്ങൾ.

സി. 1952-ലെ എൻക്വയറി കമ്മീഷൻ ആക്ട് അനുസരിച്ച് ഒരു കോടതി മുമ്പാകെ നിലവിലുള്ള സംഗതി.

ഡി. ആരോപണ വിധേയമായ സംഗതി സംഭവിച്ച തീയതിക്കുശേഷം 3 വർഷം കഴിഞ്ഞ് നൽകുന്ന പരാതി (എന്നാൽ പരാതി നൽകാൻ കഴിയാതെ പോയതിന് മതിയായ കാരണം ഉണ്ടെങ്കിൽ പരാതി സ്വീകരിക്കാം.)

പരാതി നൽകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- പരാതി അനുബന്ധത്തിലുള്ള ഫോറം എ-യിൽ നൽകണം.
- 10 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിപ്പിക്കണം.
- പരാതിയുടെയും ബന്ധപ്പെട്ടവർക്ക് ഇതു സംബന്ധിച്ച് നൽകിയ മുൻ പരാതികളുടെ പകർപ്പുകളുടെയും 4 കോപ്പികളും + എത്ര എതിർ കക്ഷികളുണ്ടോ അത്രയും പകർപ്പുകളും നൽകണം.
- പരാതിയിൽ പറയുന്ന കാര്യങ്ങൾ ശരിയും സത്യവും ആണെന്ന സത്യപ്രസ്താവന ഉണ്ടായിരിക്കണം.

- പരാതി ഓംബുഡ്സ്മാനോ ഓംബുഡ്സ്മാന്റെ സെക്രട്ടറിക്കോ നേരിട്ടോ തപാൽ മുഖേനയോ അയയ്ക്കാം.
- നിയമത്തിലേയും ചട്ടത്തിലേയും വ്യവസ്ഥകൾ പാലിച്ചിട്ടില്ലാത്ത പരാതികൾ പരിഗണിക്കുന്നതല്ല.
- പരാതി ന്യൂനതകൾ ചൂണ്ടിക്കാട്ടി തിരിച്ചു ലഭിച്ചാൽ അത് ലഭിച്ച് 15 ദിവസത്തിനകം വീണ്ടും സമർപ്പിക്കണം.

ഫോറം - എ

(7-ാം ചട്ടം കാണുക)

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (1994- ലെ 13) 271 ജി വകുപ്പ് പ്രകാരം രൂപീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ മുമ്പാകെ.

പരാതി നമ്പർ:

പേരും മേൽവിലാസവും :പരാതിക്കാരൻ

പേരും മേൽവിലാസവും: എതിർകക്ഷി / കക്ഷികൾ

1. പരാതിക്കാരന്റെ പേര് :
2. അച്ഛന്റെയോ/ഭർത്താവിന്റെയോ പേര് :
3. (എ) വയസ്സ് :

   (ബി) ഉദ്യോഗം :
4. സ്ഥിരം മേൽവിലാസം :

   (ബി) വീട്ടുപേര് / നമ്പർ :

   (സി) വില്ലേജ് :

   (ഡി) പോസ്റ്റോഫീസ് :

   (ഇ) താലൂക്ക് :

   (എഫ്) ജില്ല :
5. പരാതിയുടെ സ്വഭാവവും

വിശദീകരണങ്ങളും വിശദാംശവും :

6. പരാതിയെ സംബന്ധിക്കുന്ന വസ്തുതകൾ

അറിയാമെന്ന് പരാതിക്കാരൻ കരുതുകയും

ഓംബുഡ്സ്മാൻ ആഗ്രഹിക്കുകയും ചെയ്യുന്ന

വ്യക്തികളുടെ (അങ്ങനെ ഉണ്ടെങ്കിൽ)

പേരും മേൽവിലാസവും:

7. പരാതിയോടൊപ്പം വെച്ചിട്ടുള്ള രേഖകളുടെ വിവരണം

1	5
2	6
3	7
4	8

സ്ഥലം:

തീയതി:

പരാതിക്കാരന്റെ ഒപ്പ്:

മുകളിൽ കൊടുത്തിരിക്കുന്ന കാര്യങ്ങൾ എന്റെ അറിവിലും ഉത്തമ വിശ്വാസത്തിലും സത്യവും ശരിയുമാണെന്ന് ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.

ഒപ്പ്:

തീയതി:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ

പഞ്ചായത്ത് രാജ് ആക്ടിലെ 271 N (എസ്) വകുപ്പ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി ഒരു ട്രൈബ്യൂണൽ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തീരുമാനങ്ങൾക്കെതിരായി അപ്പീൽ, റിവിഷൻ എന്നിവ പരിഗണിക്കുന്നതിനും തീർപ്പ് കൽപ്പിക്കുന്നതിനും ട്രൈബ്യൂണലിന് അധികാരമുണ്ട്. പഞ്ചായത്തുകൾ തമ്മിലും

പഞ്ചായത്തുകളും സർക്കാരും തമ്മിലുള്ള തർക്കങ്ങൾ പരിഗണിച്ച് സർക്കാരിലേയ്ക്ക് അഭിപ്രായം അറിയിക്കുന്നതിനും ട്രൈബ്യൂണലിന് അധികാരമുണ്ട്. പഞ്ചായത്തുകൾ തമ്മിലും പഞ്ചായത്തുകളും സർക്കാരും തമ്മിലുള്ള തർക്കങ്ങൾ പരിഗണിച്ച് സർക്കാരിലേയ്ക്ക് അഭിപ്രായം അറിയിക്കുന്നതിനും ട്രൈബ്യൂണലിന് അധികാരം നൽകിയിരിക്കുന്നു. ജില്ലാ ജഡ്ജിയുടെ പദവിയിലുള്ള ഒരു ന്യായാധിപ നായിരിക്കണം ഈ ട്രൈബ്യൂണൽ.

ട്രൈബ്യൂണലിന്റെ അധികാരങ്ങൾ

- ഒരു കേസ് വിചാരണ ചെയ്യുമ്പോൾ 1908-ലെ സിവിൽ നടപടി നിയമപ്രകാരം സിവിൽ കോട തിയിൽ നിക്ഷിപ്തമായിരിക്കുന്ന അതേ അധികാരങ്ങൾ.
- ട്രൈബ്യൂണലിന്റെ മുമ്പാകെയുള്ള ഏതൊരു നടപടിയും ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 193, 228 വകുപ്പുകളുടെ അർത്ഥ വ്യാപ്തിക്കുള്ളിലുള്ള ഒരു നീതിന്യായ നടപടിയായി കരുതണം.
- 1999-ലെ ട്രൈബ്യൂണൽ ചട്ടത്തിലെ 8-ാം ചട്ടം പ്രകാരം നികുതികൾ ഫീസുകൾ തുടങ്ങിയ 24 ഇനങ്ങളിൽ അപ്പീൽ/റിവിഷൻ കേൾക്കുന്നതിനും തീരുമാനം എടുക്കുന്നതിനും ട്രൈബ്യൂണ ലിന് അധികാരം ഉണ്ട്.

ട്രൈബ്യൂണലിന് ഹർജി നൽകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- നികുതി സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനത്തിനെതിരെയുള്ള അപ്പീൽ.
- കെട്ടിടനിർമ്മാണം സംബന്ധിച്ചുള്ള വകുപ്പുകൾ 235 ഐ.ജെ.എസ് പട്ടിക പ്രകാരം പഞ്ചായ ത്തിന്റെ മറ്റേതെങ്കിലും ഉത്തരവിന്മേലോ നോട്ടീസിന്മേലോ ഉള്ള അപ്പീൽ.
- ഹർജിയുടെയും ബന്ധപ്പെട്ട രേഖകളുടെയും സാക്ഷ്യപ്പെടുത്തിയ ഓരോ പകർപ്പും 50 രൂപ യുടെ ബാങ്ക് ഡ്രാഫ്റ്റും അയയ്ക്കണം. എതിർ കക്ഷികളുടെ എണ്ണം അനുസരിച്ച് അത്രയും പകർപ്പുകൾ കൂടി നൽകണം.
- അപ്പീൽ സാധാരണ ഗതിയിൽ 30 ദിവസത്തിനകം മതിയായ കാരണം ഉണ്ടെങ്കിൽ 30 ദിവസ ത്തിനുശേഷവും തദ്ദേശഭരണ സ്ഥാപനങ്ങളിൽ 60 ദിവസത്തിനകം തീർപ്പാകാത്ത സംഗതിക ളിൽ 90 ദിവസത്തിനകവും സമർപ്പിക്കേണ്ടതാണ്.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് അധികാരം ഉണ്ടായിരിക്കും.

പൗരാവകാശ രേഖ: പരാതിപരിഹാര സംവിധാനങ്ങളും തുടർ പ്രവർത്തനങ്ങളും

തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് പൗരാവകാശ രേഖയിൽ പ്രഖ്യാപനം ചെയ്ത സേവനങ്ങൾ സമയപരിധിക്കുള്ളിൽ പൗരന്മാർക്ക് ലഭിക്കുന്നില്ലെങ്കിൽ താഴെ പറയുന്ന പരാതി പരിഹാര സംവിധാ നങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.

1. എല്ലാ സ്ഥാപനങ്ങളിലും നൽകുന്ന പരാതികൾ/അപേക്ഷകൾക്ക് അപ്പോൾത്തന്നെ കൈപ്പറ്റ് രസീത് നൽകുന്നതാണ്.
2. സേവനം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ലഭ്യമാകുന്നില്ലെങ്കിൽ ആയതിന് ഉത്തരവാദിത്ത പ്പെട്ട ഉദ്യോഗസ്ഥനെ കാണുക. സേവനം ലഭ്യമാകാത്ത പക്ഷം തൊട്ടതുത്ത മേലധികാരി യേയോ പ്രസിഡന്റിനേയോ നേരിട്ട് സമീപിക്കുകയോ ഫോൺ/കത്ത് വഴി വിവരം അറിയി ക്കുകയോ ചെയ്യുക.
3. കേരള പഞ്ചായത്ത് രാജ് നിയമം/ ചട്ടങ്ങൾ പ്രകാരം അപ്പീൽ നൽകാവുന്ന കാര്യങ്ങളിൽ അപ്പീൽ അധികാരിക്ക് അപ്പീൽ നൽകാവുന്നതാണ്.
4. സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിലുള്ള പരാതിപരിഹാര സമിതികൾ എന്നിവ പരാതി പരിഹാര/ മേൽനോട്ട സംവിധാനമായി പ്രവർത്തിക്കുന്നത്.
5. കോടതി പരിഗണനയിൽ വരുന്നവ ഒഴികെയുള്ള, സാധ്യമായ പരാതികളിലെല്ലാം ഭരണസ മിതി അന്തിമതീർപ്പ് കല്പിക്കുന്നതാണ്.
6. പൗരന്മാർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണൽ എന്നിവ പരാതി പരിഹാരത്തിന് ഉപയോഗപ്പെടു ത്താവുന്നതാണ്.
7. ഇതിന്റെ തുടർച്ചായി സ്ഥാപന തലത്തിൽ പൗരാവകാശ രേഖ തയ്യാറാക്കുന്നതാണ്.
8. നിർദ്ദിഷ്ട സേവനം നൽകാൻ സാധിക്കാത്ത അപേക്ഷകൾ പരിശോധിച്ചശേഷം 3 ദിവസ ത്തിനകം തിരിച്ചയയ്ക്കാവുന്നതാണ്.

തുടർ പ്രവർത്തനങ്ങൾ

1. എല്ലാ സ്ഥാപനങ്ങളിലും ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനാ പ്രതിനിധി കൾ എന്നിവരുൾപ്പെടുന്ന സ്ഥാപനത്തിലെ മാനേജ്മെന്റ്/വികസന സമിതികൾ രൂപീകരി ക്കുന്നതാണ്. കമ്മിറ്റി യോഗങ്ങൾ നിശ്ചിത ദിവസം ചേരുന്നതും ആ വിവരം മുൻകൂട്ടി പ്രസി ദ്ധപ്പെടുത്തുന്നതാണ്.
2. സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിൽ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി പരാതി പരിഹാര സമിതികൾ രൂപീകരിക്കുന്നതാണ്.
3. അതാത് സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന സേവനങ്ങൾ സംബന്ധിച്ച ബോർഡ് സ്ഥാപന ങ്ങളിൽ സ്ഥാപിക്കുന്നതാണ്.
4. ജീനവക്കാരുടെ ഹാജർ ബോർഡുകൾ എല്ലാ സ്ഥാപനങ്ങളിലും പൊതുജനങ്ങൾ കാണത്ത ക്കവണ്ണം സ്ഥാപിക്കുന്നതാണ്.
5. സ്ഥാപനങ്ങളിൽ നിന്നുള്ള അറിയിപ്പുകൾ, ആനുകൂല്യങ്ങൾ സംബന്ധിച്ച വാർത്തകൾ എന്നിവ പൊതുജനങ്ങളെ അറിയിക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളിലും വാർത്താ ബോർഡുകൾ സ്ഥാപിക്കുന്നതാണ്.
6. എല്ലാ സ്ഥാപനങ്ങളിലും പരാതി/നിർദ്ദേശപ്പെട്ടി സ്ഥാപിക്കുന്നതാണ്. ഇത് മുൻകൂട്ടി നിശ്ച

യിച്ച് ദിവസം പൊതുജനങ്ങളുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരാതികളുടെ വിവരങ്ങൾ രജിസ്റ്റ റിൽ രേഖപ്പെടുത്താവുന്നതാണ്.

7. എല്ലാ സ്ഥാപനങ്ങളിലും സേവന അന്വേഷണ/സഹായ കൗണ്ടർ ആരംഭിക്കുന്നതാണ്.
8. പ്രസിഡന്റിന്റെ നേതൃത്വത്തിൽ എല്ലാ മാസവും മുൻകൂട്ടി നിശ്ചയിക്കുന്ന ഒരു ദിവസം പരാ തിപരിഹാര അദാലത്ത് നടത്തുന്നതാണ്. തീയതി പത്ര, ദൃശ്യമാധ്യമങ്ങൾ മുഖേന പ്രസിദ്ധപ്പെ ടുത്തുന്നതാണ്.
9. എല്ലാ സ്ഥാപനങ്ങളിലും അപേക്ഷ ഫോറങ്ങളുടെ മാതൃക ലഭ്യമാക്കുന്നതാണ്.

സാമൂഹ്യ ക്ഷേമ - സുരക്ഷാ പദ്ധതികൾ

- ❖ കർഷക തൊഴിലാളി പെൻഷൻ
- ❖ വാർദ്ധക്യകാല പെൻഷൻ
- ❖ ദേശീയ മാതൃസഹായ പദ്ധതി
- ❖ വിധവകൾക്കും വിവാഹമോചിതർക്കും ഉള്ള അഗതി പെൻഷൻ
- ❖ സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം
- ❖ വികലാംഗ പെൻഷൻ
- ❖ അവിവാഹിതർക്കുള്ള പെൻഷൻ
- ❖ തൊഴിൽ രഹിത വേതനം
- ❖ പൊതുവായ നടപടിക്രമങ്ങൾ

പഞ്ചായത്തീരാജ് സംവിധാനത്തിന് മുൻപ് വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കി വന്നിരുന്ന ക്ഷേമസുരക്ഷാപദ്ധതികളെല്ലാം പഞ്ചായത്തീരാജ് നിയമപ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാ റുകയുണ്ടായി. സമൂഹത്തിലെ അശരണരും ആലംബഹീനരുമായ നിർദ്ധനർക്ക് സഹായം എത്തി ക്കുന്ന ഈ പദ്ധതികളുടെ പ്രയോജനം അർഹരായ മുഴുവൻ പേർക്കും ലഭിക്കുന്നു എന്നു ഉറപ്പുവരു ത്തേണ്ടത് പഞ്ചായത്തുകളുടെ ധാർമ്മികമായ ബാദ്ധ്യതയാണ്.

പദ്ധതികൾ

1. കർഷകതൊഴിലാളി പെൻഷൻ.
2. ദേശീയ വാർദ്ധക്യകാല പെൻഷൻ (കേന്ദ്ര ഗവൺമെന്റ് സഹകരണത്തോടെ).
3. ദേശീയ മാതൃസഹായ പദ്ധതി (കേന്ദ്ര ഗവൺമെന്റ് സഹകരണത്തോടെ).
4. സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം.
5. വികലാംഗർക്കും അംഗവൈകല്യം സംഭവിച്ചവർക്കും മന്ദബുദ്ധികളായവർക്കും ഉള്ള പ്രത്യേക പെൻഷൻ.
6. 50 വയസ്സുകഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധതി.
7. തൊഴിൽരഹിത വേതനം.